
VOL NO: 06 I ISSUE 43
www.nerpatham.com
mail@nerpatham.com
2022 OCTOBER 22 I ₹10

# നേർപഥം

വാരിക

300th ISSUE



## അന്ധവിശ്വാസങ്ങൾ അവസാനിക്കണമെങ്കിൽ

അന്ധവിശ്വാസവും അതിരില്ലാത്ത ധനമോഹവും മനുഷ്യനെ എത്രത്തോളം അധമാവസ്ഥയിലെത്തിക്കുമെന്നതിന്റെ നേർസാക്ഷ്യമാണ് നരബലിയുടെ പേരിൽ കേരളത്തിൽ നടന്ന ഇരട്ടക്കൊലപാതകങ്ങൾ. മതനിരാസവും ദൈവനിഷേധവും ആദർശമായി സ്വീകരിച്ചവരാണ് ഇത്തരം ദുർവൃത്തിയുടെ മുഖ്യ സൂത്രധാരകർ എന്നത് കുറ്റകൃത്യങ്ങളിൽ മതം ചികയുന്നവരെ ഇരുത്തിച്ചിന്തിപ്പിക്കേണ്ടതാണ്.


# നരബലിയുടെ ദാർശനികമാനങ്ങൾ

|| അധഃപതനത്തിന്റെ കാരണം തേടുമ്പോൾ

|| അടിമത്തം ഉളവാക്കുന്ന ലഹരിപദാർഥങ്ങൾ

|| ജനസംഖ്യാവർധനവും അനാവശ്യവിവാദങ്ങളും

# പുറത്തിറങ്ങി...




WISDOM BOOKS
PUBLISHING II DISTRIBUTION
Wisdom Books I E.K.P Building I Calicut
Web: www.wisdomislam.org I Email: publication@wisdomislam.org
0495 4019437 9207525244

## പുതിയ പുസ്തകങ്ങൾ

| | |
|---|---|
| 01. പ്രകാശം പരത്തിയ പ്രവാചകന്മാർ / ഭാഗം 4 | ഹുസൈൻ സലഫി |
| 02. സുരക്ഷിതത്വം സമൂഹം ഇസ്‌ലാം | ഉസ്മാൻ പാലക്കാഴി |
| 03. മുഹമ്മദ് നബി(സ്വ) ചരിത്ര സംഗ്രഹം | അബ്ദുല്ലത്തീഫ് സുല്ലമി മാറഞ്ചേരി |
| 04. വീക്ഷണ വ്യത്യാസങ്ങൾ നേരായ സമീപനം | കുഞ്ഞിമുഹമ്മദ് മദനി പറപ്പൂർ |
| 05. പ്രകാശം പരത്തിയ പ്രവാചകന്മാർ / ഭാഗം 3 | ഹുസൈൻ സലഫി |
| 06. ഐ.എസിന്റെ മതമേത്? | അബ്ദുൽ മാലിക് സലഫി |
| 07. പ്രവാചക കുടുംബവും സ്വഹാബത്തും | വിവർത്തനം: പി.എൻ.അബ്ദുല്ലത്തീഫ് മദനി |
| 08. ഇബാദത്ത്: അർഥവും വ്യാഖ്യാനവും | അൻവർ അബൂബക്കർ |
| 09. പൗരത്വ നിഷേധവും ഇസ്‌ലാമിക സമൂഹവും | സിറാജുൽ ഇസ്‌ലാം ബാലുശ്ശേരി |
| 10. മഹാമാരി: 100 കർമശാസ്ത്ര വിധികൾ | ഫൈസൽ മൗലവി പുതുപ്പറമ്പ് |
| 11. പൗരത്വം, ഫാഷിസം, മതനിരപേക്ഷത | ഡോ. കെ.ഇ.എൻ / ഡോ. സി മുഹമ്മദ് റാഫി |
| 12. വിശ്വാസ കാര്യങ്ങൾ, ഭാഗം: ഒന്ന് / അല്ലാഹു | ഉമർകോയ മദീനി |
| 13. ഉത്തമ സ്വഭാവങ്ങൾ | അബ്ദുൽ ജബ്ബാർ മദീനി |
| 14. പ്രാർഥനയുടെ അത്ഭുതങ്ങൾ | സഅഫർ സ്വാദിഖ് മദീനി |

0300

# നേർപഥം

വാരിക

2022 ഒക്ടോബർ 22
1444 റബീഉൽ അവ്വൽ 25
പുസ്തകം 06 / ലക്കം 43






Printed, published & owned by
K. Sajjad

Printed at
Sprint Offset Printers,
Kozhikode

Published at
Kozhikod - 673002

Managing Editor:
Nasir Balusseri

Editor:
Usman Palakkazhi

Chief Editor:
Anil Primrose

Web Editor:
Haseeb Elayur

Cover:
Riyas & Anil

Design & Layout:
Musthafa Mannarottil

Nerpatham Weekly
PB No: 597
EKP Complex, Kallai Road
Kozhikkode 2, Kerala,India
Ph: 0495 4019437
mail@nerpatham.com
www.nerpatham.com
Facebook: www.facebook.com/
nerpatham weekly



കവർ സ്റ്റോറി
10



നരബലിയുടെ
ദാർശനികമാനങ്ങൾ
മുജീബ് ഒട്ടുമ്മൽ
:9744431890

05
മുഖമൊഴി
അധഃപതനത്തിന്റെ
കാരണം തേടുമ്പോൾ

06
ലേഖനം
വിശ്വാസിയും
വിജ്ഞാനവും
ജൗസൽ സി.പി

09
ഹദീസ് പാഠം
വിശ്വാസദാർഢ്യതയുടെ
അടയാളം
ഉസ്മാൻ പാലക്കാഴി

18
ലേഖനം
ഏറ്റവും വലിയ
അനുഗ്രഹം
ശമീർ മദീനി

22
ആരോഗ്യപഥം
അടിമത്തം ഉളവാക്കുന്ന
ലഹരിപദാർഥങ്ങൾ
ഡോ. മുനവ്വർ

24
നിയമപഥം
നമ്മുടെ രാജ്യത്തെ കോടതികൾ
അബൂആദം അയ്മൻ

26
ലേഖനം
അന്ധവിശ്വാസങ്ങൾ
അവസാനിക്കണമെങ്കിൽ
ശരീഫ് കാര

29
പാരന്റിംഗ്
കുട്ടികളുടെ
മാനസിക വളർച്ച
അശ്റഫ് എകരൂൽ

31
ക്വുർആൻ ദർശനം
അദ്ദുഖാൻ (പുക)
അബ്ദുർറഹ്മാനുബ്നു
നാസിറുസ്സഅ്ദി

34
കാഴ്ച
ജനസംഖ്യാവർധനവും
അനാവശ്യവിവാദങ്ങളും
ടി.കെ അശ്റഫ്

ചലനങ്ങൾ

# നരബലി: ആഭിചാരക്കാരെ നിയമത്തിനു മുന്നിൽ കൊണ്ടുവരണം: വിസ്ഡം യൂത്ത്

കൽപറ്റ: സംഹാരവും നശീകരണവും വിദ്വേഷവും മാത്രം ലക്ഷ്യമാക്കി പ്രവർത്തിക്കുന്ന ആഭിചാരക്കാരെയും അവരുടെ കേന്ദ്രങ്ങളെയും നിയമത്തിന് മുന്നിൽ കൊണ്ടുവരണമെന്ന് വിസ്ഡം യൂത്ത് സംസ്ഥാന സമിതി അടുത്ത വർഷം ജനുവരി 28, 29 തീയതികളിൽ സംഘടിപ്പിക്കാൻ പോകുന്ന 'പ്രൊഫെയ്സ്' പ്രൊഫഷണൽ കുടുംബസംഗമത്തിന്റെ ഭാഗമായി സംഘടിപ്പിച്ച വയനാട് ജില്ലാ പ്രചാരണ സംഗമം അഭിപ്രായപ്പെട്ടു.

സംസ്ഥാനത്തിന്റെ പല ഭാഗങ്ങളിലായി നടന്നുകൊണ്ടിരിക്കുന്ന ആത്മീയ ചികിൽസാ കേന്ദ്രങ്ങൾ ആത്മീയതയുടെ മറവിലെ തട്ടിപ്പുകേന്ദ്രങ്ങളാണ്. അവയെ സാമൂഹിക വിചാരണക്ക് വിധേയമാക്കണം.

ആരോഗ്യരംഗത്ത് വർഷങ്ങളോളം പഠനവും ഗവേഷണവും നടത്തിയ, പ്രാവീണ്യമുള്ള ഡോക്ടർമാർക്ക് പോലും രജിസ്ട്രേഷനും നിയന്ത്രണങ്ങളും ഏർപെടുത്തിയിട്ടും ഇത്തരം ആത്മീയ തട്ടിപ്പുചികിത്സകരെ കയറൂരി വിടുന്നത് സാമൂഹിക പ്രത്യാഘാതമുണ്ടാക്കുമെന്നും സംഗമം അഭിപ്രായപ്പെട്ടു.

വായനക്കാർ എഴുതുന്നു

## കുഞ്ഞുങ്ങൾക്ക് അമ്മിഞ്ഞപ്പാൽ നിഷേധിക്കരുത്

'നേർപഥം' ലക്കം 299ൽ ഡോ. യാസ്മിൻ എം അബ്ബാസ് എഴുതിയ 'മുലയൂട്ടുന്ന മാതാക്കളോട്' എന്ന ലേഖനം ഏറെ ഉപകാരപ്രദമായിരുന്നു. കുഞ്ഞുങ്ങളെ മുലയൂട്ടുന്നതിൽ വിമുഖത കാണിക്കുന്ന മാതാക്കളുടെ എണ്ണം വർധിച്ചുവരികയാണിന്ന്. സൗന്ദര്യത്തിന് ഇടിവുതട്ടുമെന്ന് ഭയന്നാണ് പലരും ഇതിനു മുതിരുന്നത്. വ്യത്യസ്ത പേരുകളിൽ കുട്ടികൾക്കായി വിപണയിൽ ലഭ്യമായ 'പൊടി'കൾ കലക്കിക്കൊടുത്താൽ കുട്ടികൾ തടിച്ചുകൊഴുക്കുമെന്നാണ് പല ഉമ്മമാരും കരുതുന്നത്. അവരുടെ തെറ്റായ ധാരണകൾ തിരുത്തുവാനും മറ്റു പല അനിവാര്യമായ കാര്യങ്ങൾ മനസ്സിലാക്കുവാനും പ്രസ്തുത ലേഖനം ഉപകരിക്കുമെന്നതിൽ സംശയമില്ല.

കേവലം കുഞ്ഞിന്റെ വിശപ്പകറ്റുക എന്നതിലുപരി മുലയൂട്ടൽ എന്നതിന് ഒരുപാട് അർഥതലങ്ങളുണ്ട്. മുലയൂട്ടുന്നത് അമ്മയുടെയും കുഞ്ഞിന്റെയും മാനസികമായ അടുപ്പത്തിനും കുഞ്ഞിന്റെ വളർച്ചയ്ക്കും രോഗപ്രതിരോധ ശേഷിക്കും അത്യാവശ്യമാണ്. എങ്കിലും പല കാരണങ്ങൾ കൊണ്ടും മുലയൂട്ടുന്നതിൽ വേണ്ടത്ര കണിശത പുലർത്താത്ത മാതാക്കൾ ഇന്ന് ധാരാളമാണ്. അത്തരക്കാർ തീർച്ചയായും വായിക്കേണ്ടതാണ് ഈ ലേഖനം.

**സുമയ്യ ബിൻത് കാസിം,**
**തിരൂർ**

## അനീതിയുടെ തടവറ ജീവിതങ്ങൾ

മുജീബ് ഒട്ടുമ്മൽ എഴുതിയ 'അനീതിയുടെ തടവറ ജീവിതങ്ങൾ' എന്ന ലേഖനം സാന്ദർഭികമായി. ഭീകര-തീവ്രവാദ പ്രവർത്തനങ്ങൾ തടയിടപ്പെടേണ്ടവ തന്നെയാണ്. അതിനായി നിയമനിർമാണം നടത്തുകയും ചെയ്യാം. എന്നാൽ അത്തരം നിയമങ്ങൾ നിരപരാധികളുടെ ജീവിതത്തെ ഇരുട്ടിലാക്കുന്നതായിക്കൂടാ; രാഷ്ട്രീയമായ പകപോക്കലിന് ഉപയോഗിക്കപ്പെട്ടുകൂടാ.

ഇത്തരം നിയമങ്ങളുടെ പേരിൽ ധാരാളം നിരപരാധികളെ ജയിലിലടച്ച് പീഡിപ്പിച്ചിട്ടുണ്ട്. ആയിരക്കണക്കിനാളുകൾ ജാമ്യം പോലും നിഷേധിക്കപ്പെട്ട് ജയിലറകൾക്കുള്ളിൽ കഴിയുന്നുണ്ട്. എന്തിനാണ് തങ്ങൾ അറസ്റ്റ് ചെയ്യപ്പെട്ടതെന്നോ തങ്ങൾക്കെതിരെയുള്ള കേസുകൾ എന്താണെന്നോ പോലും അറിയാനാകാതെ പോലീസിന്റെ പീഡനങ്ങളേൽക്കേണ്ടി വന്നവരുണ്ട്. ഇതിനെല്ലാം അറുതിയുണ്ടാകുന്ന കാലം വരുമെന്ന് പ്രത്യാശിക്കാം.

**കെ. എം മുഹമ്മദ് ഷാഹിദ്,**
**എറണാകുളം**

# അധഃപതനത്തിന്റെ കാരണം തേടുമ്പോൾ

മനുഷ്യനെ സൃഷ്ടിക്കുകയും അവന് ജീവിതവും മരണവും നിശ്ചയിക്കുകയും ചെയ്ത പ്രപഞ്ചനാഥൻ നിരവധി സ്വഭാവ വൈവിധ്യങ്ങളോട് കൂടിയാണ് മനുഷ്യപ്രകൃതിയെ സംവിധാനിച്ചിട്ടുള്ളത്. ഒരു ജീവിയെന്ന നിലയിൽ മനുഷ്യനിൽ സഹജമായി നിലകൊള്ളുന്ന പല ശീലങ്ങളെയും സ്വഭാവങ്ങളെയും മറികടന്നുകൊണ്ടും അവയെ അടിച്ചമർത്തിക്കൊണ്ടും മുന്നോട്ടു പോവുക സാധ്യമല്ല. എന്നാൽ അവയെ നിയന്ത്രിക്കുകയും നിയമവിധേയവും സ്രഷ്ടാവിന്റെ താൽപര്യാനുസൃതവും വിനിയോഗിക്കുകയും ചെയ്തുകൊണ്ട് തന്റെ ജീവിതത്തെ മുന്നോട്ട് നയിക്കുവാൻ മനുഷ്യൻ ബാധ്യസ്ഥനാണ് എന്ന് വിശുദ്ധ ക്വുർആൻ മാനവരാശിയെ പഠിപ്പിക്കുന്നു. വിശുദ്ധ ക്വുർആൻ പറയുന്നു:

"ആകയാൽ (സത്യത്തിൽ) നേരെ നിലകൊള്ളുന്നവനായിട്ട് നിന്റെ മുഖത്തെ നീ മതത്തിലേക്ക് തിരിച്ചു നിർത്തുക. അല്ലാഹു മനുഷ്യരെ ഏതൊരു പ്രകൃതിയിൽ സൃഷ്ടിച്ചിരിക്കുന്നുവോ ആ പ്രകൃതിയത്രെ അത്. അല്ലാഹുവിന്റെ സൃഷ്ടി വ്യവസ്ഥക്ക് യാതൊരു മാറ്റവുമില്ല. അതത്രെ വക്രതയില്ലാത്ത മതം. പക്ഷേ, മനുഷ്യരിൽ അധികപേരും മനസ്സിലാക്കുന്നില്ല"(30:30).

പ്രകൃതിയുമായുള്ള ഇണക്കം ഇസ്‌ലാമിന്റെ സഹജഗുണമാണെന്നും അത് മനുഷ്യന് അനിവാര്യമായ മാർഗദർശനമാണെന്നും ഈ സൂക്തം ചൂണ്ടിക്കാണിക്കുന്നു. മനുഷ്യന്റെ പ്രകൃതിയുമായി ഇസ്‌ലാം പുലർത്തുന്ന ഈ ബന്ധത്തെ നിഷേധിക്കുകയും ഇസ്‌ലാമിനെ ജീവിത മാർഗമായി സ്വീകരിക്കാതിരിക്കുകയും ചെയ്യുന്നത് നിരർഥകമായ നിലപാടാണ്.

"(നിങ്ങൾ) അവങ്കലേക്ക് തിരിഞ്ഞവരായിരിക്കുകയും അവനെ സൂക്ഷിക്കുകയും നമസ്കാരം മുറപോലെ നിർവഹിക്കുകയും ചെയ്യുക. നിങ്ങൾ ബഹുദൈവാരാധകരുടെ കൂട്ടത്തിലായിപ്പോകരുത്. അതായത് തങ്ങളുടെ മതത്തെ ഛിന്നഭിന്നമാക്കുകയും പല കക്ഷികളായി തിരിയുകയും ചെയ്തവരുടെ കൂട്ടത്തിൽ. ഓരോ കക്ഷിയും തങ്ങളുടെ പക്കലുള്ളതിൽ സന്തോഷമടയുന്നവരത്രെ" (30: 31,32).

മനുഷ്യപ്രകൃതിയിലെ സവിശേഷതകളും ഗുണങ്ങളുമെല്ലാം ഏകദൈവാദർശത്തിന്റെ അനിവാര്യത എന്ന സാക്ഷ്യത്തെയാണ് പ്രതിനിധാനം ചെയ്യുന്നത്.

"നിന്റെ രക്ഷിതാവ് ആദം സന്തതികളിൽനിന്ന്, അവരുടെ മുതുകുകളിൽനിന്ന് അവരുടെ സന്താനങ്ങളെ പുറത്ത് കൊണ്ടുവരികയും, അവരുടെ കാര്യത്തിൽ അവരെ തന്നെ അവൻ സാക്ഷി നിർത്തുകയും ചെയ്തു. സന്ദർഭവും (ഓർക്കുക). (അവൻ ചോദിച്ചു:) 'ഞാൻ നിങ്ങളുടെ രക്ഷിതാവല്ലയോ?' അതെ, ഞങ്ങൾ സാക്ഷ്യം വഹിച്ചിരിക്കുന്നു. തീർച്ചയായും ഞങ്ങൾ ഇതിനെ പറ്റി ശ്രദ്ധയില്ലാത്തവരായിരുന്നു എന്ന് ഉയർത്തെഴുന്നേൽപിന്റെ നാളിൽ നിങ്ങൾ പറഞ്ഞേക്കും എന്നതിനാലാണ് അങ്ങനെ ചെയ്തത്"(7:172).

വികലമനസ്കനല്ലാത്ത ഏതൊരു മനുഷ്യനും തുറന്നു സമ്മതിക്കും; ഞാൻ എങ്ങനെയോ അങ്ങ് ഉണ്ടായതല്ല; പ്രത്യുത സർവജ്ഞനും സർവശക്തനുമായ സൃഷ്ടികർത്താവ് വിസ്മയകരമാം വിധം തന്നെ സംവിധാനിച്ചിരിക്കുകയാണെന്ന്. ഈ തിരിച്ചറിവാണ് പ്രധാനം. അതില്ലാത്തവരാണ് സർവശക്തനിൽ അഭയം തേടേണ്ടതിനു പകരം സർവശക്തന്റെ ദുർബലരായ സൃഷ്ടികളിൽ അഭയം തേടുന്നത്. ജാറങ്ങളിലും ദർഗകളിലും ചെന്ന് സാഷ്ടാംഗം വീഴുന്നത്. ദിവ്യവേഷം കെട്ടി തട്ടിപ്പിനിരിക്കുന്നവരുടെ ചൂഷണത്തിന് വിധേയരായി ആരോഗ്യവും മാനവും പണവും നഷ്ടപ്പെട്ടവരുടെ വാർത്തകൾ എത്ര കേട്ടാലും ഇത്തരക്കാരിൽ അതൊന്നും സ്വാധീനം ചെലുത്തില്ല. ഇവരിൽ ആണും പെണ്ണുമുണ്ട്. വിദ്യാസമ്പന്നരും പാമരരുമുണ്ട്. ധനാഢ്യരും ദരിദ്രരുമുണ്ട്. അല്ലാഹുവിന്റെ പാശം കൈവിട്ടാൽ ആരും അധഃപതിച്ചുപോകും എന്നർഥം.



# വിശ്വാസിയും വിജ്ഞാനവും

ജൗസൽ സി.പി
jauzalcp@gmail.com

വിജ്ഞാനം കരസ്ഥമാക്കുന്നതിനെ വളരെയധികം പ്രോത്സാഹിപ്പിച്ച മതമാണ് ഇസ്‌ലാം. ആദ്യമായി അവതരിക്കപ്പെട്ട വിശുദ്ധ ക്വുർആൻ സൂക്തങ്ങൾതന്നെ അതിലേക്ക് വിരൽചൂണ്ടുന്നതാണ്:

"സൃഷ്ടിച്ചവനായ നിന്റെ രക്ഷിതാവിന്റെ നാമത്തിൽ വായിക്കുക. മനുഷ്യനെ അവൻ ഭ്രൂണത്തിൽ നിന്ന് സൃഷ്ടിച്ചിരിക്കുന്നു. നീ വായിക്കുക, നിന്റെ രക്ഷിതാവ് ഏറ്റവും വലിയ ഔദാര്യവാനാകുന്നു. പേനകൊണ്ട് പഠിപ്പിച്ചവൻ. മനുഷ്യന് അറിയാത്തത് അവൻ പഠിപ്പിച്ചിരിക്കുന്നു" (96:1-5).

മതവിഷയങ്ങളിൽ അറിവുനേടൽ ഒരു വിശ്വാസിയുടെ ബാധ്യതയാണ്. അറിവുകളിൽ ശ്രേഷ്ഠമായത് മതപരമായ അറിവുകളാണ്. ഭൗതിക വിദ്യാഭ്യാസവും വിസ്മരിക്കേണ്ടതില്ല. എന്നാൽ ഭൗതിക വിദ്യാഭ്യാസത്തിന് മാത്രം പ്രാധാന്യം നൽകുകയും മതപരമായ അറിവ് നേടുന്നതിനെ അവഗണിക്കുകയും ചെയ്യുന്നതാണ് പ്രശ്നം.

മുആവിയ(റ)യിൽനിന്ന് നിവേദനം: റസൂൽ(സ്വ) പറഞ്ഞു: "അല്ലാഹു വല്ലവനും നന്മ ഉദ്ദേശിച്ചിട്ടുണ്ടെങ്കിൽ അവനെ ദീനിൽ അറിവുള്ളവനാക്കിതീർക്കും" (ബുഖാരി, മുസ്‌ലിം).

അല്ലാഹു പറയുന്നു: "എന്റെ രക്ഷിതാവേ, എനിക്കു നീ അറിവ് വർധിപ്പിച്ചു തരേണമേ എന്നു നീ പറയുകയും ചെയ്യുക" (ക്വുർആൻ 20:114).

"...പറയുക: അറിവുള്ളവരും അറിവില്ലാത്തവരും സമമാകുമോ? ബുദ്ധിമാൻമാർ മാത്രമെ ആലോചിച്ചു മനസ്സിലാക്കുകയുള്ളൂ" (ക്വുർആൻ 39:9).

"...നിങ്ങളിൽനിന്ന് വിശ്വസിച്ചവരെയും വിജ്ഞാനം നൽകപ്പെട്ടവരെയും അല്ലാഹു പല പടികൾ ഉയർത്തുന്നതാണ്..." (ക്വുർആൻ 58:11).

"...അല്ലാഹുവെ ഭയപ്പെടുന്നത് അവന്റെ ദാസൻമാരിൽനിന്ന് അറിവുള്ളവർ മാത്രമാകുന്നു..." (ക്വുർആൻ 35: 28)

**ഒരു ഹദീസ് പഠിക്കുന്നതിനായി മാത്രം ഒരു മാസം യാത്ര ചെയ്ത പണ്ഡിതന്മാർ മുൻകാലത്ത് ഉണ്ടായിരുന്നു. അറിവ് നേടുന്നതിന്റെ പ്രാധാന്യം അവർ അത്രമാത്രം ഉൾക്കൊണ്ടിരുന്നു. വിജ്ഞാനം നേടിയെടുക്കാനുള്ള സകല പരിശ്രമങ്ങളും സ്വർഗപ്രവേശനത്തിന് ഉതകുന്ന സൽകർമമായി ഇസ്‌ലാം പരിഗണിക്കുന്നു. അതിനുവേണ്ടി ഒരാൾ ചെലവഴിക്കുന്ന സമയവും ധനവും ആരോഗ്യവും മുഴുവൻ പുണ്യകർമമായി രേഖപ്പെടുത്തപ്പെടും. ഇന്ന് നമുക്ക് വളരെ എളുപ്പത്തിൽ ഏതു വിജ്ഞാനങ്ങളും നമ്മുടെ കയ്യിലുള്ള മൊബൈൽ ഫോണിലൂടെ വളരെ എളുപ്പത്തിൽ ലഭ്യമാകും എന്നിരിക്കെ, വിജ്ഞാനം ആർജിക്കാൻ ഒരാൾ പരിശ്രമിക്കുന്നില്ലെങ്കിൽ അത് എന്തുമാത്രം ബുദ്ധിശൂന്യതയാണ്! സോഷ്യൽ മീഡിയകളിൽ വെറുതെ സമയം പാഴാക്കാതെ വിജ്ഞാനം നേടാൻ ഒഴിവുസമയങ്ങൾ ഉപയോഗപ്പെടുത്തുന്നവരാണ് ബുദ്ധിമാന്മാർ.**

അബൂഹുറയ്‌റ(റ)യിൽനിന്ന് നിവേദനം, റസൂൽ(സ്വ) പറഞ്ഞു: "ആരെങ്കിലും വിജ്ഞാനം തേടി പുറപ്പെട്ടാൽ അല്ലാഹു അയാൾക്ക് സ്വർഗത്തിലേക്കുള്ള മാർഗം എളുപ്പമാക്കി കൊടുക്കുന്നതാണ്" (മുസ്‌ലിം)

ഒരു ഹദീസ് പഠിക്കുന്നതിനായി മാത്രം ഒരു മാസം യാത്രചെയ്ത പണ്ഡിതന്മാർ മുൻകാലത്ത് ഉണ്ടായിരുന്നു. അറിവ് നേടുന്നതിന്റെ പ്രാധാന്യം അവർ അത്രമാത്രം ഉൾക്കൊണ്ടിരുന്നു. വിജ്ഞാനം നേടിയെടുക്കാനുള്ള സകല പരിശ്രമങ്ങളും സ്വർഗപ്രവേശനത്തിന് ഉതകുന്ന സൽകർമമായി ഇസ്‌ലാം പരിഗണിക്കുന്നു. അതിനുവേണ്ടി ഒരാൾ ചെലവഴിക്കുന്ന സമയവും ധനവും ആരോഗ്യവും മുഴുവൻ പുണ്യകർമമായി രേഖപ്പെടുത്തപ്പെടും.

ഇന്ന് നമുക്ക് വളരെ എളുപ്പത്തിൽ ഏതു വിജ്ഞാനങ്ങളും നമ്മുടെ കയ്യിലുള്ള മൊബൈൽ ഫോണിലൂടെ വളരെ എളുപ്പത്തിൽ ലഭ്യമാകും എന്നിരിക്കെ, വിജ്ഞാനം ആർജിക്കാൻ ഒരാൾ പരിശ്രമിക്കുന്നില്ലെങ്കിൽ അത് എന്തുമാത്രം ബുദ്ധിശൂന്യതയാണ്! സോഷ്യൽ മീഡിയകളിൽ വെറുതെ സമയം പാഴാക്കാതെ വിജ്ഞാനം നേടാൻ ഒഴിവുസമയങ്ങൾ ഉപയോഗപ്പെടുത്തുന്നവരാണ് ബുദ്ധിമാന്മാർ.

അബൂഹുറയ്‌റ(റ)യിൽനിന്ന് നിവേദനം, റസൂൽ(സ്വ) പറഞ്ഞു: "ആദമിന്റെ മക്കൾ മരണപ്പെട്ടു കഴിഞ്ഞാൽ മൂന്നു കാര്യങ്ങളല്ലാത്തതെല്ലാം അവരിൽനിന്ന് മുറിഞ്ഞുപോകുന്നതാണ്. നിലനിൽക്കുന്ന ദാനധർമം, ഉപകാരപ്രദമായ വിജ്ഞാനം, അവനുവേണ്ടി പ്രാർഥിക്കുന്ന നല്ലവരായ സന്താനങ്ങൾ എന്നിവയാണവ" (മുസ്‌ലിം).

നേടിയ അറിവ് മറ്റുള്ളവർക്ക് പകർന്നുകൊടുക്കുന്നത് മരണാനന്തര ജീവിതത്തിൽ പോലും നമുക്ക് പ്രതിഫലം നൽകപ്പെടുന്ന ഒന്നാണെന്ന് മനസ്സിലാക്കുക. ഒരു പണ്ഡിതൻ തന്റെ അറിവ് പങ്കു






വെക്കാനായി പുസ്തകമെഴുതുന്നു. അയാളുടെ മരണശേഷവും ആ പുസ്തകം വായിക്കപ്പെടുന്ന കാലത്തോളം അയാൾക്ക് അതിനുള്ള പ്രതിഫലം ലഭിച്ചുകൊണ്ടേയിരിക്കും. നേടിയ അറിവ് മറ്റുള്ളവർക്ക് പകർന്നു കൊടുക്കാനായി പുസ്തകം, പ്രസംഗം, ഓഡിയോ-വീഡിയോകൾ, സോഷ്യൽ മീഡിയ പോസ്റ്റുകൾ, ബ്ലോഗുകൾ, വെബ്സൈറ്റുകൾ എന്നിവയൊക്കെ ഉപയോഗപ്പെടുത്താം. നമ്മുടെ ഒരു പോസ്റ്റ് വായിക്കപ്പെടുമ്പോഴെല്ലാം നമുക്ക് അതിന് പടച്ചവനിൽനിന്നുള്ള പ്രതിഫലം നൽകപ്പെടുന്നു എന്നത് എത്ര സന്തോഷകരമായ കാര്യമാണ്. നമ്മുടെ മരണശേഷം പോലും നമുക്ക് ഇത്തരത്തിൽ പ്രതിഫലം ലഭിച്ചുകൊണ്ടിരിക്കും.

അബൂഉമാമ(റ)യിൽനിന്ന് നിവേദനം, റസൂൽ(സ്വ) പറഞ്ഞു: "ഭക്തനെക്കാൾ അറിവുള്ളവന്റെ മഹത്ത്വം നിങ്ങളിൽ താഴ്ന്നവരെക്കാൾ എനിക്കുള്ള മാഹാത്മ്യം പോലയാണ്." എന്നിട്ട് റസൂൽ (സ്വ) പറഞ്ഞു: "നിശ്ചയം അല്ലാഹുവിന്റെ മലക്കുകളും ആകാശഭൂമിയിലുള്ളവരും മാളത്തിലെ ഉറുമ്പും മത്സ്യവും കൂടി ജനങ്ങൾക്ക് നൻമ പഠിപ്പിച്ചുകൊടുക്കുന്നവർക്ക് വേണ്ടി പ്രർഥിക്കുന്നതാണ്" (തുർമുദി).

അറിവ് പകർന്നുകൊടുക്കുന്നവർക്ക് വേണ്ടി മലക്കുകളും ഭൂമിയിലെ ജീവജാലങ്ങളുംവരെ പ്രാർഥിക്കുന്നുണ്ട് എന്നറിയുക. അറിവ് പകർന്നുകൊടുക്കുന്നവൻ ആരാധനാകർമങ്ങളിൽ മുഴുകുന്നവനെക്കാൾ ശ്രേഷ്ഠനാണ് എന്നാണ് പ്രവാചകവചനം. അറിവുള്ളവർ ആരാധനാകർമങ്ങൾ മുടക്കുകയില്ല എന്നത് ഇതിനോട് ചേർത്ത് വായിക്കുക.

അറിവ് നേടാൻ നാം പരിശ്രമിക്കുകതന്നെ വേണം. ഇന്നത്തെ കാലത്ത് അത് വളരെ എളുപ്പമാണ്. അതിനുള്ള മനസ്സുണ്ടാവണം എന്ന് മാത്രമേയുള്ളൂ. നേടുന്ന അറിവുകൾ മറ്റുള്ളവർക്ക് പകർന്നു കൊടുക്കുന്നതിലൂടെ അറിവ് വർധിക്കുന്നു. പുണ്യങ്ങളും വർധിക്കുന്നു.

"താനല്ലാതെ ഒരു ദൈവവുമില്ലെന്നതിന് അല്ലാഹു സാക്ഷ്യം വഹിച്ചിരിക്കുന്നു. മലക്കുകളും അറിവുള്ളവരും (അതിന്ന് സാക്ഷികളാകുന്നു). അവൻ നീതി നിർവഹിക്കുന്നവനത്രെ. അവനല്ലാതെ ദൈവമില്ല. പ്രതാപിയും യുക്തിമാനുമത്രെ അവൻ" (3:18).

അല്ലാഹു എന്തൊന്ന് പഠിപ്പിക്കുവാനാണോ മുഹമ്മദ് നബി (സ്വ)യെ നിയോഗിച്ചത് അതിനോട് നാം വിമുഖത കാണിച്ചാൽ ആത്യന്തിക നഷ്ടമായിരിക്കും ഫലം.

"തീർച്ചയായും സത്യവിശ്വാസികളിൽ അവരിൽനിന്ന് തന്നെയുള്ള ഒരു ദൂതനെ നിയോഗിക്കുക വഴി അല്ലാഹു മഹത്തായ അനുഗ്രഹമാണ് അവർക്ക് നൽകിയിട്ടുള്ളത്. അല്ലാഹുവിന്റെ ദൃഷ്ടാന്തങ്ങൾ അവർക്ക് ഓതിക്കേൾപിക്കുകയും, അവരെ സംസ്കരിക്കുകയും, അവർക്കു ഗ്രന്ഥവും ജ്ഞാനവും പഠിപ്പിക്കുകയും ചെയ്യുന്ന (ഒരു ദൂതനെ). അവരാകട്ടെ മുമ്പ് വ്യക്തമായ വഴികേടിൽ തന്നെയായിരുന്നു" (ക്വുർആൻ 3:164).

**അറിവ് പകർന്നുകൊടുക്കുന്നവർക്ക് വേണ്ടി മലക്കുകളും ഭൂമിയിലെ ജീവജാലങ്ങളുംവരെ പ്രാർഥിക്കുന്നുണ്ട് എന്നറിയുക. അറിവ് പകർന്നുകൊടുക്കുന്നവൻ ആരാധനാകർമങ്ങളിൽ മുഴുകുന്നവനെക്കാൾ ശ്രേഷ്ഠനാണ് എന്നാണ് പ്രവാചകവചനം. അറിവുള്ളവർ ആരാധനാകർമങ്ങൾ മുടക്കുകയില്ല എന്നത് ഇതിനോട് ചേർത്ത് വായിക്കുക. അറിവ് നേടാൻ നാം പരിശ്രമിക്കുകതന്നെ വേണം. ഇന്നത്തെ കാലത്ത് അത് വളരെ എളുപ്പമാണ്. അതിനുള്ള മനസ്സുണ്ടാവണം എന്ന് മാത്രമേയുള്ളൂ. നേടുന്ന അറിവുകൾ മറ്റുള്ളവർക്ക് പകർന്നു കൊടുക്കുന്നതിലൂടെ അറിവ് വർധിക്കുന്നു. പുണ്യങ്ങളും വർധിക്കുന്നു.**



# വിശ്വാസദാർഢ്യതയുടെ അടയാളം

ഉസ്മാൻ പാലക്കാഴി
: 9656292244

അനസി(റ)ൽനിന്ന് നിവേദനം, നബി(സ്വ) പറഞ്ഞു: "ആരെങ്കിലും തന്റെ വീട്ടിൽനിന്ന് പുറപ്പെടുമ്പോൾ 'അല്ലാഹുവിന്റെ നാമത്തിൽ. ഞാൻ അല്ലാഹുവിൽ ഭരമേൽപിച്ചിരിക്കുന്നു. അല്ലാഹുവിൽനിന്നല്ലാതെ യാതൊരു ശക്തിയും കഴിവുമില്ല' എന്നു പറഞ്ഞാൽ (മലക്കുകൾ വഴി) പറയപ്പെടും: 'നീ സന്മാർഗം പ്രാപിച്ചിരിക്കുന്നു. നീ സംരക്ഷിക്കപ്പെട്ടിരിക്കുന്നു.' പിശാച് അവനിൽനിന്ന് അകന്നുപോകുകയും ചെയ്യും" (അബൂദാവൂദ്, തിർമുദി).

ദൈവചിന്തയാൽ സജീവമായിരിക്കണം വിശ്വാസിയുടെ മനസ്സ്. അവന്റെ അനുശാസനകൾ പാലിച്ച് എത്രത്തോളം അവന്റെ പ്രീതി നേടാൻ ശ്രമിക്കുന്നുവോ അത്ര കണ്ട് അവൻ തന്റെ ദാസനോട് അടുക്കും.

വിശ്വാസകാര്യങ്ങളിൽ ഒന്നാമത്തേതാണല്ലോ അല്ലാഹുവിലുള്ള വിശ്വാസം. അത് കേവലമായ വിശ്വാസത്തിൽ ഒതുക്കേണ്ടതല്ല. അവന്റെ ഏകത്വത്തിലുള്ള ഉള്ളറിഞ്ഞ ദൃഢബോധം, അവൻ അനാദിയും അനന്തനും പ്രപഞ്ചസ്രഷ്ടാവും വിധാതാവും പരിപാലകനുമാണ് എന്ന അറിവും ഓർമയും, തനിക്ക് ജന്മവും ജീവിതവും മരണവും സുഖവും ദുഃഖവും രോഗവും ആരോഗ്യവും ക്ഷേമവും ക്ഷാമവും ആപത്തും അനുഗ്രഹവുമെല്ലാം നൽകുന്നത് ഏകനായ അല്ലാഹുവാണെന്ന നിതാന്ത ബോധവും വിശ്വാസിക്കുണ്ടായിരിക്കണം. അപ്പോൾ അവന്റെയുള്ളിൽ ശുഭപ്രതീക്ഷ വളരും. അല്ലാഹുവിന്റെ സാമീപ്യം ലഭിക്കുവാനുള്ള അടങ്ങാത്ത താൽപര്യവുമുണ്ടായിത്തീരും. അതവനെ കർമനിരതനാക്കും. ദുരിതഘട്ടത്തിൽ അവൻ നിരാശനാകില്ല. അല്ലാഹുവിനോട് മാത്രം അവൻ വിളിച്ചുപ്രാർഥിക്കും. തന്റെ കാര്യത്തിൽ അല്ലാഹു നിശ്ചയിച്ചുവെച്ചതിനപ്പുറം യാതൊന്നും സംഭവിക്കില്ലെന്ന ബോധം അവനിൽ ദൃഢമാകും. അത് ധൈര്യവും പ്രത്യാശയും നൽകും. അത്തരക്കാർക്ക് പ്രയാസഘട്ടങ്ങളിൽ പരിഭ്രാന്തിയുണ്ടാകില്ല. ആലസ്യവും നൈരാശ്യവും അവരെ പൊതിയുകയില്ല. ജീവസ്സുറ്റ, കർമനിരതമായ, അന്തസ്സും നിർഭയത്വവുമുള്ള വിഭാഗമാകും അവർ.

മുഹമ്മദ് നബി(സ്വ)യും അബൂബക്റും(റ) ഹിജ്റയുടെ വേളയിൽ ഒളിച്ചിരുന്ന സൗർ ഗുഹയുടെ അടുത്തെത്തിയ ശത്രുക്കൾക്ക് ഗുഹയിലേക്കൊന്ന് പാളിനോക്കാൻ തോന്നിയില്ല. നോക്കിയാൽ അവരെ കണ്ടെത്തിയേനെ. അല്ലാഹുവിലുള്ള അചഞ്ചലമായ വിശ്വാസം, അവനിലുള്ള 'തവക്കുൽ' അവരെ രക്ഷിച്ചു. സ്രഷ്ടാവിൽ ഭരമേൽപിച്ചവർ പിന്നെന്തു ഭയപ്പെടാൻ!

അല്ലാഹുവിൽ ഭരമേൽപിക്കാത്തവർക്ക് നിരാശയായിരിക്കും ആത്യന്തിക ഫലം. ഭയം അവരെ വലയം ചെയ്തിരിക്കും. അപകർഷതാബോധവും കർമവൈമുഖ്യവും അവരെ പിന്തുടർന്നുകൊണ്ടിരിക്കും. അതുകൊണ്ടു തന്നെ വിശുദ്ധ ക്വുർആനിൽ ധാരാളം സ്ഥലങ്ങളിൽ അല്ലാഹുവിൽ ഭരമേൽപിക്കാനുള്ള കൽപന കാണാം.

"അല്ലാഹുവെപറ്റി പറയപ്പെട്ടാൽ ഹൃദയങ്ങൾ പേടിച്ച് നടുങ്ങുകയും അവന്റെ ദൃഷ്ടാന്തങ്ങൾ വായിച്ചു കേൾപിക്കപ്പെട്ടാൽ വിശ്വാസം വർധിക്കുകയും തങ്ങളുടെ രക്ഷിതാവിന്റെ മേൽ ഭരമേൽപിക്കുകയും ചെയ്യുന്നവർ മാത്രമാണ് വിശ്വാസികൾ" (8:2). "...വല്ലവനും അല്ലാഹുവിൽ ഭരമേൽപിക്കുന്നപക്ഷം അവന്ന് അല്ലാഹുതന്നെ മതിയാകുന്നതാണ്..." (65:3).

കവർ സ്റ്റോറി



# നരബലിയുടെ ദാർശനികമാനങ്ങൾ

മുജീബ് ഒട്ടുമ്മൽ
:9744431890

**അന്ധവിശ്വാസവും അതിരില്ലാത്ത ധനമോഹവും മനുഷ്യനെ എത്രത്തോളം അധമാവസ്ഥയിലെത്തിക്കുമെന്നതിന്റെ നേർസാക്ഷ്യമാണ് നരബലിയുടെ പേരിൽ കേരളത്തിൽ നടന്ന ഇരട്ടക്കൊലപാതകങ്ങൾ. മതനിരാസവും ദൈവനിഷേധവും ആദർശമായി സ്വീകരിച്ചവരാണ് ഇത്തരം ദുർവൃത്തിയുടെ മുഖ്യ സൂത്രധാരകർ എന്നത് കുറ്റകൃത്യങ്ങളിൽ മതം ചികയുന്നവരെ ഇരുത്തിച്ചിന്തിപ്പിക്കേണ്ടതാണ്.**

മലയാള പ്രബുദ്ധതയെ പരിഹസിച്ചുകൊണ്ട് കേരളത്തിൽ ക്രൂരമായ ഇരട്ടനരബലി അരങ്ങേറിയിരിക്കുന്നു! പത്തനംതിട്ട ജില്ലയിലെ ഇലന്തൂരിലാണ് നാടിനെ നടുക്കിയ കൊലപാതകങ്ങൾ നടന്നത്. എറണാകുളം കടവന്ത്ര സ്വദേശിനിയും ലോട്ടറിക്കച്ചവടക്കാരിയുമായ പത്മയെ കാണാനില്ലെന്ന കുടുംബത്തിന്റ പരാതിയിൽ നടന്ന അന്വേഷണത്തിനൊടുവിലാണ് ഭീകരമായ ഈ നരബലി പുറംലോകം അറിയുന്നത്. കാലടി സ്വദേശിനി റോസ്‌ലിയാണ് കൊല്ലപ്പെട്ട മറ്റൊരു സ്ത്രീ. അറിയപ്പെടുന്ന തിരുമ്മൽ കാരനും വൈദ്യനുമായ ഭഗവൽസിംഗും ഭാര്യ ലൈലയും ഇടുക്കി സ്വദേശിയായ മുഹമ്മദ് ശാഫിയുമാണ് പ്രതികൾ.

സാമ്പത്തികാഭിവൃദ്ധിയും ഐശ്വര്യവും ഉണ്ടാവാൻ നരബലി നടത്താൻ സിദ്ധനായി വേഷം കെട്ടിയ ഇടുക്കി സ്വദേശിയും പെരുമ്പാവൂരിൽ താമസക്കാരനുമായ മുഹമ്മദ് ഷാഫിയാണത്രെ അതിനായി പ്രേരിപ്പിച്ചത്.

ആഭിചാരക്രിയയുടെ ഭാഗമായി രണ്ട് സ്ത്രീകളെ കഴുത്തറുത്തു കൊന്ന് സ്വകാര്യഭാഗങ്ങളിൽ കത്തി



യിറക്കി രക്തംകൊണ്ട് വീട് അഭിഷേകം ചെയ്തു. മൃതദേഹം വെട്ടിനുറുക്കി കഷ്ണങ്ങളാക്കി വീട്ടുവളപ്പിൽ കുഴിച്ചിടുകയാണുണ്ടായത്. ഭഗവൽസിംഗിന്നും ഭാര്യ ലൈലക്കും കുറ്റകൃത്യങ്ങളുടെ പശ്ചാത്തലമില്ലത്രെ! എന്നാൽ ശാഫി ലൈംഗിക വൈകൃതമുള്ളവനും സൈക്കോപാത്തും ക്രൂരതയിൽ ആനന്ദം കണ്ടെത്തുന്നവനുമാണെന്നും പോലിസ് പറയുന്നുണ്ട്.

അന്ധവിശ്വാസം മനുഷ്യനെ എത്രത്തോളം നീചനും മനഃസാക്ഷി മരവിച്ചുപോയ ക്രിമിനലുമാക്കി മാറ്റുമെന്നതിന്റെ രക്തം മരവിച്ചുപോകുന്ന ഉദാഹരണമാണ് ഈ ഇരട്ട നരബലി. അപസർപക കഥകളായി മാത്രം മലയാളികൾ കേട്ടിട്ടുള്ള നരബലിയുടെ ക്രൂരമായ കഥകളാണ് പുറത്ത് വന്നു കൊണ്ടിരിക്കുന്നത്. ഉത്തരേന്ത്യൻ ഗ്രാമങ്ങളിൽനിന്ന് മാത്രം കേട്ടുപരിചയമുള്ള ഇത്തരം ഭീകരമായ കൊലപാതകങ്ങൾ മലയാളികൾക്കിടയിലും നടക്കുന്നത് ഏറെ ഞെട്ടലുളവാക്കുന്നതാണ്. മൂഢമായ അന്ധവിശ്വാസങ്ങളെ പുൽകുന്ന ചിലരെങ്കിലും ചുറ്റും ജീവിക്കുന്നുണ്ടെന്ന യാഥാർഥ്യത്തെ ഞെട്ടലോടെ, അതിലേറെ ലജ്ജയോടെയല്ലാതെ വിദ്യാസമ്പന്നരെന്ന് മേനിനടിക്കുന്ന മലയാളികൾക്ക് സ്വീകരിക്കാനാവില്ല. കേരളത്തിലെ ഏറ്റവും വിദ്യാസമ്പന്നരുള്ള ജില്ലയാണ് പത്തനംതിട്ട. ആ ജില്ലയിലെ തന്നെ, പതിറ്റാണ്ടുകളായി വിദ്യാഭ്യാസരംഗത്ത് മുന്നിലുള്ള പ്രദേശങ്ങളാണ് ഇലന്തൂരും സംഭവം നടന്ന പുളന്തിട്ടയും. ബിരുദധാരികളില്ലാത്ത വീടുകൾ അവിടെ നന്നേ കുറവാണത്രെ! ഉന്നത വിദ്യാഭ്യാസം നേടിയവരുടെ എണ്ണത്തിലും ശരാശരി ഗ്രാമങ്ങളെക്കാൾ ഉയർന്ന നിലവാരമാണ് ഈ പ്രദേശങ്ങൾക്കുള്ളത്.

പ്രതിയായ ഭഗവൽസിംഗ് വിദ്യാഭ്യാസമുള്ളവനും സാമൂഹിക രംഗത്ത് കമ്യൂണിസ്റ്റ് ആശയം സ്വീകരിച്ച് രാഷ്ട്രീയമായ ഇടപെടൽ നടത്തുന്നയാളുമാണ് എന്നത് ശ്രദ്ധേയമാണ്. കമ്യൂണിസ്റ്റു പശ്ചാത്തലമുള്ള ഒരു കുടുംബത്തിലെ അംഗവുമാണ്. മതനിരാസവും ദൈവനിഷേധവും ആദർശമായി സ്വീകരിച്ച ഒരു ഭൗതിക പ്രത്യയശാസ്ത്രത്തിന്റ വക്താക്കളാണിവർ. ഇത്തരം ആളുകളിൽനിന്ന് അന്ധവിശ്വാസത്തിന്റെ ദുർഗന്ധം വമിക്കുകയില്ലെന്ന് ആണയിടുന്നവർക്ക് ഇതൊരു പാഠമാണ്. ഇത്തരം സംഭവങ്ങളിൽ മതത്തെയും മതവിശ്വാസത്തെയും പ്രതിക്കൂട്ടിൽ നിറുത്താനുള്ള ശ്രമം എക്കാലത്തുമുണ്ടായിട്ടുണ്ട്. സുഖിച്ച് കഴിയാനുള്ള വിഭവം എളുപ്പത്തിൽ കണ്ടെത്താനുള്ള വ്യഗ്രതയിൽ അന്ധമായ ഏത് വിശ്വാസവും വാരിപ്പുണരാൻ മനഷ്യൻ ശ്രമിക്കുമെന്നതിനുള്ള ഉദാഹരണമാണ് ഈ സംഭവം. കേരളം പോലെ ഉന്നത ജീവിതനിലവാരം വെച്ചുപുലർത്തുന്ന സംസ്ഥാനത്തുനിന്ന് ഒരിക്കലും കേൾക്കാൻ പാടില്ലാത്ത ഒരു വാർത്തയാണിത്.

**അന്ധവിശ്വാസം മനുഷ്യനെ എത്രത്തോളം നീചനും മനഃസാക്ഷി മരവിച്ചുപോയ ക്രിമിനലുമാക്കി മാറ്റുമെന്നതിന്റെ രക്തം മരവിച്ചുപോകുന്ന ഉദാഹരണമാണ് ഈ ഇരട്ട നരബലി. അപസർപക കഥകളായി മാത്രം മലയാളികൾ കേട്ടിട്ടുള്ള നരബലിയുടെ ക്രൂരമായ കഥകളാണ് പുറത്ത് വന്നു കൊണ്ടിരിക്കുന്നത്. ഉത്തരേന്ത്യൻ ഗ്രാമങ്ങളിൽനിന്ന് മാത്രം കേട്ടു പരിചയമുള്ള ഇത്തരം ഭീകരമായ കൊലപാതകങ്ങൾ മലയാളികൾക്കിടയിലും നടക്കുന്നത് ഏറെ ഞെട്ടലുളവാക്കുന്നതാണ്. മൂഢമായ അന്ധവിശ്വാസങ്ങളെ പുൽകുന്ന ചിലരെങ്കിലും ചുറ്റും ജീവിക്കുന്നുണ്ടെന്ന യാഥാർഥ്യത്തെ ഞെട്ടലോടെ, അതിലേറെ ലജ്ജയോടെയല്ലാതെ വിദ്യാസമ്പന്നരെന്ന് മേനിനടിക്കുന്ന മലയാളികൾക്ക് സ്വീകരിക്കാനാവില്ല.**

**ഇലന്തൂരിലെ ക്രൂരമായ ഇരട്ട നരബലിക്ക് നേതൃത്വം നൽകിയവർ മതവിശ്വാസികളല്ലെന്ന് അവരുടെ ജീവിത സാഹചര്യങ്ങളും സമീപനങ്ങളും നമ്മെ ബോധ്യപ്പെടുത്തുന്നുണ്ട്. മലയാള മാധ്യമങ്ങൾ നരബലിയുടെ ദാർശനികമാനം ചികഞ്ഞുകൊണ്ടിരിക്കുകയാണ്. ഏതെങ്കിലും ഒരു മതത്തിന്റ, പ്രത്യേകിച്ച് ഇസ്‌ലാമിന്റ വാലിൽ ചേർത്തുവെക്കാനുള്ള ധൃതിയിലാണ് പല മാധ്യമങ്ങളുമെന്ന് അന്തിച്ചർച്ചകളും അക്ഷരക്കൂട്ടങ്ങളും വരികൾക്കിടയിലൂടെ പറഞ്ഞുതരുന്നുണ്ട്. ശാസ്ത്ര ചിന്തയെ നിരാകരിച്ച് മതബോധം നൽകാനുള്ള ശ്രമങ്ങളാണ് ഇത്തരം ക്രൂരകൃത്യങ്ങൾക്ക് കാരണമെന്നാണ് മാധ്യമ ചർച്ചകളിലെ ഒരു മർമം!**

### നരബലിയുടെ 'ദാർശനികബലം'

ഇലന്തൂരിലെ ക്രൂരമായ ഇരട്ട നരബലിക്ക് നേതൃത്വം നൽകിയവർ മതവിശ്വാസികളല്ലെന്ന് അവരുടെ ജീവിത സാഹചര്യങ്ങളും സമീപനങ്ങളും നമ്മെ ബോധ്യപ്പെടുത്തുന്നുണ്ട്. മലയാള മാധ്യമങ്ങൾ നരബലിയുടെ ദാർശനികമാനം ചികഞ്ഞുകൊണ്ടിരിക്കുകയാണ്. ഏതെങ്കിലും ഒരു മതത്തിന്റ, പ്രത്യേകിച്ച് ഇസ്‌ലാമിന്റ വാലിൽ ചേർത്തുവെക്കാനുള്ള ധൃതിയിലാണ് പല മാധ്യമങ്ങളുമെന്ന് അന്തിച്ചർച്ചകളും അക്ഷരക്കൂട്ടങ്ങളും വരികൾക്കിടയിലൂടെ പറഞ്ഞുതരുന്നുണ്ട്. ശാസ്ത്ര ചിന്തയെ നിരാകരിച്ച് മതബോധം നൽകാനുള്ള ശ്രമങ്ങളാണ് ഇത്തരം ക്രൂരകൃത്യങ്ങൾക്ക് കാരണമെന്നാണ് മാധ്യമ ചർച്ചകളിലെ ഒരു മർമം!

2021 ഫെബ്രുവരിയിൽ ആന്ധ്രാപ്രദേശിലെ ചിറ്റൂർ ജില്ലയിൽ വിദ്യാസമ്പന്നരായ മാതാപിതാക്കൾ തങ്ങളുടെ രണ്ട് പെൺമക്കളെ തലക്കടിച്ചു കൊന്ന് ബലി നൽകിയത് വായനക്കാർ ഓർക്കുന്നുണ്ടാകും. അതിൽ പിതാവായ പുരോഷത്തം നായിഡു മദനപള്ളി ഗവൺമെന്റ് ഡിഗ്രി കോളേജിലെ കെമിസ്ട്രി വിഭാഗം അസോസിയേറ്റ് പ്രൊഫസറാണ്. മാതാവ് പത്മജ എംഎസ്സി മാത്തമാറ്റിക്സ് ഗോൾഡ് മെഡലിസ്റ്റും ചിറ്റൂർ ഐഐടി ടാലന്റ് സ്കൂളിലെ അധ്യാപികയുമായിരുന്നു. ഇവർ രണ്ടുപേർക്കും ശാസ്ത്രബോധമില്ലെന്ന് പറഞ്ഞാൽ ആരാണ് വിശ്വസിക്കുക? സാമാന്യം വിദ്യാഭ്യാസവും അറിവും ഉള്ള ദമ്പതികളാണിവർ. എന്നിട്ടും തങ്ങളുടെ കരുണാർദ്രമായ തലോടലുകളിൽ വളർന്ന മക്കളെ ക്രൂരമായ നരബലിക്കു വിധേയമാക്കുകയാണുണ്ടായത്! ശാസ്ത്രബോധ നിരാകരണമല്ല ഇത്തരം ക്രൂരകൃത്യങ്ങൾക്ക് കാരണമെന്ന് സമീപകാല സംഭവങ്ങൾ തെളിയിച്ച് തരുന്നുമുണ്ട്. ഐതിഹ്യങ്ങളിലും കെട്ടുകഥകളിലും മിത്തുകളിലും അഭിരമിച്ച അപരിഷ്കൃതരായ സമൂഹത്തിന്റ അന്ധമായവിശ്വാസങ്ങളിൽനിന്ന് രൂപപ്പെടുന്ന മാനസിക വൈകൃതങ്ങളുടെ ചെയ്തികളാണ് നരബലി. ഭീകരമായ നരബലിയെ കുറിച്ച് ആദ്യപേജിൽ തന്നെ അച്ചുനിരത്തി ക്രൂരതയെ അപലപിക്കുമ്പോഴും മുത്തശ്ശി പത്രങ്ങളുടെ ഉൾപേജുകളിൽ ജ്യോതിഷിയുടെ ദിവ്യത്വവും ഭാവിപ്രവചനക്കാരുടെ മഹത്ത്വവും പൊടിപ്പും തൊങ്ങലും ചേർത്ത് നിറമാർന്ന പരസ്യങ്ങൾക്ക് കോളങ്ങൾ നീക്കിവെച്ചിരിക്കും. എന്നിട്ട് അന്ധവിശ്വാസങ്ങളിൽ ആപതിച്ച് പോയ പ്രബുദ്ധതയെ കുറിച്ച് മുഖപ്രസംഗത്തിൽ വാചാലരാകും. ഇതാണ് മലയാളത്തിന്റ മാധ്യമ ധർമം! 'പണത്തിനുമേൽ പരുന്തും പറക്കില്ല' എന്ന ആപ്തവാക്യം അന്വർഥമാക്കും വിധം മാധ്യമങ്ങൾക്ക് നോട്ടിൻകെട്ടുകൾ എറിഞ്ഞുകൊടുക്കുന്ന ആത്മീയ ചൂഷകരുടെ മുന്നിൽ മാധ്യമ ധർമം നിശ്ചലമാകുമെന്നർഥം. ദൃശ്യമാധ്യമങ്ങളിൽ ഭാവി പ്രവചനക്കാർക്കിടം നൽകി മതപിന്തുന്നയില്ലാത്ത ജപങ്ങൾക്ക് എണ്ണം പറഞ്ഞും ചാത്തൻ സേവയുടെ രീതിയെ അതിശയോക്തിയോടെ അവതരിപ്പിച്ചും മൃദുലവിശ്വാസങ്ങളെ ചൂഷണം ചെയ്യാൻ അവസരമൊരുക്കുന്നവരും ഇത്തരക്കാരാണ്. അതിനെക്കാളെല്ലാം അപ്പുറം അന്ധവിശ്വാസങ്ങൾക്ക് ശാസ്ത്രീയാടിത്തറ നൽകാൻ പോലും ചില പുരോഗമന നാട്യക്കാരുടെ പത്രങ്ങൾ കോളങ്ങൾ നിരത്തുന്നുവെന്നത് ഏറെ വിരോധാഭാസമാണ്.

കുട്ടികളിൽ ശാസ്ത്രിയാഭിരുചി





യും അറിവും കൃത്യമായി എത്തിക്കുകയെന്ന വിധത്തിൽ 2022 ജനുവരി 13ന് പുറത്തിറങ്ങിയ ദേശാഭിമാനി പത്രത്തിലെ 'അക്ഷരമുറ്റം' പേജിലെ ചില വരികൾ ശ്രദ്ധിച്ചാൽ അന്ധവിശ്വാസങ്ങൾക്ക് പ്രചാരണം നൽകുന്ന പുരോഗമനവാദക്കാരെ കണ്ടെത്താനാകും. ബാഹ്യമായ സ്രോതസ്സുകളിൽനിന്നുള്ള ഭക്ഷണ പഥാർഥങ്ങൾ പൂർണമായി ഒഴിവാക്കിക്കൊണ്ട് സൂര്യപ്രകാശം വഴി മാത്രം മനുഷ്യർക്ക് ജീവിക്കാൻ സാധിക്കുമെന്നൊരു അന്ധവിശ്വാസം ഹൈന്ദവമതത്തിന്റ ഭാഗമായി പൊതുവെ ഉണ്ട്. ഇനേദിയ എന്ന പേരിലാണ് ഇതറിയപ്പെടുന്നത്. പല പൗരാണിക കഥകളിലും ഇത് സത്യമാണെന്ന വിധത്തിലുള്ള പരാമർശങ്ങൾ കാണാമെങ്കിലും ഇത് പൂർണമായും ഒരു കപട ശാസ്ത്രവാദമാണ്. ഇതിനെ ന്യായീകരിച്ചുകൊണ്ടാണ് അതിൽ ഇങ്ങനെ എഴുതിയിട്ടുള്ളത്:

'മഹാമുനികൾ തപസ്സ് മൂലം നേടിയ സിദ്ധികൾ എന്ന് അവകാശപ്പെടുന്ന 'ഭക്ഷണമില്ലാതെ വളരെ നാൾ ജീവിക്കാൻ കഴിയും' എന്നതിന്റ ശാസ്ത്രീയാടിസ്ഥാനം സൗരോർജവുമായി ബന്ധപ്പെട്ടതാണ്. സൗരോർജത്തെ ശരീരത്തിലേക്കെത്തിക്കുക എന്ന പ്രവൃത്തിയാണ് ഇവിടെ നടന്നിട്ടുള്ളത്.'' അന്ധവിശ്വാസ മുക്തമായ നവോത്ഥാന കേരളത്തിന് മനുഷ്യച്ചങ്ങല തീർക്കുമ്പോഴും തങ്ങളുടെ പത്രങ്ങളിലെ കോളങ്ങളിൽ നിറയുന്ന ഇരുണ്ട അക്ഷരക്കൂട്ടങ്ങളെ ശ്രദ്ധിക്കാതെ പോകുന്നതെന്തു കൊണ്ടെന്ന ചോദ്യവും പ്രസക്തമാണ്. ശാസ്ത്രബോധത്തെ പരിഹസിക്കുന്ന വിധമുള്ള ഇത്തരം അധ്യാപനങ്ങൾ എഴുന്നള്ളിക്കുന്നവർക്ക് മതബോധത്തെ പ്രതിക്കൂട്ടിൽ നിർത്താൻ എങ്ങനെ സാധിക്കും?

**ഐതിഹ്യങ്ങളിലും കെട്ടുകഥകളിലും മിത്തുകളിലും അഭിരമിച്ച അപരിഷ്കൃതരായ സമൂഹത്തിന്റ അന്ധമായവിശ്വാസങ്ങളിൽ നിന്ന് രൂപപ്പെടുന്ന മാനസിക വൈകൃതങ്ങളുടെ ചെയ്തികളാണ് നരബലി. ഭീകരമായ നരബലിയെ കുറിച്ച് ആദ്യപേജിൽ തന്നെ അച്ചുനിരത്തി ക്രൂരതയെ അപലപിക്കുമ്പോഴും മുത്തശ്ശി പത്രങ്ങളുടെ ഉൾപേജുകളിൽ ജ്യോതിഷിയുടെ ദിവ്യത്വവും ഭാവി പ്രവചനക്കാരുടെ മഹത്ത്വവും പൊടിപ്പും തൊങ്ങലും ചേർത്ത് നിറമാർന്ന പരസ്യങ്ങൾക്ക് കോളങ്ങൾ നീക്കിവെച്ചിരിക്കും. എന്നിട്ട് അന്ധവിശ്വാസങ്ങളിൽ ആപതിച്ച് പോയ പ്രബുദ്ധതയെ കുറിച്ച് മുഖപ്രസംഗത്തിൽ വാചാലരാകും. ഇതാണ് മലയാളത്തിന്റ മാധ്യമ ധർമം! 'പണത്തിനു മേൽ പരുന്തും പറക്കില്ല' എന്ന ആപ്തവാക്യം അന്വർഥമാക്കും വിധം മാധ്യമങ്ങൾക്ക് നോട്ടിൻകെട്ടുകൾ എറിഞ്ഞുകൊടുക്കുന്ന ആത്മീയ ചൂഷകരുടെ മുന്നിൽ മാധ്യമ ധർമം നിശ്ചലമാകുമെന്നർഥം**

ഏതു മതത്തെയും ദർശനത്തെയും ദുർവ്യാഖ്യാനിച്ച് സ്വന്തം താൽപര്യങ്ങൾ നടത്താൻ ശ്രമിക്കുന്നവരുണ്ട്. മുഹമ്മദ് നബി (സ്വ)യുടേതെന്ന വ്യാജേന കൊണ്ടുവന്ന മുടി, പൊടി, ചട്ടി പോലുള്ള വ പ്രദർശിപ്പിച്ച് സമുദായത്തെ ചൂഷണം ചെയ്യുന്നവർക്ക് അധികാരം കൊണ്ട് പരിരക്ഷ നൽകുന്നവരാണ് മതവിശ്വാസികളുടെ ശാസ്ത്രബോധത്തെ അളക്കുന്നത്! കേരള പ്രബുദ്ധതയിലേക്ക് ആൾദൈവങ്ങളായി ഇറങ്ങിവന്നവർക്കെല്ലാം ഇടം നൽകാൻ മത്സരിച്ച കപട പുരോഗമന നാട്യക്കാർ നരബലിയും നരവേട്ടയും മതത്തിന്റെ മേൽ ആരോപിക്കുന്നതിൽ വലിയ ആശ്ചര്യമുണ്ട്. അതിനാൽ ഇത്തരം സംഭവങ്ങളിൽ വിശ്വാസികളെ പ്രതിക്കൂട്ടിൽ നിറുത്തി പ്രഹസനമാക്കുന്നതിന് പകരം അതിലെ ക്രിമിനൽ റോൾ തിരിച്ചറിച്ചറിഞ്ഞ് ശക്തമായ ശിക്ഷ നൽകി സമൂഹത്തിന് പാഠം നൽകുകയാണ് വേണ്ടത്. ആർട്ടിഫിഷ്യൽ ഇന്റലിജെൻസിന്റ കാലത്ത് പുരോഗമിച്ച വൈദ്യശാസ്ത്ര മികവുകൾ രാജ്യത്ത് ധാരാളം സാധ്യമായിട്ടും ആത്മീയ ചികിത്സാകേന്ദ്രങ്ങളുടെ നിഗൂഢ പ്രവർത്തനങ്ങളെ കുറിച്ച് അന്വേഷിക്കാൻ പോലും അധികാരികളും നിയമപാലകരും തയ്യാറാകുന്നില്ലെന്നത് പുരോഗമന മനസ്സുകളിലും ഭീതി പടർന്നു കയറിയതിന്റെ സൂചനയാണ്. വർഷങ്ങളോളം അത്യധ്വാനത്തിലൂടെ പഠിച്ചുയർന്നവരും പ്രാവീണ്യമുള്ളവരുമായ കഴിവുറ്റ ഡോക്ടർമാർക്ക് പോലും അനുവാദപത്രങ്ങളും അതിന്റ രേഖാ നമ്പറുകളും അനിവാര്യമായിരുന്നിട്ടും നിഗൂഢ ചികിൽസകർക്കിതൊന്നും ബാധകമാകാതിരിക്കുന്നതിലെ യുക്തിയും ഒരുതരം ഫോബിയ തന്നെയാണ്. അത്തരം ആത്മീയ ചികിത്സാ

കേന്ദ്രങ്ങളിൽനിന്നും പുറം ലോകത്തേക്ക് വരുന്ന കൊലപാതകങ്ങളുടെ ചരിത്രം അന്വേഷിക്കാൻ മാത്രം വിധിക്കപ്പെടുകയാണ് ഭരണകൂടം. രോഗ ചികിൽസയ്ക്കായി രൂപപ്പെടുത്തുന്ന ഏത് കേന്ദ്രത്തിനും കൃത്യമായ നിയന്ത്രണമേർപ്പെടുത്താനും സാമൂഹിക പരിശോധനക്ക് വിധേയമാക്കാനും അധികൃതർ തയ്യാറാകുമ്പോഴാണ് ചികിത്സാരംഗത്തെ സുരക്ഷിതമാക്കാൻ സാധിക്കുക. ചികിത്സാരംഗത്തെ ചൂഷണങ്ങൾക്കും അതിക്രമങ്ങൾക്കും അറുതിവരുത്താനും അത് കാരണമാകും.

**ആർട്ടിഫിഷ്യൽ ഇന്റലിജെൻസിന്റ കാലത്ത് പുരോഗമിച്ച വൈദ്യശാസ്ത്ര മികവുകൾ രാജ്യത്ത് ധാരാളം സാധ്യമായിട്ടും ആത്മീയ ചികിത്സാകേന്ദ്രങ്ങളുടെ നിഗൂഢ പ്രവർത്തനങ്ങളെ കുറിച്ച് അന്വേഷിക്കാൻ പോലും അധികാരികളും നിയമപാലകരും തയ്യാറാകുന്നില്ലെന്നത് പുരോഗമന മനസ്സുകളിലും ഭീതി പടർന്നു കയറിയതിന്റെ സൂചനയാണ്. വർഷങ്ങളോളം അത്യധ്വാനത്തിലൂടെ പഠിച്ചുയർന്നവരും പ്രാവീണ്യമുള്ളവരുമായ കഴിവുറ്റ ഡോക്ടർമാർക്ക് പോലും അനുവാദപത്രങ്ങളും അതിന്റ രേഖാ നമ്പറുകളും അനിവാര്യമായിരുന്നിട്ടും നിഗൂഢ ചികിൽസകർക്കിതൊന്നും ബാധകമാകാതിരിക്കുന്നതിലെ യുക്തിയും ഒരുതരം ഫോബിയ തന്നെയാണ്. അത്തരം ആത്മീയ ചികിത്സാകേന്ദ്രങ്ങളിൽനിന്നും പുറം ലോകത്തേക്ക് വരുന്ന കൊലപാതകങ്ങളുടെ ചരിത്രം അന്വേഷിക്കാൻ മാത്രം വിധിക്കപ്പെടുകയാണ് ഭരണകൂടം.**

**നരബലിയും മതവും**

മനുഷ്യജീവിതത്തിന്റ സൂക്ഷ്മ നിമിഷങ്ങളിൽ പോലും കൃത്യമായ മാർഗദർശനം നൽകുന്ന ദൈവിക മതത്തിന് ക്രൂരകൃത്യങ്ങളോട് യോജിക്കാൻ കഴിയില്ല. മനുഷ്യനെ ആദരിക്കാനും അപരന്റെ ധനം, രക്തം, അഭിമാനം തുടങ്ങിയവയെ പവിത്രമായി കാണാനും പഠിപ്പിക്കുന്ന ഇസ്‌ലാം നരബലിയെ ശക്തമായി നിരോധിച്ച മതമാണ്. മനുഷ്യന്റ പുരാതന ചരിത്രത്തിൽ നരബലി രേഖപ്പെടുത്തിയ ഇടങ്ങളിലെവിടെയും ഇസ്‌ലാമിന്റ സാന്നിധ്യം കാണാൻ സാധ്യമല്ല. പ്രാചീന കാലങ്ങളിൽ പല ഗോത്ര വർഗങ്ങളിലും ക്രൂരമായ നരബലികൾ നടന്നിരുന്നു. ഇരുമ്പ് യുഗം ആയപ്പോഴേക്കും ആഫ്രിക്ക, യൂറോപ്പ്, ഏഷ്യ എന്നിവിടങ്ങളിൽ നരബലി കുറഞ്ഞു. അപ്പോഴും അമേരിക്കയിലെ ചില ഭാഗങ്ങളിൽ യൂറോപ്യൻ കോളനിവൽകരണംവരെ നരബലി തുടർന്നിരുന്നതായി രേഖപ്പെത്തുന്നുണ്ട്. പുരാതന ജപ്പാനിലെ ഐതിഹ്യങ്ങളിൽ ഹിറ്റോ ബാഷിരയെ (മനുഷ്യസ്തംഭം) കുറിച്ച് പരാമർശിക്കുന്നുണ്ട്. കെട്ടിടങ്ങളെയും മറ്റും ദുരന്തങ്ങളിൽനിന്നോ ശത്രുവിന്റെ ആക്രമണങ്ങളിൽനിന്നോ സംരക്ഷിക്കുന്നതിനായി കന്യകകളെ ജീവനോടെ കുഴിച്ചു മൂടിയിരുന്നുവെന്ന് അതിൽ വ്യക്തമാക്കുന്നുണ്ട്.

1487ൽ ടെനോക്റ്റിറ്റ്ലാനിലെ ഗ്രേറ്റ് പിരമിഡിന്റ പുനഃപ്രതിഷ്ഠയ്ക്കായി നാല് ദിവസത്തിനുള്ളിൽ 80400 തടവുകാരെ നരബലിയർപ്പിച്ചതായി ആസ്ടെക്കുകൾ റിപ്പോർട്ട് ചെയ്തിട്ടുണ്ട്. പതിനായിരത്തിനും എൺപതിനായിരത്തി നാനൂറിനുമിടയിൽ ആളുകളെ ചടങ്ങിൽ ബലിയർപ്പിച്ചതായി ആസ്ടെക് വാർഫെയറിന്റ രചയിതാവായ റോസ് ഹാസിഗ് പറയുന്നുണ്ട്. ഹോമറിക് ഇതിഹാസത്തിൽ ഇഫി ജീനിയയെ, അവളുടെ പിതാവ് അഗമെംനോൺ ആർട്ടമെസിനെ പ്രീതിപ്പെടുത്താൻ ബലിയർപ്പിക്കണമെന്നും അങ്ങനെ ദേവത ട്രോജൻ യുദ്ധം നടത്താൻ ഗ്രീക്കുകാരെ അനുവദിക്കുമെന്നും പറയുന്നുണ്ട്. ചില വിശ്വാസങ്ങളിൽ മരണപ്പെട്ടയാളുടെ ശവസംസ്കാര ചടങ്ങിൽ ജോലിക്കാരെ ബലിയർപ്പിക്കുന്ന പതിവുണ്ടായിരുന്നുവത്രെ! മംഗോളുകൾ, സിഥിയൻമാർ, ഈജിപ്തുകാർ, വിവിധ മെസോ അമേരിക്കൻ മേധാവികൾ എന്നിവർ ആദ്യകാലത്ത് അവരുടെ വീട്ടുജോലിക്കാരും സ്ത്രീകളുംഉൾപെടെയുള്ളവരെ അടുത്തലോകത്തേക്ക് കൊണ്ടുപോകുന്നെന്ന വിശ്വാസത്തിൽ കൊലപ്പെടുത്താറുണ്ടായിരുന്നു. യജമാനനോടൊപ്പം ബലിയർപ്പിക്കപ്പെടുന്നതിനാൽ മരണാനന്തര ജീവിതത്തിൽ അവനെ സേവിക്കുന്നത് തുടരാൻ കഴിയുമെന്നാണ് വിശ്വസിക്കപ്പെട്ടിരുന്നത്. പുരാതന കാലത്തെ ആദിവാസി സമൂഹങ്ങളിൽ ഹെഡ് ഹണ്ടിംഗ് സമ്പ്രദായം നിലനിന്നിരുന്നു. കൊല്ലപ്പെട്ട എതിരാളികളുടെ തല വെട്ടിയെടുക്കുന്ന രീതിയാണത്. ഇസ്‌ലാമിന്റ ആശയങ്ങളോട് ഒരിക്കലും



യോജിക്കാത്ത അപരിഷ്കൃത നിയമങ്ങളാണിത്.

വർഷങ്ങൾക്കുമുമ്പ് ടാൻസാനിയയിൽ ശരീരവും മുടിയും നന്നേവെളുത്ത ആളുകളെ ബലി കൊടുക്കുന്നത് ഭാഗ്യം കൊണ്ടുവരുമെന്ന അന്ധവിശ്വാസം പ്രചരിപ്പിച്ച മുപ്പതിലധികം പുരോഹിതൻമാരെ പോലീസ് അറസ്റ്റ് ചെയ്തു. അതിനിടയിൽ നൂറോളം ആളുകളെ അവർ ബലി നൽകിയതായും അവിടുത്തെ സാമൂഹ്യപ്രവർത്തകർ സാക്ഷ്യപ്പെടുത്തുന്നു.

കൊറിയയിലെ ജിയോങ്ജുവിൽ മൂൺ കാസിലിന്റെ മതിലുകൾക്കു താഴെ പഴക്കമുള്ള രണ്ട് അസ്ഥികൂടങ്ങളുടെ അവശിഷ്ടങ്ങൾ കണ്ടെത്തിയിരുന്നു. കോട്ട നന്നായി പ്രവർത്തിക്കുന്നുണ്ടെന്ന് ഉറപ്പുവരുത്തുന്നതിനായി കോട്ടയുടെ നിർമാണത്തിനു മുമ്പ് ബലിയർപ്പിക്കപ്പെട്ടവരുടെതാണ് ഇവയെന്നാണ് വിശ്വസിക്കപ്പെടുന്നത്.

പുരാതന ഈജിപ്തിലും ചൈനയിലും മരണാനന്തര ജീവിതത്തിൽ രാജാവിനെ സേവിക്കുന്നതിനായി അവരുടെ ശരീരത്തോടൊപ്പം അടിമകളെ ജീവനോടെ അടക്കം ചെയ്തിരുന്നതായും വിശദീകരണമുണ്ട്. ഇങ്ങനെ; ചൈന, ജപ്പാൻ, ഗ്രീസ്, ഇന്ത്യ, ടാൻസാനിയ തുടങ്ങി ലോകത്തെവിടെയുമുള്ള സംസ്കാരങ്ങൾക്കും മനുഷ്യക്കുരുതികളുടെ കഥ പറയാനുണ്ട്.

2015ൽ തമിഴ്നാട്ടിൽ മധുരയിലെ ഗ്രാനൈറ്റ് ക്വാറിയിൽ അനധികൃത ഖനനവുമായി ബന്ധപ്പെട്ട അന്വേഷണത്തിനിടെ ഏഴോളം മൃതശരീരങ്ങൾ കണ്ടെടുത്തതോടെ നരബലിയുടെ ഞെട്ടിക്കുന്ന വിവരങ്ങളാണ് ഉദ്യോഗസ്ഥർ പുറത്തുവിട്ടത്. ക്വാറിയുടെ സമൃദ്ധിയ്ക്കായി ബലി നടത്തിയതാണത്രെ!

2019ൽ ഭഗൽപൂരിൽ സന്താന സൗഭാഗ്യത്തിനായി മന്ത്രവാദിയുടെ നിർദേശപ്രകാരം പത്തു വയസ്സുകാരനെ അമ്മാവൻ കഴുത്തറുത്തുകൊന്നു. കർണാടകയിലെ ബദാന ഗോഡിഗ്രാമത്തിൽ നിധി ലഭിക്കുന്നതിനായി യുവാവ് മുത്തശ്ശിയെ നരബലി നടത്തിയതായി മാധ്യമങ്ങൾ റിപ്പോർട്ട് ചെയ്തു.

പ്രശസ്തരായ മനഃശാസ്ത്രജ്ഞൻമാർ ഇതേക്കുറിച്ച് വസ്തുനിഷ്ഠമായ പഠനങ്ങൾ നടത്തിയിട്ടുണ്ട്. അധികാരത്തെ ശക്തിപ്പെടുത്തുന്നതിന് ഭരണവർഗങ്ങൾ ആചാരപരമായ കൊലപാതകങ്ങൾ ഉപയോഗിച്ചിരുന്നതായി കാണാം. 'സാമൂഹ്യ നിയന്ത്രണ സിദ്ധാന്തം' എന്ന പഠനഭാഗങ്ങളിൽ ഇതിനെ കൃത്യമായി വരച്ചുകാണിക്കുന്നുണ്ട്. താഴ്ന്നവിഭാഗത്തെ നിയന്ത്രിക്കുന്നതിനായി നാഗരികതയുടെ ഉയർച്ചക്കുവേണ്ടി എന്ന വ്യാജേന മനുഷ്യർ 'ത്യാഗങ്ങൾ നടത്തി' എന്ന് വ്യാഖ്യാനിക്കുന്നവരുമുണ്ട്. മനുഷ്യസമൂഹത്തിലെ അധികാരരൂപങ്ങൾ ഉണ്ടായത് സ്ഥാപനവൽകരിക്കപ്പെട്ട അക്രമത്തെ അടിസ്ഥാനമാക്കിയാണെന്നും നിരീക്ഷിക്കുന്നുണ്ട്.

**അധികാരത്തെ ശക്തിപ്പെടുത്തുന്നതിന് ഭരണവർഗങ്ങൾ ആചാരപരമായ കൊലപാതകങ്ങൾ ഉപയോഗിച്ചിരുന്നതായി കാണാം. 'സാമൂഹ്യ നിയന്ത്രണ സിദ്ധാന്തം' എന്ന പഠനഭാഗങ്ങളിൽ ഇതിനെ കൃത്യമായി വരച്ചുകാണിക്കുന്നുണ്ട്. താഴ്ന്നവിഭാഗത്തെ നിയന്ത്രിക്കുന്നതിനായി നാഗരികതയുടെ ഉയർച്ചക്കുവേണ്ടി എന്ന വ്യാജേന മനുഷ്യർ 'ത്യാഗങ്ങൾ നടത്തി' എന്ന് വ്യാഖ്യാനിക്കുന്നവരുമുണ്ട്. മനുഷ്യസമൂഹത്തിലെ അധികാരരൂപങ്ങൾ ഉണ്ടായത് സ്ഥാപനവൽകരിക്കപ്പെട്ട അക്രമത്തെ അടിസ്ഥാനമാക്കിയാണെന്നും നിരീക്ഷിക്കുന്നുണ്ട്. ഇസ്‌ലാമിന്റെ സാന്നിധ്യമില്ലാതിരുന്ന ഇടങ്ങളിലാണ് അന്ധവിശ്വാസവും നരബലിയും തഴച്ചുവളർന്നത് എന്ന് നരവംശശാസ്ത്രവും മാനവചരിത്രവും പരിശോധിച്ചാൽ ബോധ്യമാകും.**

ഇസ്‌ലാമിന്റെ സാന്നിധ്യമില്ലാതിരുന്ന ഇടങ്ങളിലാണ് അന്ധവിശ്വാസവും നരബലിയും തഴച്ചുവളർന്നത് എന്ന് നരവംശശാസ്ത്രവും മാനവചരിത്രവും പരിശോധിച്ചാൽ ബോധ്യമാകും.

ഇലന്തൂരിലെ ഇരട്ട നരബലിയുടെ മുഖ്യപ്രതിയായ മുസ്‌ലിം നാമധാരിയായ ശാഫി ദൈവ വിശ്വാസിയായിരുന്നില്ലെന്നതും ഇസ്‌ലാം നിഷിദ്ധമാക്കിയ ലൈംഗിക വൈകൃതങ്ങളും മദ്യവും ലഹരിയും വ്യാപകമായി ഉപയോഗിക്കുന്നവനുമാണെന്നതും ഇതിനോട് ചേർത്ത് വായിക്കേണ്ടതാണ്,

**നരബലി:**
**ഇസ്‌ലാമിന്റെ സമീപനം**

മനുഷ്യന്റെ ഇഹപര നൻമയ്ക്കും വിജയത്തിനുമായി പ്രപഞ്ച സ്രഷ്ടാവായ അല്ലാഹു നൽകിയ മതമാണ് ഇസ്‌ലാം. മുഹമ്മദ് നബി(സ്വ)യിലൂടെ അത് പൂർത്തീകരിക്കപ്പെട്ടു. മനുഷ്യവർഗമെന്ന വൃത്തത്തിൽ ജാതി, മത, വർഗ, വർണ, ഭാഷ, വേഷ, സ്ഥല, കാല വ്യത്യാസങ്ങൾക്കതീതമായി പ്രോജ്വലിച്ച് നിൽക്കുന്ന സമത്വത്തിന്റെ സുന്ദര ദർശനമാണത്.

ധർമനിഷ്ഠയാണ് ഏതൊരാളെയും മറ്റുള്ളവരിൽനിന്ന് വ്യതിരിക്തനാക്കുന്നത്. അല്ലാഹു പറയുന്നു: "ഹേ; മനുഷ്യരേ, തീർച്ചയായും നിങ്ങളെ നാം ഒരു ആണിൽനിന്നും ഒരു പെണ്ണിൽനിന്നുമായി സൃഷ്ടിച്ചിരിക്കുന്നു. നിങ്ങൾ അന്യോന്യം അറിയേണ്ടതിന് നിങ്ങളെ നാം വിവിധ സമുദായങ്ങളും ഗോത്രങ്ങളും ആക്കുകയും ചെയ്തിരിക്കുന്നു. തീർച്ചയായും അല്ലാഹുവിന്റെ അടുത്ത് നിങ്ങളിൽ ഏറ്റവും ആദരണീയൻ നിങ്ങളിൽ ഏറ്റവും ധർമനിഷ്ഠ പാലിക്കുന്നവനാകുന്നു. തീർച്ചയായും അല്ലാഹു സർവജ്ഞനും സൂക്ഷ്മജ്ഞാനിയുമാകുന്നു" (ക്വുർആൻ 49:13).

ഒരു വിശ്വാസിയുടെ ജീവിതവിജയത്തിനായി മറ്റുള്ളവരെ ഏതെങ്കിലും രൂപത്തിൽ ചൂഷണം ചെയ്യാൻ ഇസ്‌ലാം പറയുന്നില്ല. അതിനുള്ള എല്ലാ പഴുതുകളും

അടച്ചുകൊണ്ടുള്ളതാണ് ഇസ്‌ലാമിലെ ആചാരാനുഷ്ഠാനങ്ങൾ. മനുഷ്യന്റെ കഴിവുകളിൽ പരിമിതമാണ് ഇസ്‌ലാമിന്റെ ഓരോ കൽപനയും. അപരനെ സഹായിക്കുകയും ആദരിക്കുകയും മാനിക്കുകയും ചെയ്യുന്നതിലാണ് പുണ്യമുള്ളതെന്നതാണ് ഇസ്‌ലാം പഠിപ്പിക്കുന്നത്. മറ്റുള്ളവന്റെ ജീവന് വിലകൽപിക്കുന്ന ദൈവികമതം സ്വീകരിച്ച ഒരു വിശ്വാസിക്ക് മനുഷ്യരക്തം ചിന്തിയുള്ള ആചാരങ്ങൾ അന്യമാണെന്നർഥം.

പെൺകുഞ്ഞ് വളരുന്ന വീട് ദുശ്ശകുനത്തിന്റേതാണെന്ന് വാദിച്ച് അപമാനഭാരത്താൽ ജീവനോടെ കുഴിച്ചുമൂടിയിരുന്നവരുണ്ടായിരുന്ന ഒരു ജനതയിലേക്കാണ് മുഹമ്മദ് നബി(സ്വ) ഇസ്‌ലാമിന്റെ വെളിച്ചവുമായി കടന്നുചെന്നത്. അവരെ തിരുത്തുവാനും മനുഷ്യജീവന്റെ മൂല്യം മനസ്സിലാക്കിക്കൊടുക്കുവാനും, പ്രത്യേകിച്ച് സ്ത്രീകളുടെ മഹത്ത്വം തിരിച്ചറിയുന്ന ഒരു സമൂഹത്തെ വാർത്തെടുക്കുവാനും പ്രവാചകന് സാധിച്ചത് വിശുദ്ധ ക്വുർആനിന്റെ ദാർശനികബലംകൊണ്ടായിരുന്നു.

**ഒരു വിശ്വാസിയുടെ ജീവിതവിജയത്തിനായി മറ്റുള്ളവരെ ഏതെങ്കിലും രൂപത്തിൽ ചൂഷണം ചെയ്യാൻ ഇസ്‌ലാം പറയുന്നില്ല. അതിനുള്ള എല്ലാ പഴുതുകളും അടച്ചുകൊണ്ടുള്ളതാണ് ഇസ്‌ലാമിലെ ആചാരാനുഷ്ഠാനങ്ങൾ. മനുഷ്യന്റെ കഴിവുകളിൽ പരിമിതമാണ് ഇസ്‌ലാമിന്റെ ഓരോ കൽപനയും. അപരനെ സഹായിക്കുകയും ആദരിക്കുകയും മാനിക്കുകയും ചെയ്യുന്നതിലാണ് പുണ്യമുള്ളതെന്നതാണ് ഇസ്‌ലാം പഠിപ്പിക്കുന്നത്. മറ്റുള്ളവന്റെ ജീവന് വിലകൽപിക്കുന്ന ദൈവികമതം സ്വീകരിച്ച ഒരു വിശ്വാസിക്ക് മനുഷ്യരക്തം ചിന്തിയുള്ള ആചാരങ്ങൾ അന്യമാണെന്നർഥം.**

### ഇസ്‌ലാം മനുഷ്യനെ ആദരിച്ചു

സൃഷ്ടിജാലങ്ങളിൽനിന്ന് വിശേഷബുദ്ധിയാൽ വ്യതിരിക്തനായ മനുഷ്യനെ ഇസ്‌ലാം ആദരിക്കുകയാണ് ചെയ്തിട്ടുള്ളത്. അവന്റെ രക്തം, അഭിമാനം എന്നിവ പവിത്രവും വിശുദ്ധവുമാണെന്ന് ഇസ്‌ലാം പറയുന്നു.


അല്ലാഹു പറയുന്നു: "തീർച്ചയായും ആദം സന്തതികളെ നാം ആദരിക്കുകയും, കടലിലും കരയിലും അവരെ നാം വാഹനത്തിൽ കയറ്റുകയും, വിശിഷ്ടമായ വസ്തുക്കളിൽനിന്ന് നാം അവർക്ക് ഉപജീവനം നൽകുകയും, നാം സൃഷ്ടിച്ചിട്ടുള്ളവരിൽ മിക്കവരെക്കാളും അവർക്ക് നാം സവിശേഷമായ ശ്രേഷ്ഠത നൽകുകയും ചെയ്തിരിക്കുന്നു" (ക്വുർആൻ 17:70).

പ്രവാചകന്റെ വിടവാങ്ങൽ ഹജ്ജിലെ പ്രൗഢമായ മനുഷ്യാവകാശ പ്രഖ്യാപന പ്രഭാഷണത്തിൽ മനുഷ്യരെ ആദരിക്കേണ്ടതെങ്ങനെ എന്ന് കൃത്യമായി വരച്ചുകാണിക്കുന്നുണ്ട്.

അവിടുന്ന് പറഞ്ഞു: "ജനങ്ങളേ, നിങ്ങളുടെ രക്തവും ധനവും അഭിമാനവും അന്ത്യനാൾവരെ പവിത്രമാണ്. ഈ മാസവും ഈ ദിവസവും പവിത്രമായ പോലെ."

ഹജ്ജിന്റെ ദിനം, പവിത്രമായ മക്ക എന്നിവയെക്കുറിച്ച് ഒരു വിശ്വാസിയുടെ മനസ്സിലുള്ള വികാരവും ആദരവും എത്രയാണോ അതേപോലെ ഓരോ മനുഷ്യന്റെ രക്തത്തിനും അഭിമാനത്തിനും പവിത്രത കൽപിച്ചുനൽകണമെന്ന പ്രവാചകാധ്യാപനമുള്ള ഇസ്‌ലാമിൽ മനുഷ്യവധം, അത് ബലിയായാലും ഹത്യയായാലും എത്ര വലിയ പാപമാണ്!

സമ്പത്തിനോടുള്ള അമിതമായ താൽപര്യമാണ് ഇത്തരം ക്രൂരതകൾക്ക് മനുഷ്യനെ പ്രേരിപ്പിക്കുന്നതെന്നാണ് മനഃശാസ്ത്ര വിദഗ്ധരുടെ വിശദീകരണം. എന്നാൽ ഇസ്‌ലാം അത്തരം മനോഗതികളെ നിയന്ത്രിക്കുന്നുണ്ട്. ഇല്ലായ്മയുടെ നെരിപ്പോടിൽ അല്ലാഹുവിൽനിന്നുള്ള പ്രതിഫലം കാംക്ഷിച്ചുകൊണ്ട് ക്ഷമയവലംബിക്കുന്ന ദരിദ്രന് പരലോകത്ത് വിചാരണ എളുപ്പമാകുമെന്നും ധനികനെക്കാൾ വേഗത്തിൽ സ്വർഗപ്രവേശം സാധ്യമാകുമെന്നും വിശ്വസിക്കുന്ന ഒരു മുസ്‌ലിം ധനസമ്പാദനത്തിന് ഇത്തരം നീചമായ മാർഗം സ്വീകരിക്കുകയില്ല.



ദൈവപ്രീതി ലഭിക്കുമെന്ന വിശ്വാസമാണ് ഇത്തരം കൊലപാതകങ്ങൾക്ക് കാരണമാകുന്നതെന്ന് പറയുമ്പോൾ, ഇസ്‌ലാമിന് ഇതിൽ യാതൊരു പങ്കുമില്ലെന്ന് അറിയുക. അങ്ങനെയൊരു വിശ്വാസം ഇസ്‌ലാം പഠിപ്പിക്കുന്നില്ല. ഇസ്‌ലാം അനുശാസിക്കുന്ന ആചാരങ്ങളുമായി അതിന് യാതൊരു ബന്ധവുമില്ല.

അല്ലാഹുവിന്റെ കൽപന പ്രകാരം മകൻ ഇസ്മാഈലി(അ)നെ പിതാവ് ഇബ്‌റാഹീം(അ) ബലി നൽകാനൊരുങ്ങിയ സംഭവം ക്വുർആനിലുണ്ട്. എന്നാൽ അത് അല്ലാഹുവിന്റെ ഒരു പരീക്ഷണം മാത്രമായിരുന്നു. പിതാവും പുത്രനും അതിന് തയ്യാറായപ്പോൾ അത് ചെയ്യേണ്ട എന്നും പകരം ഒരു മൃഗത്തെ അറുക്കണമെന്നും കൽപിച്ചതും അവർ അതുപോലെ ചെയ്തതുമാണ് ചരിത്രം. അല്ലാഹു

വിന്റെ പ്രീതിക്കായി മനുഷ്യബലി പാടില്ല എന്ന സന്ദേശം കൂടി ഈ സംഭവം നൽകുന്നുണ്ട്.

**കുട്ടികളെ കൊല്ലുന്നത് മഹാപാപം**

നരബലിക്ക് വിധേയമാക്കപ്പെടുന്നവരിലധികവും കുട്ടികളാണെന്നത് വേദനിപ്പിക്കുന്ന കാര്യമാണ്. മാതാപിതാക്കളുടെ പരിലാളനയേറ്റ് നിഷ്കളങ്ക ഭാവത്തോടെ വളരുന്ന പിഞ്ചോമനകളെ സ്വാർഥത മൂടിയ അന്ധവിശ്വാസംപേറി നടക്കുന്നവർ കഴുത്തറുക്കുന്നത് നിഷ്ഠൂരവും ക്രൂരവുമായ ചെയ്തിയാണ്.

ആർത്തിപൂണ്ട മനസ്സുകൾ കുഞ്ഞിനെ ജനിക്കാൻപോലും വിസമ്മതിക്കുന്ന മനുഷ്യാവകാശ ധ്വംസനങ്ങളുടെ ഈ കാലത്ത് അതിനെതിരെ നിശ്ശബ്ദമാകുന്നവരും ദാർശനിക പിന്തുണ നൽകുന്നവരുമാണ് നരബലിയിൽ മതത്തെ തേടിയിറങ്ങിയിരിക്കുന്നത്.

ജനസംഖ്യാവർധനവ് കാരണം പട്ടിണിയും ദാരിദ്ര്യവും രോഗങ്ങളും ക്ഷാമവും അകാലമരണങ്ങളുമാണ് സംഭവിക്കാൻ പോകുന്നതെന്ന് ഭയപ്പെടുത്തി, ജനപ്പെരുപ്പം തടഞ്ഞില്ലെങ്കിൽ പ്രകൃതി തിരിച്ചടിക്കുമെന്ന പ്രചാരണത്തിലൂടെ, മാനവവിഭവശേഷിയിൽ കരുത്തുനേടുന്ന രാഷ്ട്രങ്ങളുടെ മേൽ നിയന്ത്രണമേർപ്പെടുത്താനുള്ള മുതലാളിത്തത്തിന്റെ കുരുട്ടുബുദ്ധിയിൽ ഉദയംചെയ്ത ചില നിയമങ്ങളിലൂടെ ക്രൂരമായി നശിപ്പിക്കപ്പെട്ടത് കോടിക്കണക്കിന് ഗർഭസ്ഥ ശിശുക്കളാണ്.

ജസ്റ്റിസ് വി.ആർ കൃഷ്ണയ്യരുടെ നേതൃത്വത്തിലുള്ള പന്ത്രണ്ടംഗ സമിതി സർക്കാറിന് സമർപ്പിച്ച 'കേരളാ വുമൺസ് കോഡ് ബിൽ 2011' മനുഷ്യന്റെ ജൻമാവകാശത്തെ ഹനിക്കുന്നതാണെന്ന കാര്യം അവിതർക്കിതമാണ്.

ഗർഭാശയത്തിലെ മനുഷ്യജീവന്റെ തുടിപ്പുകളെ ക്രൂരമായി ഛിദ്രം ചെയ്യുന്നതിനെ ന്യായീകരിക്കാൻ സാമ്രാജ്യത്വത്തിന് ദാസ്യവേല ചെയ്യുന്ന നാസ്തികരടക്കമുള്ള, സ്വന്തം സുഖംമാത്രം നോക്കുന്ന സ്വാർഥതയുടെ ആൾരൂപങ്ങൾക്ക് മാത്രമെ സാധിക്കൂ.

ഇവിടെ ദൈവിക മതമായ ഇസ്‌ലാമിന് വ്യക്തമായ കാഴ്ചപ്പാടുണ്ട്. അത് അജ്ഞാന കാലത്തെ അറബികളോട് സംവദിച്ചതുപോലെ അവസാന നാൾവരെയുള്ളവരോടും മനുഷ്യന്റെ അവകാശങ്ങൾക്ക് വേണ്ടി ശബ്ദിച്ചുകൊണ്ടിരിക്കും.

കുട്ടികളെ കൊല്ലുന്നതിനെതിരെ വിശുദ്ധ ക്വുർആൻ മാനവസമൂഹത്തെ ഉദ്ബോധിപ്പിക്കുന്നത് ഇങ്ങനെയാണ്: "ദാരിദ്ര്യഭയത്താൽ നിങ്ങൾ നിങ്ങളുടെ കുഞ്ഞുങ്ങളെ കൊന്നുകളയരുത്. നാമാണ് അവർക്കും നിങ്ങൾക്കും ഉപജീവനം നൽകുന്നത്. അവരെ കൊല്ലുന്നത് തീർച്ചയായും ഭീമമായ അപരാധമാകുന്നു'' (ക്വുർആൻ 17:31).

"നജ്ദത്ത്, ഇബ്നു അബ്ബാസി(റ)നോട് അഞ്ച് കാര്യങ്ങൾ ചോദിച്ചറിയുന്നതിന് കത്തെഴുതി: 'നബി(സ്വ) സ്ത്രീകളെയും കൊണ്ട് യുദ്ധം ചെയ്തിരുന്നോ? അവർക്ക് വിഹിതം നിശ്ചയിച്ചിരുന്നോ? അവിടുന്ന് കുട്ടികളെ കൊന്നിരുന്നോ? അനാഥയുടെ അനാഥത്വം അവസാനിക്കുന്നതെപ്പോൾ? അഞ്ചിലൊന്ന് ആർക്കുള്ളതാണ്? ഇത്രയും കാര്യങ്ങൾ എനിക്ക് പറഞ്ഞു തരൂ.'
അപ്പോൾ ഇബ്നു അബ്ബാസ്(റ) അദ്ദേഹത്തിന് ഇപ്രകാരം എഴുതി: 'റസൂൽ കുട്ടികളെ കൊന്നിട്ടില്ല. അതിനാൽ നിങ്ങൾ കുട്ടികളെ കൊല്ലരുത്...''(മുസ്‌ലിം).
മനുഷ്യനെ ഇത്രയധികം ആദരിച്ച ഒരു പ്രത്യയശാസ്ത്രവും ലോകത്ത് ഉദയം ചെയ്തിട്ടില്ല; ദൈവിക മതമായ ഇസ്‌ലാമല്ലാതെ.

ഇബ്നു ഉമർ(റ) നിവേദനം: "ഒരു യുദ്ധത്തിൽ ഒരു സ്ത്രീ വധിക്കപ്പെട്ടതായി കാണപ്പെട്ടു. അപ്പോൾ പ്രവാചകൻ(സ്വ) സ്ത്രീകളെയും കുട്ടികളെയും വധിക്കുന്നത് നിഷിദ്ധമാക്കി" (ബുഖാരി, മുസ്‌ലിം).

യസീദ്ബ്നു ഹുർമുസ്(റ) നിവേദനം: "നജ്ദത്ത്, ഇബ്നു അബ്ബാസി(റ)നോട് അഞ്ച് കാര്യങ്ങൾ ചോദിച്ചറിയുന്നതിന് കത്തെഴുതി: 'നബി(സ്വ) സ്ത്രീകളെയും കൊണ്ട് യുദ്ധം ചെയ്തിരുന്നോ? അവർക്ക് വിഹിതം നിശ്ചയിച്ചിരുന്നോ? അവിടുന്ന് കുട്ടികളെ കൊന്നിരുന്നോ? അനാഥയുടെ അനാഥത്വം അവസാനിക്കുന്നതെപ്പോൾ? അഞ്ചിലൊന്ന് ആർക്കുള്ളതാണ്? ഇത്രയും കാര്യങ്ങൾ എനിക്ക് പറഞ്ഞു തരൂ.' അപ്പോൾ ഇബ്നു അബ്ബാസ്(റ) അദ്ദേഹത്തിന് ഇപ്രകാരം എഴുതി: 'റസൂൽ കുട്ടികളെ കൊന്നിട്ടില്ല. അതിനാൽ നിങ്ങൾ കുട്ടികളെ കൊല്ലരുത്...''(മുസ്‌ലിം).

മനുഷ്യനെ ഇത്രയധികം ആദരിച്ച ഒരു പ്രത്യയശാസ്ത്രവും ലോകത്ത് ഉദയം ചെയ്തിട്ടില്ല; ദൈവിക മതമായ ഇസ്‌ലാമല്ലാതെ.

ഈ ലോകത്ത് മനുഷ്യൻ ചെയ്യുന്ന പ്രവർത്തനങ്ങൾ എത്ര നിസ്സാരമാണെങ്കിലും പ്രപഞ്ച സ്രഷ്ടാവായ അല്ലാഹുവിന്റെ മുന്നിൽ ചോദ്യം ചെയ്യപ്പെടുന്ന ഒരു നാൾ വരാനുണ്ടെന്ന് വിശ്വസിക്കുന്ന ഒരു മുസ്‌ലിമിന് ഒരു ജീവിയെയും അന്യായമായി നോവിക്കാനാവില്ല. പെൺകുട്ടികൾ ജനിക്കുന്നത് അപമാനമായിക്കരുതി ജീവനോടെ കുഴിച്ചുമൂടിയ ഒരു ജനവിഭാഗത്തിന് വിശുദ്ധ ക്വുർആൻ നൽകിയ ഒരു താക്കീതുണ്ട്. അത് ലോകാവസാനംവരെയുമുള്ള എല്ലാ നരാധമൻമാരോടും ആവർത്തിച്ച് ഓർമപ്പെടുത്തുന്നു:

"(ജീവനോടെ) കുഴിച്ചുമൂടപ്പെട്ട പെൺകുട്ടിയോടു ചോദിക്കപ്പെടുമ്പോൾ; താൻ എന്തൊരു കുറ്റത്തിനാണ് കൊല്ലപ്പെട്ടത് എന്ന്" (ക്വുർആൻ: 81:8,9). ■

# ഏറ്റവും വലിയ അനുഗ്രഹം

ശമീർ മദീനി
: 9048221212



കാരുണ്യവാനായ സൃഷ്ടികർത്താവിന്റെ അനവധി അനുഗ്രഹങ്ങൾ അനുഭവിച്ചും ആസ്വദിച്ചുമാണ് ഈ ലോകത്ത് ഓരോ മനുഷ്യനും ജീവിക്കുന്നത്. വായു, വെള്ളം, വെളിച്ചം, കൈകാലുകൾ, കണ്ണ്, കാത് തുടങ്ങി സമ്പത്ത്, കുടുംബം... എന്നിങ്ങനെ എണ്ണിയാലൊടുങ്ങാത്ത മേഖലകളിൽ അത് വിശാലമാണ്. നബി(സ്വ) പഠിപ്പിച്ചതു പോലെ അവയുടെ വിലയും വിശാലതയും അറിയണമെങ്കിൽ തന്നെക്കാൾ താഴെയുള്ളവരിലേക്ക് ഓരോരുത്തരും നോക്കണമെന്നു മാത്രം. വായുവും വെള്ളവും ഭൂമിയും സൂര്യനും ചന്ദ്രനുമെല്ലാം നമുക്കു വേണ്ടി ഒരുക്കിയവനാണ് അല്ലാഹു:

“അവനാണ് നിങ്ങൾക്ക് വേണ്ടി ‘ഭൂമിയിലുള്ളതെല്ലാം സൃഷ്ടിച്ചുതന്നത്. പുറമെ ഏഴ് ആകാശങ്ങളായി ക്രമീകരിച്ചുകൊണ്ട് ഉപരിലോകത്തെ സംവിധാനിച്ചവനും അവൻതന്നെയാണ്. അവൻ എല്ലാ കാര്യത്തെപ്പറ്റിയും അറിവുള്ളവനാകുന്നു” (ക്വുർആൻ 2:29).

അവൻ ചെയ്തുതന്ന അനുഗ്രഹങ്ങളെ നമുക്ക് എണ്ണിക്കണക്കാക്കുവാൻ കഴിയില്ല:

“അല്ലാഹുവിന്റെ അനുഗ്രഹം നിങ്ങൾ എണ്ണുകയാണെങ്കിൽ നിങ്ങൾക്കതിന്റെ കണക്കെടുക്കാനാവില്ല. തീർച്ചയായും അല്ലാഹു ഏറെ പൊറുക്കുന്നവനും കരുണാനിധിയും തന്നെ” (ക്വുർആൻ 16:18).

ണ്ടെന്ന് മനസ്സിലാക്കുമ്പോഴാണ് ഇസ്‌ലാം എത്രമാത്രം വ്യക്തികളെ ചൂഴ്ന്ന് നിൽക്കുന്നു എന്ന് ബോധ്യമാവുക. തീറ്റയും കുടിയും ഇരുത്തവും നടത്തവും കിടത്തവും നോട്ടവും എന്നുമാത്രമല്ല സർവവും സ്വന്തമിഷ്ടങ്ങളെക്കാളുപരി ദൈവിക മാർഗനിർദേശമനുസരിച്ചാണ് സത്യവിശ്വാസികൾ ക്രമീകരിക്കുക. അതിലൂടെ എന്തെന്നില്ലാത്ത ആത്മനിർവൃതിയും സമാധാനവുമാണ് കൈവരുന്നത്.

"പറയുക: തീർച്ചയായും എന്റെ പ്രാർഥനയും എന്റെ ആരാധനാകർമങ്ങളും എന്റെ ജീവിതവും എന്റെ മരണവും ലോകരക്ഷിതാവായ അല്ലാഹുവിന്നുള്ളതാകുന്നു. അവന്ന് പങ്കുകാരേയില്ല. അപ്രകാരമാണ് ഞാൻ കൽപിക്കപ്പെട്ടിരിക്കുന്നത്. (അവന്ന്) കീഴ്‌പെടുന്നവരിൽ ഞാൻ ഒന്നാമനാണ്" (ക്വുർആൻ 6:162,163).

തനിക്ക് നല്ലതെന്ന് തോന്നുന്നതെന്തോ അതുമാത്രം ചെയ്തും ധർമാധർമങ്ങൾ പരിഗണിക്കാതെയും ജീവിക്കുന്നവർക്ക് ഈ അനുഭൂതിയും ശാന്തിയും ലഭിക്കില്ല. പലരും ദേഹേഛകളെയും മറ്റുള്ളവരുടെ വാക്കുകളെയുമാണ് പിൻപറ്റുന്നതെങ്കിൽ സത്യവിശ്വാസി പ്രപഞ്ചസ്രഷ്ടാവിന്റെ മാർഗനിർദേശങ്ങ

**കാരുണ്യവാനായ സ്യഷ്ടികർത്താവിന്റെ അനവധി അനുഗ്രഹങ്ങൾ അനുഭവിച്ചും ആസ്വദിച്ചുമാണ് ഈ ലോകത്ത് ഓരോ മനുഷ്യനും ജീവിക്കുന്നത്. വായു, വെള്ളം, വെളിച്ചം, കൈകാലുകൾ, കണ്ണ്, കാത് തുടങ്ങി സമ്പത്ത്, കുടുംബം... എന്നിങ്ങനെ എണ്ണിയാലൊടുങ്ങാത്ത മേഖലകളിൽ അത് വിശാലമാണ്. നബി(സ്വ) പഠിപ്പിച്ചതു പോലെ അവയുടെ വിലയും വിശാലതയും അറിയണമെങ്കിൽ തന്നെക്കാൾ താഴെയുള്ളവരിലേക്ക് ഓരോരുത്തരും നോക്കണമെന്നു മാത്രം. വായുവും വെള്ളവും ഭൂമിയും സൂര്യനും ചന്ദ്രനുമെല്ലാം നമുക്കു വേണ്ടി ഒരുക്കിയവനാണ് അല്ലാഹു.**

### ഏറ്റവും വലിയ അനുഗ്രഹം

അല്ലാഹുവിന്റെ അനുഗ്രഹങ്ങളിൽ ഏറ്റവും വലുതും അമൂല്യവുമായത് അവന്റെ മാർഗദർശനം അനുസരിച്ച് അവന് കീഴ്‌പെട്ട് ജീവിക്കുവാനുള്ള മഹാഭാഗ്യമാണ്. അഥവാ ഇസ്‌ലാം ഉൾക്കൊള്ളുവാനും അതനുസരിച്ച് ജീവിക്കുവാനും സാധിക്കുക എന്നതാണ്.

"അല്ലാഹുവിന്റെ റസൂലാണ് നിങ്ങൾക്കിടയിലുള്ളതെന്ന് നിങ്ങൾ മനസ്സിലാക്കണം. പല കാര്യങ്ങളിലും അദ്ദേഹം നിങ്ങളെ അനുസരിച്ചിരുന്നെങ്കിൽ നിങ്ങൾ വിഷമിച്ച് പോകുമായിരുന്നു. എങ്കിലും അല്ലാഹു നിങ്ങൾക്ക് സത്യവിശ്വാസത്തെ പ്രിയങ്കരമാക്കിത്തീർക്കുകയും നിങ്ങളുടെ ഹൃദയങ്ങളിൽ അത് അലംകൃതമായി തോന്നിക്കുകയും ചെയ്തിരിക്കുന്നു. അവിശ്വാസവും അധർമവും അനുസരണക്കേടും നിങ്ങൾക്കവൻ അനിഷ്ടകരമാക്കുകയും ചെയ്തിരിക്കുന്നു. അങ്ങനെയുള്ളവരാകുന്നു നേർമാർഗം സ്വീകരിച്ചവർ. അല്ലാഹുവിങ്കൽനിന്നുള്ള ഒരു ഔദാര്യവും അനുഗ്രഹവുമാകുന്നു അത്. അല്ലാഹു സർവജ്ഞനും യുക്തിമാനുമാകുന്നു" (ക്വുർആൻ 49:7,8).

മനുഷ്യരിലധികവും ജീവിതത്തിന്റെ പല മേഖലകളിലും കൃത്യമായ മാർഗദർശനമില്ലാതെ ഇരുട്ടിൽ തപ്പുമ്പോൾ ഇസ്‌ലാം പുൽകാൻ അവസരം ലഭിച്ചവർ കൃത്യമായ ദൈവിക നിർദേശങ്ങൾക്കനുസരിച്ചാണ് ജീവിതത്തിൽ ഓരോ കാര്യവും ചെയ്യുന്നത്. മലമൂത്രവിസർജന രംഗത്തുവരെയും ഇസ്‌ലാമികാധ്യാപനങ്ങളു





ളെയാണ് പിൻപറ്റുന്നത്. അവൻ സർവശക്തനും സർവലോക പരിപാലകനുമായ അല്ലാഹുവാണ് അത്യുന്നതനെന്നു പ്രഖ്യാപിച്ച്, അവനെ മാത്രം ആരാധിച്ച്, അവനിൽ പരിപൂർണമായും ഭരമേൽപിച്ച് അന്തസ്സാർന്ന ജീവിതമാണ് നയിക്കുക.

ദൈവികമാർഗദർശനം പിൻപറ്റാതെ ജീവിച്ചവർ പിന്നീട് ഖേദിക്കുമെന്ന് ഖുർആൻ അനേകം സ്ഥലങ്ങളിൽ ഉണർത്തിയതായി കാണാം. എന്നാൽ സത്യവിശ്വാസികൾ സന്തോഷത്തോടെ അല്ലാഹുവിനെ സ്തുതിക്കുകയും ആ മഹാഭാഗ്യത്തിന് നന്ദി പറയുകയുമായിരിക്കും ചെയ്യുക. പരലോകത്ത് അവർ ഇങ്ങനെ പറയും:

"...ഞങ്ങളെ ഇതിലേക്ക് നയിച്ച അല്ലാഹുവിന് സ്തുതി. അല്ലാഹു ഞങ്ങളെ നേർവഴിയിലേക്ക് നയിച്ചിരുന്നില്ലെങ്കിൽ ഞങ്ങളൊരിക്കലും നേർവഴി പ്രാപിക്കുമായിരുന്നില്ല. ഞങ്ങളുടെ രക്ഷിതാവിന്റെ ദൂതൻമാർ തീർച്ചയായും സത്യവും കൊണ്ടാണ് വന്നത്..." (ഖുർആൻ 7:43).

**സത്യവിശ്വാസിയുടെ സവിശേഷത**

സ്രഷ്ടാവിനെ പ്രകീർത്തിച്ചും അവന്റെ വിധിവിലക്കുകൾ പാലിച്ചും അവന് നന്ദി പ്രകടിപ്പിച്ചുംകൊണ്ടുള്ള ഇസ്‌ലാമിക ജീവിതവും അതൊന്നും പാലിക്കാതെയുള്ള ജീവിതവും എങ്ങനെയാണ് സമമാവുക?

"അപ്പോൾ, മുഖം നിലത്തു കുത്തിക്കൊണ്ട് നടക്കുന്നവനാണോ സൻമാർഗം പ്രാപിക്കുന്നവൻ? അതല്ല നേരെയുള്ള പാതയിലൂടെ ശരിക്ക് നടക്കുന്നവനോ? പറയുക: അവനാണ് നിങ്ങളെ സൃഷ്ടിച്ചുണ്ടാക്കുകയും നിങ്ങൾക്ക് കേൾവിയും കാഴ്ചകളും ഹൃദയങ്ങളും ഏർപെടുത്തിത്തരികയും ചെയ്തവൻ. കുറച്ചു മാത്രമെ നിങ്ങൾ നന്ദികാണിക്കുന്നുള്ളൂ" (ഖുർആൻ 67:22,23).

ഈ ജീവിതത്തിന്റെ ലക്ഷ്യമെന്ത് എന്ന അടിസ്ഥാനപരമായ ചോദ്യത്തിന് സത്യവിശ്വാസികൾക്ക് കൃത്യമായ ഉത്തരമുണ്ട്. എന്നാൽ സത്യനിഷേധികൾ ആ ചോദ്യത്തിനു മുന്നിൽ പകച്ചുനിൽക്കും. അവർക്ക് ജീവിതയാത്രക്കിടയിലുണ്ടാകുന്ന പ്രതിസന്ധികളെ നേരിടാൻ കഴിയാതെ പ്രയാസപ്പെടേണ്ടിവരും. എന്നാൽ സത്യവിശ്വാസി ഉൾക്കരുത്തോടെ അവയെ തരണം ചെയ്യും. സർവാധിനാഥന്റെ പരീക്ഷണമെന്നു മനസ്സിലാക്കി സഹിക്കാനും ക്ഷമിക്കാനും അവന് കഴിയും.

"പറയുക: അല്ലാഹു ഞങ്ങൾക്ക് രേഖപ്പെടുത്തിയതല്ലാതെ ഞങ്ങൾക്കൊരിക്കലും ബാധിക്കുകയില്ല. അവനാണ് ഞങ്ങളുടെ യജമാനൻ. അല്ലാഹുവിന്റെ മേലാണ് സത്യവിശ്വാസികൾ 'ഭരമേൽപിക്കേണ്ടത്" (ഖുർആൻ 9:51).

ജീവിതത്തിലെ സുഖദുഃഖങ്ങളെ വിശ്വാസത്തിന്റെ കരുത്തുകൊണ്ട് ഒരുപോലെ സ്വീകരിക്കാൻ വിശ്വാസിക്ക് കഴിയുമ്പോൾ അവിശ്വാസി പരീക്ഷണ ഘട്ടത്തിൽ അങ്ങേയറ്റം നിരാശനും ദുഃഖിതനുമായിത്തീരും. ജീവിതനിരാശയും മടുപ്പും ഒരുവേള ആത്മഹത്യയിലേക്കുവരെ അവരെ നയിക്കും.

സത്യവിശ്വാസിയുടെ അവ


**ഈ ജീവിതത്തിന്റെ ലക്ഷ്യമെന്ത് എന്ന അടിസ്ഥാനപരമായ ചോദ്യത്തിന് സത്യവിശ്വാസികൾക്ക് കൃത്യമായ ഉത്തരമുണ്ട്. എന്നാൽ സത്യനിഷേധികൾ ആ ചോദ്യത്തിനു മുന്നിൽ പകച്ചു നിൽക്കും. അവർക്ക് ജീവിതയാത്രക്കിടയിലുണ്ടാകുന്ന പ്രതിസന്ധികളെ നേരിടാൻ കഴിയാതെ പ്രയാസപ്പെടേണ്ടിവരും. എന്നാൽ സത്യവിശ്വാസി ഉൾക്കരുത്തോടെ അവയെ തരണം ചെയ്യും. സർവാധിനാഥന്റെ പരീക്ഷണമെന്നു മനസ്സിലാക്കി സഹിക്കാനും ക്ഷമിക്കാനും അവന് കഴിയും. ജീവിതത്തിലെ സുഖദുഃഖങ്ങളെ വിശ്വാസത്തിന്റെ കരുത്തുകൊണ്ട് ഒരുപോലെ സ്വീകരിക്കാൻ വിശ്വാസിക്ക് കഴിയുമ്പോൾ അവിശ്വാസി പരീക്ഷണ ഘട്ടത്തിൽ അങ്ങേയറ്റം നിരാശനും ദുഃഖിതനുമായിത്തീരും. ജീവിതനിരാശയും മടുപ്പും ഒരുവേള ആത്മഹത്യയിലേക്കുവരെ അവരെ നയിക്കും.**

സ്ഥയെപ്പറ്റി നബി(സ്വ) പറഞ്ഞു: "സത്യവിശ്വാസിയുടെ കാര്യം ആശ്ചര്യകരം തന്നെ! അവന്റെ എല്ലാ കാര്യവും അവന് നന്മ തന്നെ. ഒരു സന്തോഷകരമായ കാര്യമാണ് അവന് ഉണ്ടായതെങ്കിൽ അവൻ അതിന്റെ പേരിൽ അല്ലാഹുവിന് നന്ദി പ്രകടിപ്പിക്കും. അതവന് ഗുണകരമാണ്. ഇനി വല്ല ബുദ്ധിമുട്ടുമാണ് അവനെ ബാധിച്ചതെങ്കിൽ അവനതിൽ ക്ഷമിക്കും. അതും അവന് ഗുണകരമാണ്. ഒരു സത്യവിശ്വാസിയല്ലാത്ത ഒരാൾക്കും അതുണ്ടാവുകയില്ല."

ജീവിതത്തിന്റെ എല്ലാ മേഖലകളിലേക്കും വെളിച്ചം വീശുന്ന ഈ മാർഗദർശനം സ്വീകരിക്കാൻ കഴിയുക എന്നത് ലോകരക്ഷിതാവിന്റെ അപാരമായ അനുഗ്രഹവും മഹാഭാഗ്യവുമാണെന്ന് പറയുന്നത് വസ്തുനിഷ്ഠമായി ചിന്തിക്കുന്നവർക്ക് ബോധ്യപ്പെടാതിരിക്കില്ല.

**ഇരുട്ടിൽനിന്ന് വെളിച്ചത്തിലേക്ക്**

"വിശ്വസിച്ചവരുടെ രക്ഷാധികാരിയാകുന്നു അല്ലാഹു. അവൻ അവരെ ഇരുട്ടുകളിൽനിന്ന് വെളിച്ചത്തിലേക്ക് കൊണ്ടുവരുന്നു. എന്നാൽ സത്യനിഷേധികളുടെ രക്ഷാധികാരികൾ ദുർമൂർത്തികളാകുന്നു. വെളിച്ചത്തിൽനിന്ന് ഇരുട്ടുകളിലേക്കാണ് ആ ദുർമൂർത്തികൾ അവരെ നയിക്കുന്നത്.



അവരത്രെ നരകാവകാശികൾ. അവരതിൽ നിത്യവാസികളാകുന്നു" (ക്വുർആൻ 2:257).

"അഥവാ അല്ലാഹുവിന്റെ വ്യക്തമായ ദൃഷ്ടാന്തങ്ങൾ നിങ്ങൾക്ക് ഓതിക്കേൾപിച്ചു തരുന്ന ഒരു ദൂതനെ നിങ്ങളുടെ അടുത്തേക്കിറക്കിത്തന്നിരിക്കുന്നു; വിശ്വസിക്കുകയും സൽകർമങ്ങൾ പ്രവർത്തിക്കുകയും ചെയ്തവരെ അന്ധകാരങ്ങളിൽനിന്ന് പ്രകാശത്തിലേക്ക് ആനയിക്കുവാൻ വേണ്ടി. വല്ലവനും അല്ലാഹുവിൽ വിശ്വസിക്കുകയും സൽകർമം പ്രവർത്തിക്കുകയും ചെയ്യുന്നപക്ഷം താഴ്ഭാഗത്തുകൂടി അരുവികൾ ഒഴുകുന്ന സ്വർഗത്തോപ്പുകളിൽ അവനെ പ്രവേശിപ്പിക്കുന്നതാണ്. അവർ അതിൽ നിത്യവാസികളായിരിക്കും..." (ക്വുർആൻ 65:11).

അതുകൊണ്ടു തന്നെയാണ് ഇസ്‌ലാം ആശ്ലേഷിച്ചുവെന്നത് ആരോടെങ്കിലും കാണിച്ച ഔദാര്യമല്ല; മറിച്ച് ദൈവികമായ മഹാ അനുഗ്രഹമാണെന്ന് ചിലരെ തിരുത്തിക്കൊണ്ട് ക്വുർആൻ പ്രസ്താവിച്ചത്:

"അവർ ഇസ്‌ലാംമതം സ്വീകരിച്ചു എന്നത് അവർ നിന്നോട് കാണിച്ച ദാക്ഷിണ്യമായി അവർ എടുത്തുപറയുന്നു. നീ പറയുക: നിങ്ങൾ ഇസ്‌ലാം സ്വീകരിച്ചതിനെ എന്നോട് കാണിച്ച ദാക്ഷിണ്യമായി എടുത്ത് പറയരുത്. പ്രത്യുത, സത്യവിശ്വാസത്തിലേക്ക് നിങ്ങൾക്ക് മാർഗദർശനം നൽകി എന്നത് അല്ലാഹു നിങ്ങളോട് ദാക്ഷിണ്യം കാണിക്കുന്നതാകുന്നു. നിങ്ങൾ സത്യവാൻമാരാണെങ്കിൽ (ഇത് നിങ്ങൾ അംഗീകരിക്കുക)" (ക്വുർആൻ 49:17).

"അപ്പോൾ അല്ലാഹുവിന്റെ മതമല്ലാത്ത മറ്റു വല്ല മതവുമാണോ അവർ ആഗ്രഹിക്കുന്നത്? (വാസ്തവത്തിൽ) ആകാശങ്ങളിലും ഭൂമിയിലും ഉള്ളവരെല്ലാം അനുസരണയോടെയോ നിർബന്ധിതമായോ അവന്ന് കീഴ്‌പെട്ടിരിക്കുകയാണ്. അവനിലേക്ക് തന്നെയാണ് അവർ മടക്കപ്പെടുന്നതും"(3:83).

"ഇസ്‌ലാം (ദൈവത്തിനുള്ള ആത്മാർപ്പണം) അല്ലാത്തതിനെ ആരെങ്കിലും മതമായി ആഗ്രഹിക്കുന്ന പക്ഷം അത് അവനിൽ നിന്ന് ഒരിക്കലും സ്വീകരിക്കപ്പെടുന്നതല്ല. പരലോകത്തിൽ അവൻ നഷ്ടക്കാരിൽ പെട്ടവനുമായിരിക്കും" (3:85).

പ്രപഞ്ച സ്രഷ്ടാവും സംരക്ഷകനുമായ അല്ലാഹുവിന്റെ മാർഗനിർദേശങ്ങൾ ശരിയായ രൂപത്തിൽ മനസ്സിലാക്കാനും അത് പിൻപറ്റി ജീവിച്ച് ഇരുലോകത്തും വിജയം വരിക്കാനും അല്ലാഹു നമ്മെ അനുഗ്രഹിക്കട്ടെ.

**സത്യവിശ്വാസിയുടെ അവസ്ഥയെപ്പറ്റി നബി(സ്വ) പറഞ്ഞു: "സത്യവിശ്വാസിയുടെ കാര്യം ആശ്ചര്യകരം തന്നെ! അവന്റെ എല്ലാ കാര്യവും അവന് നന്മ തന്നെ. ഒരു സന്തോഷകരമായ കാര്യമാണ് അവന് ഉണ്ടായതെങ്കിൽ അവൻ അതിന്റെ പേരിൽ അല്ലാഹുവിന് നന്ദി പ്രകടിപ്പിക്കും. അതവന് ഗുണകരമാണ്. ഇനി വല്ല ബുദ്ധിമുട്ടുമാണ് അവനെ ബാധിച്ചതെങ്കിൽ അവനതിൽ ക്ഷമിക്കും. അതും അവന് ഗുണകരമാണ്. ഒരു സത്യവിശ്വാസിയല്ലാത്ത ഒരാൾക്കും അതുണ്ടാവുകയില്ല.'' ജീവിതത്തിന്റെ എല്ലാ മേഖലകളിലേക്കും വെളിച്ചം വീശുന്ന ഈ മാർഗദർശനം സ്വീകരിക്കാൻ കഴിയുക എന്നത് ലോകരക്ഷിതാവിന്റെ അപാരമായ അനുഗ്രഹവും മഹാഭാഗ്യവുമാണെന്ന് പറയുന്നത് വസ്തുനിഷ്ഠമായി ചിന്തിക്കുന്നവർക്ക് ബോധ്യപ്പെടാതിരിക്കില്ല.**




# അടിമത്തം ഉളവാക്കുന്ന ലഹരിപദാർഥങ്ങൾ

ഡോ. മുനവ്വർ

അടിമത്തം ഉളവാക്കുന്ന ലഹരി പദാർഥങ്ങളെ വിശാലമായ അടിസ്ഥാനത്തിൽ അഞ്ചായി തിരിക്കാവുന്നതാണ്. 1) ഉത്തേജകം. 2) മയക്കുമരുന്ന്. 3) മായികവിഭ്രാന്തി ജനിപ്പിക്കുന്നവ. 4) കഞ്ചാവ്. 5) കറുപ്പ്.

**1) ഉത്തേജകം**

ഉത്തേജക ലഹരിപദാർഥങ്ങളുടെ കൂട്ടത്തിൽ ഉൾപ്പെടുന്നവയാണ് കൊക്കയിൻ, നിക്കോട്ടിൻ, പുകയില എന്നിവ. ഇവ നമ്മുടെ രാജ്യത്തു സുലഭമായി ലഭിക്കുന്നുണ്ട്. ഇവ ഉപയോഗിക്കുന്നവർക്ക് താൽക്കാലിക ഉത്തേജനം ഉണ്ടാകുന്നതാണ്.

**2) മയക്കുമരുന്നുകൾ**

ചാരായം, വാലിയം, ചെറിയ തരത്തിൽ മയക്കം ഉണ്ടാകുന്ന മരുന്നുകൾ, കാംപോസ് എന്നിവ ഈ വിഭാഗത്തിൽ പെടുന്നവയാണ്. ഇവ താൽക്കാലികമായി ഉൽക്കണ്ഠ ശമിപ്പിക്കുകയും ചുറ്റുമുള്ള ലോകത്തെക്കുറിച്ചുള്ള ബോധം മന്ദീഭവിപ്പിക്കുകയും ചെയ്യും. എന്നാൽ, ഇവ സ്ഥിരമായി ഉപയോഗിച്ചാൽ മാനസിക സുരക്ഷിതത്വമില്ലായ്മ, ഉൽക്കണ്ഠ, ഉറക്കമില്ലായ്മ എന്നിവയ്ക്കു കാരണമാകും.

**3) മായികവിഭ്രാന്തി ജനിപ്പിക്കുന്നവ**

എൽ.എസ്.ഡി (Lysergic acid diethylamide)യാണ് ഈ വിഭാത്തിൽപ്പെടുന്നവ. ഇവ മായികവിഭ്രാന്തി ജനിപ്പിക്കും. ഇവ ഉപയോഗിക്കുന്നവർക്ക് മായികലോകം ദർശിക്കാൻ കഴിയും. അതായത്, ഇല്ലാത്ത വസ്തുക്കൾ ഉള്ളതായി തോന്നും. ഇത് അതിശക്തമായ മാനസിക അടിമത്തം സൃഷ്ടിക്കുന്ന ലഹരിപദാർഥമാണ്. ഇതിന് അടിമപ്പെടുന്നവരിൽ ഭയം, ഉൽകണ്ഠ, സുരക്ഷിതത്വമില്ലായ്മ എന്നിവ അനുഭവപ്പെടും.

**4) കഞ്ചാവ്**

കഞ്ചാവ്കൂട്ട്, കഞ്ചാവ്, ഹാഷിഷ്, ചരസ്, മാരിഹ്വാന (ചണച്ചെടിയുടെ ഉണക്കിയ പൂവ്) എന്നിവയാണ് ഈ വിഭാഗത്തിൽപ്പെടുന്ന ലഹരിപദാർഥങ്ങൾ, ഇവ മാനസിക അടിമത്തം സൃഷ്ടിക്കുന്ന ലഹരിപദാർഥങ്ങളാണ്. ഇവ സ്ഥിരമായി ഉപയോഗിച്ചാൽ പിന്നീട് എളുപ്പത്തിൽ അതിൽനിന്നു മോചനം നേടുക സാധ്യമല്ല.

**5) കറുപ്പ്**

മയക്കുമരുന്ന് (നാർക്കോട്ടിക്), പെതഡിൻ, ഹെറോയിൻ, കറുപ്പ് എന്നിവയാണ് ഈ വിഭാഗത്തിൽപ്പെടുന്ന ലഹരിപദാർഥങ്ങൾ. ഇവ ശരീരത്തെ ക്ഷീണിപ്പിക്കുന്നവയാണ്.

ആസ്പിരിൻ പോലുള്ള വേദന ശമിപ്പിക്കുന്ന ഔഷധങ്ങൾ ലോകത്തെമ്പാടും വ്യാപകമായ തോതിൽ ഉപയോഗിച്ചുവരുന്നുണ്ട്. ഇത്തരം മരുന്നുകൾക്ക് ഉൽക്കണ്ഠ, വേദന എന്നിവയെ താൽക്കാലികമായി ശമിപ്പിക്കാൻ കഴിയും. ഇവ നാഡീവ്യൂഹത്തിലാണ് പ്രവർത്തിക്കുക.

**കാരണഘടകങ്ങൾ**

വ്യക്തികൾ മയക്കുമരുന്നിന്റെ അടിമകളായി മാറുന്നതിന് പ്രധാനമായും മൂന്നു കാരണങ്ങൾ ഉണ്ട്. 1) ജൈവരാസഘടകങ്ങൾ 2) വ്യക്തിത്വ ഘടകങ്ങൾ 3) സാമൂഹിക-സാംസ്കാരിക പരിതസ്ഥി

തികളുടെ സ്വാധീനം. ഇവ ചുരുക്കി വിവരിക്കാം:

**1) ജൈവരാസഘടകങ്ങൾ**

അടിമത്തം ഉളവാക്കുന്ന ലഹരിപദാർഥങ്ങൾ വളരെ വേഗത്തിൽ തന്നെ അത് ഉപയോഗിക്കുന്ന വ്യക്തിയിൽ ജൈവപരവും രാസപരവുമായ മാറ്റങ്ങൾ ഉളവാക്കും. ഉപയോഗിക്കുന്നവരും പെട്ടെന്നുള്ള മാറ്റമാണ് ആഗ്രഹിക്കുന്നത്. മനസ്സിനെ അലട്ടിക്കൊണ്ടിരിക്കുന്ന ജീവിതപ്രശ്നങ്ങളിൽനിന്നും ദുഃഖങ്ങളിൽനിന്നും ഉൽക്കണ്ഠയിൽനിന്നും മോചനം നേടി സന്തോഷം അനുഭവിക്കുന്നതിനുവേണ്ടിയാണ് ഇവ ഉപയോഗിക്കുന്നത്.

**2) വ്യക്തിത്വ ഘടകങ്ങൾ**

മയക്കുമരുന്നിന് അടിമയാകുന്നവരിൽ അധികംപേർക്കും ഏതെങ്കിലും തരത്തിലുള്ള വ്യക്തിത്വവൈകല്യം ഉണ്ടായിരിക്കും. വൈകാരിക അസ്ഥിരത, വൈകാരിക അപക്വത, എടുത്തുചാട്ടം തുടങ്ങിയവ ഇവരുടെ വ്യവഹാരത്തിൽ അടങ്ങിയിരിക്കും. കാര്യക്ഷമത, വിശ്വാസ്യത തുടങ്ങിയവ കുറഞ്ഞുവരിക, ലഹരിപദാർഥം വാങ്ങുന്നതിനായി മറ്റുള്ളവരെ കബളിപ്പിച്ചും മോഷ്ടിച്ചും പണം ഉണ്ടാക്കുക, കള്ളം ധാരാളമായി പറയുക തുടങ്ങിയ സ്വഭാവദൂഷ്യങ്ങൾ ഇവരിൽ ഉണ്ടാകാം. എന്തെങ്കിലും പുതുമ അനുഭവിക്കണമെന്നുള്ള ചിന്തയാണ് പലരെയും പലപ്പോഴും മദ്യത്തിന്റെയും മയക്കുമരുന്നിന്റെയും അടിമകളാക്കി മാറ്റുന്നത്.

**പാരിസ്ഥിതിക, സാമൂഹിക, സാംസ്കാരിക സ്വാധീനതകൾ**

ലഹരിപദാർഥ അടിമത്തത്തിനു വ്യക്തികൾ വിധേയമാകുന്നതിന് നിരവധി സാമൂഹിക, സാംസ്കാരിക ഘടകങ്ങൾ കാരണമാകാറുണ്ട്. ശിഥിലമാക്കപ്പെട്ട കുടുംബബന്ധങ്ങൾ, രക്ഷാകർത്താക്കളുടെ മോശമായ മനോഭാവം, രക്ഷാകർത്താക്കളുടെയും മുതിർന്ന സഹോദരങ്ങളുടെയും വ്യവഹാര അപസാമാന്യത, സ്നേഹത്തിന്റെ അഭാവം, അധ്യാപകരുടെ നിഷേധാത്മക മനോഭാവം, ക്രിമിനൽ കുറ്റവാളികൾ കൂടുതലായിട്ടുള്ള സ്ഥലങ്ങളിലെ താമസം തുടങ്ങിയവ ലഹരിപദാർഥ അടിമത്തത്തിലേക്ക് വ്യക്തികളെ തള്ളിവിടുന്ന ചില സുപ്രധാന ഘടകങ്ങളാണ്.

**മയക്കുമരുന്നിന് അടിമയാകുന്നവരിൽ അധികംപേർക്കും ഏതെങ്കിലും തരത്തിലുള്ള വ്യക്തിത്വവൈകല്യം ഉണ്ടായിരിക്കും. വൈകാരിക അസ്ഥിരത, വൈകാരിക അപക്വത, എടുത്തുചാട്ടം തുടങ്ങിയവ ഇവരുടെ വ്യവഹാരത്തിൽ അടങ്ങിയിരിക്കും. കാര്യക്ഷമത, വിശ്വാസ്യത തുടങ്ങിയവ കുറഞ്ഞുവരിക, ലഹരിപദാർഥം വാങ്ങുന്നതിനായി മറ്റുള്ളവരെ കബളിപ്പിച്ചും മോഷ്ടിച്ചും പണം ഉണ്ടാക്കുക, കള്ളം ധാരാളമായി പറയുക തുടങ്ങിയ സ്വഭാവദൂഷ്യങ്ങൾ ഇവരിൽ ഉണ്ടാകാം. എന്തെങ്കിലും പുതുമ അനുഭവിക്കണമെന്നുള്ള ചിന്തയാണ് പലരെയും പലപ്പോഴും മദ്യത്തിന്റെയും മയക്കുമരുന്നിന്റെയും അടിമകളാക്കി മാറ്റുന്നത്.**

**എങ്ങനെ നിയന്ത്രിക്കാം?**

മയക്കുമരുന്നിന് അടിമകളായവരെ നിയന്ത്രിക്കുക വളരെ പ്രയാസമുള്ളതും അതിസങ്കീർണവുമായ ജോലിയാണ്. ഒരു മനോരോഗ ചികിത്സകനോ മനശ്ശാസ്ത്രജ്ഞനോ സാമൂഹികപ്രവർത്തകനോ ഒറ്റയ്ക്ക് ഏറ്റെടുത്തു നിർവഹിക്കാവുന്ന ഒന്നല്ല അത്. പ്രത്യേക വൈദഗ്ധ്യം നേടിയിട്ടുള്ള ഒരുകൂട്ടം വ്യക്തികളുടെ കൂട്ടായ പരിശ്രമം ഇതിന് ആവശ്യമാണ്. ആദ്യത്തെ നടപടി ലഹരിപദാർഥങ്ങൾ ഉപയോഗിക്കുന്നതിൽനിന്നും ഇവരെ മോചിതരാക്കുകയാണ്. ലഹരിപദാർഥങ്ങൾ നിർത്തലാക്കുകമൂലം പ്രത്യക്ഷപ്പെടുന്ന പിൻവലിയൽ ലക്ഷണങ്ങൾ അനുയോജ്യമായ മരുന്നുകൾ നൽകി ഒഴിവാക്കാവുന്നതാണ്.

**പിൻവലിയൽ ലക്ഷണങ്ങൾ**

വേണ്ടവണ്ണം നിയന്ത്രണവിധേയമാക്കിക്കഴിഞ്ഞാൽ മനോരോഗ ചികിത്സകനു പ്രത്യേക ചികിത്സാരീതികൾ ഉപയോഗപ്പെടുത്താവുന്നതാണ്. മനശ്ശാസ്ത്ര ചികിത്സ, മനശ്ശാസ്ത്രപരമായ ഉപദേശങ്ങളും നിർദേശങ്ങളും തുടങ്ങിയവ ഇതിൽ ഉൾപ്പെടും. ഉപദേശങ്ങളും നിർദേശങ്ങളും നൽകുന്ന ഉത്തരവാദിത്തം മനശ്ശാസ്ത്രജ്ഞനോ വിദഗ്ധോപദേശകനോ ഏറ്റെടുക്കാവുന്നതാണ്. വ്യക്തികൾക്ക് പ്രത്യേകമായും കൂട്ടായും മാർഗനിർദേശം നൽകാവുന്നതാണ്. ഇതിനുശേഷം സാമൂഹിക പ്രവർത്തകൾക്ക് ഇവരെ സഹായിക്കാൻ കഴിയും.

വീടുകൾ സന്ദർശിച്ചു ചികിത്സയ്ക്ക് വിധേയരായിട്ടുള്ള വ്യക്തികൾക്കും അവരുടെ കുടുംബാംഗങ്ങൾക്കും ആവശ്യമായ മാർഗനിർദേശങ്ങളും ഉപദേശങ്ങളും നൽകുന്ന ഉത്തരവാദിത്തം സാമൂഹിക പ്രവർത്തകർക്ക് ഏറ്റെടുക്കാവുന്നതാണ്. മയക്കുമരുന്ന് അടിമത്തത്തിനു വിധേയരായിരിക്കുന്നവർക്ക് കുടുംബത്തിലും സമൂഹത്തിലും മാന്യമായ അംഗീകാരവും സ്ഥാനവും നേടിക്കൊടുക്കുന്നതിൽ സാമൂഹികപ്രവർത്തകർക്ക് വളരെയേറെ സഹായങ്ങൾ ചെയ്യാൻ കഴിയും. അടിമത്തത്തിൽനിന്നു മോചനം നേടിയവർക്ക് അനുയോജ്യമായ തൊഴിൽ പരിശീലനം നൽകി ആരോഗ്യകരമായ ജീവിതശൈലിയിലേക്ക് മടങ്ങിപ്പോകുന്നതിനുള്ള സംവിധാനങ്ങളും ഉറപ്പാക്കേണ്ടതുണ്ട്. ഇത്തരത്തിലുള്ള വിവിധതരം ആസൂത്രിത പ്രവർത്തനങ്ങളിലൂടെ മയക്കുമരുന്ന് അടിമകളെ സാമാന്യവ്യവഹാരത്തിന്റെ ഉടമകളാക്കി മാറ്റി സാമൂഹിക ജീവിതത്തിന്റെ മുഖ്യധാരയിൽ കൊണ്ടുവരാവുന്നതാണ്. ■




# നമ്മുടെ രാജ്യത്തെ കോടതികൾ

**അബൂആദം അയ്മൻ**

**വിചാരണാധികാരം**

സിവിൽ കോടതികളുടെ വിചാരണാധികാരപരിധി മുഖ്യമായി രണ്ടുവിധമുണ്ട്. ഒന്നാമത്തേത് പ്രദേശപരമായ വിചാരണാധികാരപരിധി (Local limits of Jurisdictio) ആണ്. ഓരോ കോടതിയുടെയും ഈ വിചാരണാധികാരപരിധി പ്രത്യേകം നിർണയിച്ചിട്ടുണ്ട്. രണ്ടാമത്തേത് വ്യവഹാരമൂല്യാധിഷ്ഠിത വിചാരണാധികാരപരിധി (Pecuniary jurisdiction) ആണ്. ഒരു കേസിലെ തർക്കവിഷയത്തിനുള്ള മതിപ്പുവിലയായിരിക്കും ആ കേസിന്റെ വ്യവഹാരമൂല്യം അഥവാ സല. പത്തുലക്ഷം രൂപ വരെ സലയുള്ള കേസുകൾ മുൻസിഫ് കോടതിയിലും, അതിൽ കവിഞ്ഞ സലയുള്ള എല്ലാ കേസുകളും സബ്കോടതിയിലുമാണ് ഫയൽചെയ്യേണ്ടത്.

കോടതികളുടെ വിചാരണാധികാരകാര്യത്തിൽ വേറെയും തരംതിരിവുകളുണ്ട്. അപ്പീലുകൾ കേൾക്കുന്നതിനുള്ള ഉന്നതകോടതികളുടെ വിചാരണാധികാരം (appellate jurisdiction), സിവിൽ കേസുകളെ സംബന്ധിച്ചുള്ള കോടതികളുടെ വിചാരണാധികാരം (civil jurisdiction), ക്രിമിനൽ കേസുകളെ സംബന്ധിച്ചുള്ള കോടതികളുടെ വിചാരണാധികാരം (criminal jurisdiction), ഒരു പ്രദേശത്തെ ഒരു കേസ് വിചാരണചെയ്യുന്നതിന് ഒരേസമയം അതേ പ്രദേശത്തെ ഒന്നിലധികം കോടതികൾക്കുള്ള തുല്യാധികാരം (concurrent jurisdiction), ഒരാളുടെ അവകാശങ്ങൾ നടപ്പിലാക്കിക്കൊടുക്കുന്നതിനുള്ള കോടതികളുടെ ധാർമികമായുള്ള വിചാരണാധികാരം (equitable jurisdiction), കടലിനെയോ കപ്പലുകളെയോ കടൽമാർഗമുള്ള വാണിജ്യത്തെയോ സംബന്ധിച്ച കേസുകൾ വിചാരണചെയ്യുന്നതിനുള്ള കോടതികളുടെ അധികാരം (maritime jurisdiction), ഒരു കേസിന്റെ വിചാരണ ആദ്യം നടത്തുന്നതിനുള്ള അധികാരം അഥവാ അസൽ വിചാരണാധികാരം (original jurisdiction) തുടങ്ങിയവ ഇവയിൽ പെടും.

**ഹർജികൾ**

കോടതികളിലും മറ്റ് അധികൃതസ്ഥാനങ്ങളിലും ജനങ്ങൾ തങ്ങളുടെ സങ്കടങ്ങളും ആവശ്യങ്ങളും ബോധിപ്പിക്കുന്നത് ഹർജി (petition) മുഖേനയാണ്. ഹർജികളും പലതരമുണ്ട്. advance petition (കോടതി ഒരു തീയതിയിൽ കേൾക്കാൻ നിശ്ചയിച്ചിരിക്കുന്ന കേസ് അതിലും നേരത്തെയുള്ള ഒരു തീയതിയിൽ കേൾക്കണമെന്ന് അപേക്ഷിച്ചുകൊണ്ട് ആ കേസിലെ കക്ഷി കോടതിയിൽ സമർപ്പിക്കുന്ന ഹർജി), appeal petition (അപ്പീൽ ഹർജി), clemency petition (മാപ്പ് അപേക്ഷിച്ചുകൊണ്ടുള്ള ഹർജി), divorce petition (വിവാഹമോചന ഹർജി),election petition (തിരഞ്ഞെടുപ്പുഹർജി), execution petition (വിധിനടത്തു ഹർജി), joint petition (സംയുക്ത ഹർജി-കൂട്ടു ഹർജി), mercy petition (ദയാഹർജി-ഉദാ: തൂക്കിക്കൊല്ലാൻ വിധിക്കപ്പെട്ടയാളെ വധശിക്ഷയിൽനിന്ന് ഒഴിവാക്കാൻ ദയവാകണമെന്ന് അപേക്ഷിച്ചുകൊണ്ട് അയാളുടെ കുടുംബം രാഷ്ട്രപതിക്ക് സമർപ്പിക്കുന്ന ഹർജി), original petition (അസൽ

ഹർജി, ആദ്യവ്യവഹാരത്തിന് (അസൽ കേസിന്) അടിസ്ഥാനമായ ഹർജി), pauper petition or IP petition or bankruptcy petition (പാപ്പർ ഹർജി, ഒരാളെ പാപ്പരായി പ്രഖ്യാപിക്കണമെന്ന് അപേക്ഷിച്ചു. കൊണ്ടുള്ള ഹർജി), (public interest petition (പൊതുതാൽപര്യഹർജി), review petition (റിവ്യൂ ഹർജി), revision petition (റിവിഷൻ ഹർജി), special leave petition (സുപ്രീം കോടതിയിൽ അപ്പീൽ ബോധിപ്പിക്കുന്നതിന് പ്രത്യേകാനുമതി നൽകണമെന്ന് അപേക്ഷിച്ചുകൊണ്ട് ആ കോടതിയിൽ സമർപ്പിക്കു ഹർജി), winding up petition (ഒരു കമ്പനി ലിക്വിഡേറ്റ് ചെയ്യാൻ അപേക്ഷിച്ചുകൊണ്ടുള്ള ഹർജി).

**പരിഹാരങ്ങൾ**

ഹർജിക്കാരുടെ ആവശ്യങ്ങൾക്കും സങ്കടങ്ങൾക്കും പരിഹാരം (remedy) ഉണ്ടാക്കുകയാണല്ലോ കോടതികളുടെ കർത്തവ്യം. പരിഹാരം പലവിധമുണ്ട്: constitutional remedy (ഭരണഘടനാപരമായുള്ള പരിഹാരം), legal remedy (നിയമപരമായുള്ള പരിഹാരം), private law remedy (സ്വകാര്യബന്ധനിയന്ത്രിത നിയമവ്യവസ്ഥകൾ പ്രകാരമുള്ള പരിഹാരം), public remedy (പൊതുനിയമപ്രകാരമുള്ള പരിഹാരം), equitable remedies (നീതിപൂർവകമായ പരിഹാരങ്ങൾ. ഉദാ: നിരോധനം, കരാർ വ്യവസ്ഥകളുടെ കൃത്യമായുള്ള നിർവഹണം, റീസിവർ നിയമനം മുതലായവ), remedies by law (നിയമപ്രകാരമുള്ള പരിഹാരങ്ങൾ. ഉദാ: വ്യവഹാരം, ഒഴിപ്പിക്കൽ, നിരോധനം മുതലായവ).

**അവകാശങ്ങൾ**

ജനങ്ങൾക്ക് അവകാശങ്ങളുടെ (Rights) സംരക്ഷണത്തിനും, അവകാശങ്ങൾ സ്ഥാപിച്ചുകിട്ടുന്നതിനും വേണ്ടി പലപ്പോഴും കോടതികളെ ആശ്രയിക്കേണ്ടതായിവരും. അവകാശങ്ങളാകട്ടെ. ബഹുവിധമുണ്ടുതാനും: absolute right (പരിപൂർണാവകാശം, accessory right ഒരു സൗകര്യാവകാശത്തിന്റെ പൂർണമായ അനുഭവം ഭദ്രമാക്കുന്നതിന് ആവശ്യമായ പ്രവൃത്തികൾ ചെയ്യുന്നതിനുള്ള അവകാശം), civil rights (പൗരാവകാശങ്ങൾ, വ്യക്തികളുടെ നിയമാനുസൃതമായ അവകാശങ്ങളും പ്രത്യേകാവകാശങ്ങളും), constitutional rights (ഭരണഘടനാപരമായ അവകാശങ്ങൾ. ഉദാ: ഇന്ത്യൻ ഭരണഘടന പൗരന്മാർക്ക് ഉറപ്പുനൽകുന്ന മൗലികാവകാശങ്ങൾ), fundamental rights (സമത്വത്തിനുള്ള അവകാശം, സ്വാതന്ത്ര്യത്തിനുള്ള അവകാശം. ചൂഷണത്തിനെതിരെയുള്ള അവകാശം, സാംസ്കാരികവും വിദ്യാഭ്യാസപരവുമായ അവകാശങ്ങൾ, ഭരണഘടനാപരമായ പരിഹാരങ്ങൾക്കുള്ള അവകാശം തുടങ്ങിയവ ഈ അവകാശങ്ങളിൽ പെടുന്നതാണ്. സ്വത്തിനുള്ള അവകാശവും മൗലികാവകാശങ്ങളിൽ ഉൾപ്പെടുത്തിയിരുന്നെങ്കിലും,1979 ഏപ്രിൽ 30ന് നിലവിൽവന്ന 44ാമത് ഭരണഘടനാഭേദഗതി നിയമപ്രകാരം ഈ മൗലികാവകാശ പദവി എടുത്തുകളയുകയുണ്ടായി. ഇപ്പോൾ സ്വത്തിനുള്ള അവകാശം നിയമപരമായ അവകാശം മാത്രമാണ്). easement right (ഒരു വസ്തുവിന്റെ ഗുണപ്രദമായ അനുഭവത്തിന്, വസ്തുവിന്റെ ഉടമയ്ക്ക് അയൽവസ്തുവിൽ നിയമപ്രകാരം സിദ്ധിച്ചിട്ടുള്ളതായ എന്തെങ്കിലും സൗകര്യാവകാശം. ഉദാ: അയൽവസ്തുവിലൂടെ വഴിനടക്കുന്നതിനുള്ളതായ അവകാശം), foreign rights (വിദേശരാജ്യത്ത് എന്തെങ്കിലും വിൽക്കുന്നതിനുള്ള അവകാശങ്ങൾ), legal right (നിയമപ്രകാരമുള്ള അവകാശം, നിയമാനുസൃത അവകാശം), natural right (സ്വാഭാവികാവകാശം), occupancy right (കൈവശത്തിൽ വച്ച് അനുഭവിക്കാനുള്ള അവകാശം), possessory right (കൈവശസംബന്ധമായുള്ള അവകാശം), private right (സ്വകാര്യവ്യക്തിയെന്നോ, സ്വകാര്യവ്യക്തികളെന്നോ ഉള്ള നിലയിൽ നിക്ഷിപ്തമായിട്ടുള്ള അവകാശം), proprietary right (ഉടമസ്ഥാവകാശം, ഒരു വസ്തുവിന്റെ ജന്മാവകാശം), public right (പൊതുജന കാര്യങ്ങളെന്ന നിലയിലുള്ള അവകാശം).

**ബാധ്യതകൾ**

നിയമപ്രകാരം തങ്ങൾക്ക് ഉത്തരവാദിത്തമുള്ളതായ ബാധ്യത (liabiltiy)കൾ കക്ഷികൾ നിറവേറ്റാതെ വരുന്നത് വ്യവഹാരങ്ങൾക്ക് കാരണമാകുന്നതാണ്. ബാധ്യതകൾ പലതരമുണ്ട്: cotnractual liabiltiy (കരാർ വ്യവസ്ഥകൾ പാലിക്കാനുള്ള നിയമപരമായ ബാധ്യത), criminal liabiltiy (കുറ്റക്കാരനെന്ന നിലയിലുള്ള ബാധ്യത), joint Liabiltiy (കൂട്ടായുള്ള ബാധ്യത), joint and several liabiltiy (കൂട്ടായും ഒറ്റയ്ക്കൊറ്റയ്ക്കുമുള്ളതായ ബാധ്യത), a joint or several liabiltiy (കൂട്ടായോ ഒറ്റയ്ക്കൊറ്റയ്ക്കോ ഉള്ളതായ ബാധ്യത), legal liabiltiy (നിയമപരമായുള്ള ബാധ്യത), personal liability (വ്യക്തിപരമായുള്ള ബാധ്യത), limited liabiltiy (ക്ലിപ്ത ബാധ്യത, ബാധ്യതകൾ ക്ലിപ്തമായുള്ള ഒരു കമ്പനി രൂപവൽക്കരിക്കുന്നതുമൂലം കമ്പനിയുടെ കടങ്ങൾ സംബന്ധിച്ചിടത്തോളം കമ്പനിയിലെ അംഗങ്ങൾക്ക് (ഓഹരിയുടമകൾക്ക്) തങ്ങളുടെ ഓഹരികളുടെ മുഖവിലയോളം മാത്രമെ ബാധ്യതയുള്ളൂവെന്ന തത്ത്വം), strict liabiltiy (ഒരു കുറ്റത്തിന് -തെറ്റുകാരനാണെങ്കിലും അല്ലെങ്കിലും-ഉള്ള പൂർണ ഉത്തരവാദിത്തം), tortious liabiltiy (തന്റെ കർത്തവ്യലംഘനം മൂലം മറ്റൊരാൾക്കു നേരിട്ട നഷ്ടത്തിനോ ദ്രോഹത്തിനോ ഒരാൾക്കുള്ള ഉത്തരവാദിത്തം അല്ലെങ്കിൽ ബാധ്യത), vicarious liabiltiy (മറ്റൊരാൾ വരുത്തിവയ്ക്കുന്ന നഷ്ടത്തിനും ദ്രോഹത്തിനും പരിഹാരം ചെയ്യാൻ ഒരാൾക്കുണ്ടാകുന്ന (ഉദാ: പ്രത്യേകിച്ചും ജോലി നിർവഹണത്തിനിടയിൽ ഒരു തൊഴിലാളി ചെയ്യുന്ന പ്രവൃത്തികൾക്ക് തൊഴിലുടമയ്ക്കുണ്ടാകുന്ന) ബാധ്യത; പ്രാതിനിധ്യസ്വഭാവത്തോടുകൂടിയ ബാധ്യത). ■



# അന്ധവിശ്വാസങ്ങൾ അവസാനിക്കണമെങ്കിൽ

ശരീഫ് കാര
: 9495405696

സാക്ഷരതയും വിദ്യാസമ്പന്നതയും മനുഷ്യനെ അന്ധവിശ്വാസങ്ങളിൽനിന്നും രക്ഷപ്പെടുത്തുന്നില്ല എന്നാണ് സമീപകാല സംഭവങ്ങൾ നമ്മെ അറിയിക്കുന്നത്. ഒരുഭാഗത്ത് പുരോഗമനത്തിന്റെയും സാക്ഷരതയുടെയും നവോത്ഥാനത്തിന്റെയും പേരിൽ മേനി നടിക്കുകയും മറുഭാഗത്ത് മനുഷ്യ മനഃസാക്ഷിയെ ഭയപ്പെടുത്തുന്ന രൂപത്തിലുള്ള അന്ധവിശ്വാസങ്ങൾ അരങ്ങ് തകർക്കുകയും ചെയ്യുന്നു എന്നതാണ് നാം കണ്ടുകൊണ്ടിരിക്കുന്നത്.

അന്ധവിശ്വാസങ്ങളുടെ ഭാഗമായി വല്ല ക്രൂരകൃത്യവും നടന്നുകഴിഞ്ഞാൽ അത് നമുക്കിടയിൽ സംസാരവിഷയമാകും. ചാനലുകളിൽ ചർച്ച പൊടിപൊടിക്കും. അതിനെ ഇല്ലായ്മ ചെയ്യാനുള്ള വഴികളെക്കുറിച്ച് ഉറ്റാലോചിക്കും. പക്ഷേ, അതെല്ലാം ചർച്ചകളിൽതന്നെ അവസാനിക്കാറാണ് പതിവ്. ഏതാനും ദിവസങ്ങൾക്കകം അത് വിസ്മൃതിയിലാകും. അന്ധവിശ്വാസങ്ങൾക്ക് അറുതി വരുത്തണമെങ്കിൽ ചില അനിവാര്യമായ കാര്യങ്ങൾ മനുഷ്യനിൽ ഉണ്ടായിരിക്കണം

**ശരിയായ ദൈവവിശ്വാസം**

നമ്മുടെ നാട്ടിൽ യുക്തിവാദികൾ എന്ന് സ്വയം അവകാശപ്പെ

ടുന്നവർ സാധാരണയായി പറയാറുള്ളത് മതം, ദൈവവിശ്വാസം, ആരാധനകൾ എന്നിവയാണ് മനുഷ്യനെ അന്ധവിശ്വാസങ്ങളിലേക്ക് എത്തിക്കുന്നത് എന്നാണ്. പക്ഷേ, നരബലിയിടെ വിഷയത്തിൽ നേതൃത്വം നൽകിയ വ്യക്തി ദൈവവിശ്വാസിയല്ല എന്നും തന്റെ കൂട്ടുകാരനെ മതവിശ്വാസത്തിൽനിന്നും വിട്ടുനിൽക്കാൻ അയാൾ പ്രേരിപ്പിച്ചിരുന്നു എന്നുമാണ് വ്യക്തമാകുന്നത്.

ഇത്തരം പ്രവർത്തനങ്ങളിൽ ഏർപ്പെടുന്നവർ ഒന്നുകിൽ വിശ്വാസം ഇല്ലാത്തവരൊ അല്ലെങ്കിൽ നാമമാത്ര വിശ്വാസികളൊ ആയിരിക്കും. ഏകനായ അല്ലാഹുവിൽ വിശ്വസിക്കുന്ന ഒരു ശരിയായ വിശ്വാസിക്ക് ഇത്തരം ക്രൂരത കാണിക്കാൻ കഴിയില്ല. കാരണം തന്റെ രക്ഷിതാവായ അല്ലാഹു എല്ലാ കാര്യങ്ങൾക്കും കഴിയുന്നവനാണ് എന്ന ബോധ്യം അവനിൽ അനിവാര്യമായും ഉണ്ടായിരിക്കും.

ആഗ്രഹങ്ങൾ സഫലീകരിക്കാനും നഷ്ടപ്പെട്ടത് തിരിച്ചുകിട്ടാനും രോഗശമനത്തിനുവേണ്ടിയും പ്രതിസന്ധികൾക്ക് പരിഹാരം തേടിയുമൊക്കെയാണ് ആളുകൾ അന്ധവിശ്വാസ കേന്ദ്രങ്ങളിൽ എത്തിച്ചേരുന്നത്. എന്നാൽ ഇത്തരം രംഗങ്ങളിൽ വിശ്വാസികളുടെ സമീപനം എന്താകണമെന്ന് പ്രവാചകൻമാരുടെ ചരിത്രത്തിലൂടെ ഇസ്‌ലാം പഠിപ്പിക്കുന്നുണ്ട്. രോഗശമനത്തിന് അയ്യൂബ് നബി(അ)യും സന്താന സൗഭാഗ്യത്തിനായി സകരിയ്യ നബി(അ)യും നഷ്ടപ്പെട്ട മകനെ തിരികെ കിട്ടാൻ യഅ്ക്വൂബ് നബി(അ)യും പ്രതിസന്ധികളിൽ പരിഹാരത്തിനായി ഇബ്‌റാഹീം നബി(അ), മൂസാനബി(അ), മുഹമ്മദ് നബി(സ്വ) എന്നിവരും അല്ലാഹുവിനോട് പ്രാർഥിക്കുകയും അവനിൽ ഭരമേൽപിക്കുകയും ചെയ്തത് ക്വുർആൻ എടുത്തുപറയുന്നതായി കാണാം. സത്യവിശ്വാസികളുടെ സ്വഭാവമായി ക്വുർആൻ ആവർത്തിച്ച് പറഞ്ഞതും അതുതന്നെയാണ്.

"അല്ലാഹുവെപ്പറ്റി പറയപ്പെട്ടാൽ ഹൃദയങ്ങൾ പേടിച്ച് നടുങ്ങുകയും, അവന്റെ ദൃഷ്ടാന്തങ്ങൾ വായിച്ചുകേൾപിക്കപ്പെട്ടാൽ വിശ്വാസം വർധിക്കുകയും, തങ്ങളുടെ രക്ഷിതാവിന്റെ മേൽ ഭരമേൽപിക്കുകയും ചെയ്യുന്നവർ മാത്രമാണ് സത്യവിശ്വാസികൾ" (ക്വുർആൻ 8:2).

**വിധിയിലുള്ള ദൃഢവിശ്വാസം**

ദൈവവിശ്വാസത്തിന്റെ തന്നെ ഭാഗമായി നമ്മിൽ ഉണ്ടാകേണ്ടതാണിത്. തന്റെ കാര്യങ്ങൾ എല്ലാം സ്രഷ്ടാവിന്റെ വിധി പ്രകാരമാണ് നടക്കുകയെന്നും അവൻ എനിക്ക് എന്റെ കാര്യത്തിൽ വിധിക്കുന്നതെല്ലാം ആത്യന്തികമായി എനിക്ക് നന്മ മാത്രമായിരിക്കും എന്നും വിശ്വസിക്കുന്ന ഒരാൾ നേട്ടങ്ങൾക്കൊ നഷ്ടങ്ങളെ പരിഹരിക്കാനൊ അന്യായമായ ഒരു വഴിയും അന്വേഷിക്കുകയില്ല. ഒരു വിശ്വാസി ദിനേന പലതവണ ആവർത്തിക്കുന്ന പ്രാർഥനയിലും അവൻ പറയുന്നത് '...അല്ലാഹുവേ, നീ നൽകിയതിനെ തടയുന്നവനായി ആരുമില്ല, നീ തടഞ്ഞുവെച്ചതിനെ നൽകുന്നവനായും ആരുമില്ല...'(ബുഖാരി) എന്നാണ്.

ഈ ബോധ്യം ഇല്ലാതെ വരുമ്പോൾ കറുത്ത പൂച്ചയും കന്നിമൂലയും ചൊവ്വാഴ്ച ദിവസവും മൂങ്ങയുടെ മൂളലും പതിമൂന്നാം നമ്പറും തുടങ്ങി പലതും മനുഷ്യന് മുന്നിൽ ഭയത്തിന്റെ പ്രതീകങ്ങളാകും. കാക്കയുടെ കരച്ചിലും കൈവെള്ളയിലെ ചൊറിച്ചിലും പുൽച്ചാടിയുടെ സാന്നിധ്യവുംവരെ പ്രതീക്ഷയുടെ അടയാളങ്ങളാകും.

**ഉള്ളതിൽ സംതൃപ്തിയടയുക**

'ഉള്ളതിൽ തൃപ്തിയടയൽ ഒരിക്കലും നശിക്കാത്ത നിധിയാണ്' എന്നത് അറബിയിലെ ഒരു ചൊല്ലാണ്.

**സാക്ഷരതയും വിദ്യാസമ്പന്നതയും മനുഷ്യനെ അന്ധവിശ്വാസങ്ങളിൽ നിന്നും രക്ഷപ്പെടുത്തുന്നില്ല എന്നാണ് സമീപകാല സംഭവങ്ങൾ നമ്മെ അറിയിക്കുന്നത്. ഒരുഭാഗത്ത് പുരോഗമനത്തിന്റെയും സാക്ഷരതയുടെയും നവോത്ഥാനത്തിന്റെയും പേരിൽ മേനി നടിക്കുകയും മറുഭാഗത്ത് മനുഷ്യ മനഃസാക്ഷിയെ ഭയപ്പെടുത്തുന്ന രൂപത്തിലുള്ള അന്ധവിശ്വാസങ്ങൾ അരങ്ങ് തകർക്കുകയും ചെയ്യുന്നു എന്നതാണ് നാം കണ്ടുകൊണ്ടിരിക്കുന്നത്. അന്ധവിശ്വാസങ്ങളുടെ ഭാഗമായി വല്ല ക്രൂരകൃത്യവും നടന്നുകഴിഞ്ഞാൽ അത് നമുക്കിടയിൽ സംസാരവിഷയമാകും. ചാനലുകളിൽ ചർച്ച പൊടിപൊടിക്കും. അതിനെ ഇല്ലായ്മ ചെയ്യാനുള്ള വഴികളെക്കുറിച്ച് ഉറ്റാലോചിക്കും. പക്ഷേ, അതെല്ലാം ചർച്ചകളിൽതന്നെ അവസാനിക്കാറാണ് പതിവ്. ഏതാനും ദിവസങ്ങൾക്കകം അത് വിസ്മൃതിയിലാകും. അന്ധവിശ്വാസങ്ങൾക്ക് അറുതി വരുത്തണമെങ്കിൽ ചില അനിവാര്യമായ കാര്യങ്ങൾ മനുഷ്യനിൽ ഉണ്ടായിരിക്കണം**



**ദൈവവിശ്വാസത്തിന്റെ തന്നെ ഭാഗമായി നമ്മിൽ ഉണ്ടാകേണ്ടതാണ് വിധിയിലുള്ള ദൃഢവിശ്വാസം. തന്റെ കാര്യങ്ങൾ എല്ലാം സ്രഷ്ടാവിന്റെ വിധി പ്രകാരമാണ് നടക്കുകയെന്നും അവൻ എനിക്ക് എന്റെ കാര്യത്തിൽ വിധിക്കുന്നതെല്ലാം ആത്യന്തികമായി എനിക്ക് നന്മ മാത്രമായിരിക്കും എന്നും വിശ്വസിക്കുന്ന ഒരാൾ നേട്ടങ്ങൾക്കൊ നഷ്ടങ്ങളെ പരിഹരിക്കാനൊ അന്യായമായ ഒരു വഴിയും അന്വേഷിക്കുകയില്ല. ഒരു വിശ്വാസി ദിനേന പലതവണ ആവർത്തിക്കുന്ന പ്രാർഥനയിലും അവൻ പറയുന്നത് '...അല്ലാഹുവേ, നീ നൽകിയതിനെ തടയുന്നവനായി ആരുമില്ല, നീ തടഞ്ഞുവെച്ചതിനെ നൽകുന്നവനായും ആരുമില്ല...'(ബുഖാരി) എന്നാണ്. ഈ ബോധ്യം ഇല്ലാതെ വരുമ്പോൾ കറുത്ത പൂച്ചയും കന്നിമൂലയും ചൊവ്വാഴ്ച്ച ദിവസവും മൂങ്ങയുടെ മൂളലും പതിമൂന്നാം നമ്പറും തുടങ്ങി പലതും മനുഷ്യന് മുന്നിൽ ഭയത്തിന്റെ പ്രതീകങ്ങളാകും. കാക്കയുടെ കരച്ചിലും കൈവെള്ളയിലെ ചൊറിച്ചിലും പുൽച്ചാടിയുടെ സാന്നിധ്യവും വരെ പ്രതീക്ഷയുടെ അടയാളങ്ങളാകും.**

ഇത് വളരെ ശ്രദ്ധേയമായ ഒരു ആശയവുമാണ്. ഐശ്വര്യത്തിനും അഭിവൃദ്ധിക്കും വേണ്ടിയാണല്ലൊ ഇത്തരം ക്രൂരതകൾക്ക് മനുഷ്യർ തയ്യാറാകുന്നത്. എന്നാൽ അല്ലാഹു നൽകിയ ഓഹരിയിൽ തൃപ്തിയടയുന്നതിലൂടെ മനുഷ്യന് ഐശ്വര്യത്തിന്റെ ഉന്നതിയിലെത്താം എന്നതാണ് വിവിധ സന്ദർഭങ്ങളിൽ നബി(സ്വ) നൽകിയ ഉപദേശങ്ങളിൽനിന്നും നമുക്ക് മനസ്സിലാക്കാൻ കഴിയുന്നത്.

ഉള്ളതിനെ മറന്ന് വീണ്ടും ഉണ്ടാക്കാൻ അനർഹമായ വഴി തേടലല്ല, ഉള്ളതിനെ അംഗീകരിച്ചും അതിന് നന്ദികാണിച്ചും ജീവിക്കലാണ് വർധനവിന്റെ വഴിയായി ക്വുർആൻ പഠിപ്പിക്കുന്നത്.

"നിങ്ങൾ നന്ദികാണിച്ചാൽ തീർച്ചയായും ഞാൻ നിങ്ങൾക്ക് (അനുഗ്രഹം) വർധിപ്പിച്ചുതരുന്നതാണ്. എന്നാൽ, നിങ്ങൾ നന്ദികേട് കാണിക്കുകയാണെങ്കിൽ തീർച്ചയായും എന്റെ ശിക്ഷ കഠിനമായിരിക്കും എന്ന് നിങ്ങളുടെ രക്ഷിതാവ് പ്രഖ്യാപിച്ച സന്ദർഭം (ശ്രദ്ധേയമത്രെ)" (ക്വുർആൻ 14:7).

### ഇഹപര ജീവിതത്തെ വേർതിരിച്ചറിയുക

എല്ലാം ഇവിടെത്തന്നെ നേടണം എന്ന ചിന്തയാണ് ഏതു വഴിയും സ്വീകരിക്കാൻ മനുഷ്യനെ പ്രേരിപ്പിക്കുന്നത്. എന്നാൽ ഈ ജീവിതം താൽക്കാലികമാണെന്നും ആഗ്രഹിച്ചതെല്ലാം ലഭിക്കുന്നിടം സ്വർഗമാണെന്നും തിരിച്ചറിവുണ്ടാകണം. ഇഹലോകത്തെ പരിചയപ്പെടുത്തുമ്പോൾ ക്വുർആൻ പറഞ്ഞത് ഇപ്രകാരമാണ്: "... ഐഹികജീവിതം കബളിപ്പിക്കുന്ന ഒരു വിഭവമല്ലാതെ മറ്റൊന്നുമല്ല" (ക്വുർആൻ 3:185).

എന്നാൽ സ്വർഗത്തെക്കുറിച്ച് ക്വുർആൻ പറയുന്നു: "അവർക്കവിടെ ഉദ്ദേശിക്കുന്നതെന്തും ഉണ്ടായിരിക്കും. നമ്മുടെ പക്കലാകട്ടെ കൂടുതലായി പലതുമുണ്ട്" (ക്വുർആൻ 50: 35).

"...നിങ്ങൾക്കവിടെ (പരലോകത്ത്) നിങ്ങളുടെ മനസ്സുകൾ കൊതിക്കുന്നതെല്ലാമുണ്ടായിരിക്കും. നിങ്ങൾക്കവിടെ നിങ്ങൾ ആവശ്യപ്പെടുന്നതെല്ലാമുണ്ടായിരിക്കും" (ക്വുർആൻ 41:31).

ഇത്തരം തിരിച്ചറിവുകൾ ഉണ്ടെങ്കിൽ ആർത്തിപൂണ്ട മനസ്സുമായി ഇവിടെ നേട്ടങ്ങളുണ്ടാക്കാൻ ശ്രമിക്കുക, അതിനായി ഏതുവഴിയും സ്വീകരിക്കുക എന്നതിനെക്കാൾ പരലോക ജീവിതം ഭദ്രമാക്കാനുള്ള ശ്രമമാണ് ഉണ്ടാവുക.

### ക്ഷമയും സഹനവും ശീലിക്കുക

ഏതൊരുകാര്യത്തിനും അല്ലാഹു നിശ്ചയിച്ച ചില വഴികളുണ്ട്. ആ വഴികളിൽ അധ്വാനിക്കുക, ആഗ്രഹിക്കുന്ന കാര്യങ്ങൾക്കായി അല്ലാഹുവോട് പ്രാർഥിക്കുക, ക്ഷമാപൂർവം കാത്തിരിക്കുക... ഇതായിരിക്കണം നാം സ്വീകരിക്കേണ്ട രീതി. പക്ഷേ, പ്രാർഥിക്കുന്ന കാര്യങ്ങൾ നാം വിചാരിക്കുന്ന സമയത്ത്, നാം ആഗ്രഹിച്ച അതേ രീതിയിൽതന്നെ ലഭിക്കണമെന്നില്ല. അവിടെ ക്ഷമയോടെ അതിനെ പ്രതീക്ഷിക്കുന്നവനാകണം വിശ്വാസി.

അബൂഹുറയ്റ(റ) നിവേദനം, നബി(സ്വ) പറഞ്ഞു: "ഞാൻ എന്റെ റബ്ബിനോട് പ്രാർഥിച്ചു. പക്ഷേ, എനിക്ക് ഉത്തരം കിട്ടിയില്ല എന്നു പറഞ്ഞ് ധൃതി കാണിക്കാതിരിക്കുമ്പോഴൊക്കെ നിങ്ങളുടെ ഓരോരുത്തരുടെയും പ്രാർഥനക്ക് ഉത്തരം കിട്ടും" (ബുഖാരി, മുസ്‌ലിം).

എന്നാൽ ഈ അധ്യാപനങ്ങൾ മനുഷ്യർ മറക്കുകയും ആവശ്യങ്ങൾ വേഗത്തിൽ നേടിയെടുക്കാനുള്ള കുറുക്കുവഴി അന്വേഷിക്കുകയും ചെയ്യുന്നവരാണ് അന്ധവിശ്വാസങ്ങളുടെ വഴിയിൽ എത്തിച്ചേരുന്നത്.

### അസൂയ ഒഴിവാക്കുക

'നിങ്ങൾ പരസ്പരം അസൂയ വെക്കരുത്' എന്ന് പ്രവാചകൻ (സ്വ) നമ്മെ ഉണർത്തിയിട്ടുണ്ട്. ഒരു വ്യക്തിയുടെ നേട്ടങ്ങൾ ഇല്ലായ്മ ചെയ്യാനും അത്തരം നേട്ടങ്ങൾ തനിക്കും ലഭിക്കണമെന്ന അത്യാർത്തിയും മനുഷ്യനെ പല തെറ്റായ പ്രവൃത്തികളിലേക്കും എത്തിക്കും. അത് അവനെ സിഹ്റിന്റെയും ശിർക്കിന്റെയും ആഭിചാര ക്രിയകളുടെയുമൊക്കെ കേന്ദ്രങ്ങളിലേക്ക് എത്തിക്കും.

പ്രശ്നങ്ങൾ മുന്നിൽ വരുമ്പോൾ മാത്രം പരിഹാര വഴികൾ ചർച്ച ചെയ്യുകയും അത് ചർച്ചകളിൽ മാത്രം ഒതുക്കി നിർത്തുകയും ചെയ്യുന്നതിനപ്പുറം വേരറിഞ്ഞ് ചികിത്സിക്കാനും സമൂഹത്തിന് ഇത്തരം തിരിച്ചറിവ് നൽകാനുമാണ് നാം ശ്രമിക്കേണ്ടത്.




# കുട്ടികളുടെ മാനസിക വളർച്ച

അശ്റഫ് എകരൂൽ

സ്നേഹവാത്സല്യങ്ങളുടെ വൈകാരിക ഉദ്ദീപനം കുഞ്ഞുമനസ്സിൽ സാധ്യമാക്കുന്ന; പ്രവാചക അധ്യാപനങ്ങളുടെ വെള്ളിവെളിച്ചത്തിൽ തെളിഞ്ഞുകാണുന്ന ഒട്ടനവധി മാർഗങ്ങളുണ്ട്. അതിൽപെട്ട ചിലത് മനസ്സിലാക്കാം.

**കുഞ്ഞുങ്ങളെ തലോടുക**

കുട്ടികളുടെ മനസ്സിനെ വൈകാരികമായി ഉണർത്തുകയും വളർത്തുകയും ചെയ്യുന്ന മനഃശാസ്ത്രപരമായ ഒരു നടപടിയാണ് അവരെ തലോടുക എന്നത്. അതിലൂടെ അവർ കാരുണ്യത്തിന്റെ നനവ് ആസ്വദിക്കുന്നു. അന്നേരം വാത്സല്യത്തിന്റെ ശീതളക്കാറ്റ് അവരുടെ ശരീരത്തിലും മനസ്സലും അടിച്ചുവീശും. പ്രവാചകന്റെ ജീവിതശീലങ്ങളിൽ ഒന്നായിരുന്നു അത്. അനസ്(റ) പറയുന്നു: "നബി(സ്വ) അൻസ്വാറുകളെ സന്ദർശിക്കുകയും അവരുടെ കുട്ടികൾക്കു സലാം പറയുകയും അവരുടെ ശിരസ്സുകളിൽ തടവുകയും ചെയ്യും" (സഹീഹുൽ ജാമിഅ്, അന്നസാഇ).

കുട്ടികളുടെ തലയിൽ മാത്രമല്ല, തന്റെ വിശുദ്ധ കരങ്ങൾകൊണ്ട് അവരുടെ കവിളുകളിലും നബി (സ്വ) തടവുകയും അതിലൂടെ അവരോടുള്ള സ്നേഹവും വാത്സല്യവും സന്തോഷവും പ്രകടമാക്കുകയും ചെയ്യുമായിരുന്നു.

ജാബിർ ഇബ്നു സമുറ(റ) പറയുന്നു: "ഞാൻ നബി(സ്വ)യുടെ കൂടെ (കുട്ടിയായിരുന്ന കാലത്ത്) ഒന്നാമത്തെ നമസ്കാരം അഥവാ ദുഹ്ർ നമസ്കാരം നിർവഹിച്ചു. പിന്നീട് അദ്ദേഹം തന്റെ കുടുംബങ്ങളിലേക്ക് പുറപ്പെട്ടു പോയി. ഞാനും നബിയുടെ കൂടെ പോയി. അങ്ങനെ നബി(സ്വ) വീട്ടിലേക്കു കയറുമ്പോൾ രണ്ടു കുട്ടികൾ അദ്ദേഹത്തിന്റെ മുന്നിലേക്ക് കടന്നു വന്നു. നബി അവരുടെ ഓരോരുത്തരുടെയും ഇരുകവിളുകളിലും തടവിക്കൊണ്ടിരുന്നു. അങ്ങനെ എന്റെ കവിളുലും തടവി. അപ്പോൾ എനിക്ക് തണുപ്പ് അനുഭവപ്പെട്ടു. അല്ലെങ്കിൽ നല്ല സുഗന്ധം. അത്തർ കുപ്പിയിൽനിന്നെടുത്ത കൈകൾ പോലെയായിരുന്നു അദ്ദേഹത്തിന്റെ കൈകൾ" (ഇമാം മുസ്‌ലിം).

ഒന്നിലധികം കുട്ടികൾ ഉണ്ടെങ്കിൽ എല്ലാവരെയും പരിഗണിക്കുന്നതിൽ ശ്രദ്ധ പുലർത്തണമെന്ന സന്ദേശമാണ് നബി(സ്വ) ഇതിലൂടെ നൽകുന്നത്.

**മുഖപ്രസന്നതയോടെ സ്വീകരിക്കുക**

കുട്ടികൾ കടന്നുവരുമ്പോഴും അവരെ കണ്ടുമുട്ടുമ്പോഴും മുഖപ്രസന്നതയോടെ സ്വീകരിക്കുക. പ്രഥമ സംഗമം പ്രസന്നവും മുഖം കൊടുത്തുകൊണ്ടുമാകുമ്പോൾ തുടർന്നുള്ള സംസാരത്തിന് ശ്രദ്ധയും ബഹുമാനവും കിട്ടും. മറിച്ചാണെങ്കിൽ അവർക്ക് മനസ്സ് തുറക്കാൻ കഴിയില്ല. അവരുടെ പ്രശ്നങ്ങൾ രക്ഷിതാക്കളുമായി പങ്കുവയ്ക്കുവാൻ അവർ സന്നദ്ധരാവില്ല. മറിച്ച് അതെല്ലാം പുറത്തുള്ളവരുമായിട്ടാവും അവർ പങ്കുവയ്ക്കുക. അവരാകട്ടെ നല്ല മനസ്സുള്ളവരാണോ ചൂഷണ താൽപര്യക്കാരാണോ എന്നൊന്നും വേർതിരിച്ചറിയാൻ കുട്ടികൾക്കു കഴിയില്ലതാനും. ഇത് പല അപകടങ്ങളിലേക്കും നയിക്കും.

അബ്ദുല്ലാഹിബ്നു ജഅ്ഫർ(റ) നിവേദനം: "നബി(സ്വ) വല്ല യാത്രയും കഴിഞ്ഞു വന്നാൽ തന്റെ കുടുംബത്തിലുള്ള കുട്ടികളെ കാണും. നബി(സ്വ) യാത്രകഴിഞ്ഞു വന്നാൽ ഞാൻ അവരെയെല്ലാവരെയും മുൻകടന്നു നബിയുടെ അടുത്തെത്തും. എന്നെ അദ്ദേഹം മുമ്പിൽ ഏറ്റും, എന്നിട്ട് ഫാത്വിമയുടെ മക്കളിൽനിന്ന് ഹസനോ ഹുസൈനോ എത്തും. അവരെ പിന്നിൽ കൂട്ടും. ഞങ്ങളെ മൂന്നാളുകളെയുമായി പട്ടണത്തിൽ പ്രവേശിക്കും" (മുസ്‌ലിം).

**എപ്പോഴും ശ്രദ്ധിക്കുക**

കുട്ടികളുടെ മനസ്സിന് സ്ഥൈര്യം നൽകുന്ന ഒന്നാണ് അവരെ ശ്രദ്ധിച്ചു കൊണ്ടിരിക്കുകയും അവരെ കാണാതായാൽ അന്വേഷിക്കുകയും ചെയ്യൽ. അവർ ഒറ്റക്കാകുന്നത് ഒഴിവാക്കുക. അത് അവരിൽ ആത്മ വിശ്വാസം വളർത്തും. എന്റെ കാര്യത്തിൽ ആശങ്കയുള്ളവരാണ് എന്റെ മാതാപിതാക്കൾ എന്ന തോന്നൽ അവരിൽ സുരക്ഷിതത്വബോധം വളർത്തും.

നബി(സ്വ) എപ്പോഴും അവരുടെ കാര്യത്തിൽ ശ്രദ്ധ കൊടുത്തിരുന്നു. അവരെ കാണാതായാൽ ആശങ്കപ്പെടുകയും അന്വേഷിക്കുകയും ചെയ്യും. കാണുന്നില്ലെന്ന് വന്നാൽ അവരെ തേടിപ്പോകും. ചുറ്റുമുള്ളവരോട് കുഞ്ഞുങ്ങളെ അന്വേഷിക്കുവാൻ പറയും. നോക്കൂ; പ്രവാചകൻ(സ്വ) എത്ര നല്ല രക്ഷിതാവ് കൂടിയാണ്!

സൽമാൻ(റ) നിവേദനം: "ഒരിക്കൽ ഞങ്ങൾ നബി(സ്വ)യുടെ ചുറ്റുമായി ഉണ്ടായിരുന്നപ്പോൾ ഉമ്മു അയ്മൻ(റ) വന്നു പറഞ്ഞു: 'നബിയേ! ഹസൻ, ഹുസൈൻ എന്നിവരെ കാണാനില്ല.' ഉച്ചതിരിഞ്ഞ നേരമായിരുന്നു അത്. നബി(സ്വ) പറഞ്ഞു: 'എഴുന്നേൽക്കൂ, എന്നിട്ട് എന്റെ കുട്ടികളെ അന്വേഷിക്കുവിൻ.' ഓരോരുത്തരും ഓരോ ഭാഗത്തേക്ക് പോയി. ഞാൻ നബി(സ്വ) പോയ ദിക്കിലേക്ക് ചെന്നു. അങ്ങനെ ഒരു കുന്നിന്റെ ഉച്ചിയിൽ എത്തി. അപ്പോഴതാ അവർ പരസ്പരം കെട്ടിപ്പുണർന്നു നിൽക്കുന്നു. അവർക്കഭിമുഖമായി ഒരു സർപ്പം വാലുകുത്തി (ഫണമുയർത്തി) നിൽക്കുന്നു. നബി(സ്വ) അതിന്റെ നേരെ തിരിഞ്ഞപ്പോൾ അത് നബിക്ക് അഭിമുഖമായി നിന്നു; ഉടനെ തല താഴ്ത്തി കല്ലുകൾക്കിടയിലേക്ക് പോയി മറഞ്ഞു. നബി(സ്വ) പെട്ടെന്ന് രണ്ടു പേരുടെയും അടുത്തെത്തി. അവരെ വേർപെടുത്തി, അവരുടെ രണ്ടുപേരുടെയും മുഖം തടവിക്കൊടുത്തു. അവരെ സമാധാനിപ്പിച്ചുകൊണ്ട് പറഞ്ഞു: 'നിങ്ങൾ എനിക്കേറ്റവും പ്രിയപ്പെട്ടവരാണ്. അല്ലാഹു നിങ്ങൾ ഇരുവരെയും അനുഗ്രഹിക്കട്ടെ.' എന്നിട്ട് ഒരു കുട്ടിയെ വലത്തെ ചുമലിലും ഒരു കുട്ടിയെ ഇടത്തെ ചുമലിലും ചുമന്നു. അപ്പോൾ ഞാൻ പറഞ്ഞു: 'നിങ്ങൾക്ക് രണ്ടു പേർക്കും മംഗളം! നിങ്ങളുടെ വാഹനം എത്ര നല്ല വാഹനം.' നബി(സ്വ) പറഞ്ഞു: 'ഈ യാത്രക്കാരും എത്ര നല്ലവർ. ഇവരുടെ പിതാവ് അവരെക്കാളും ഉത്തമൻ" (ത്വബ്റാനി). (ഈ ഹദീസിന്റെ നിവേദകരിൽ അഹ്മദ് ഇബ്നു റാഷിദ് അൽഹിലാലി എന്ന ഒരാൾ ഉണ്ട്. അദ്ദേഹം ദുർബലനാണ്).

ഇവിടെ നബി(സ്വ)യുടെ ജാഗ്രതയും അവരെ ഭയത്തിൽനിന്ന് മോചിപ്പിക്കലും അവർക്കുവേണ്ടി പ്രാർഥിക്കലും അവരെ തോളിലേറ്റി കൊണ്ടുവരലുമെല്ലാം ആ കുട്ടികളുടെ മനസ്സിൽ ഉണ്ടാക്കുന്ന സ്ഥൈര്യവും സുരക്ഷിതത്വബോധവും അവരെ ഉന്നത വിതാനത്തിലേക്കുയർത്തുമെന്നതിൽ സംശയമില്ല. എന്നാൽ ഇത്തരം അപൂർവ സാഹചര്യങ്ങളെ പല രക്ഷിതാക്കളും നെഗറ്റീവായി ഉപയോഗിക്കുന്നത് കാണാവുന്നതാണ്. അവരെ ഭയമുക്തമാക്കുന്നതിനു പകരം 'നിനക്ക് ഇങ്ങനെ കിട്ടണം, എന്നോട് ചോദിക്കാതെ പോയതല്ലേ...പറയാതെ മുങ്ങിയതല്ലേ' എന്നൊക്കെ പ്രതികരിച്ചുകളയും. ചിലപ്പോൾ പലരും ഇത്തരം സന്ദർഭങ്ങളിൽ പെടുന്നവരെ പ്രഹരിക്കുന്നത് കാണാം. ഇതെല്ലാം അവരിലുണ്ടാക്കുന്ന നൈരാശ്യവും സങ്കടവും അവരുടെ മനസ്സിനെ വീണ്ടും ദുർബലതയിലേക്ക് നയിക്കും. **(തുടരും)**

അബ്ദുർറഹ്മാനുബ്നു നാസിറുസ്സഅ്ദി
വിവർത്തനം: ഹാരിസ് ബിൻ സലീം
:95444 92089

അധ്യായം: 43

# അസ്സുഖ്റുഫ്

## (സുവർണാലങ്കാരം)

(മക്കയിൽ അവതരിച്ചത്)

حمٓ ١

وَٱلْكِتَٰبِ ٱلْمُبِينِ ٢

إِنَّا جَعَلْنَٰهُ قُرْءَٰنًا عَرَبِيًّا لَّعَلَّكُمْ
تَعْقِلُونَ ٣

وَإِنَّهُۥ فِىٓ أُمِّ ٱلْكِتَٰبِ لَدَيْنَا لَعَلِىٌّ
حَكِيمٌ ٤

أَفَنَضْرِبُ عَنكُمُ ٱلذِّكْرَ صَفْحًا أَن
كُنتُمْ قَوْمًا مُّسْرِفِينَ ٥

وَكَمْ أَرْسَلْنَا مِن نَّبِىٍّ فِى ٱلْأَوَّلِينَ ٦

وَمَا يَأْتِيهِم مِّن نَّبِىٍّ إِلَّا كَانُوا۟ بِهِۦ يَسْتَهْزِءُونَ
٧

فَأَهْلَكْنَآ أَشَدَّ مِنْهُم بَطْشًا وَمَضَىٰ مَثَلُ
ٱلْأَوَّلِينَ ٨

1. ഹാമീം.
2. (കാര്യങ്ങൾ) വിശദമാക്കുന്ന വേദഗ്രന്ഥം തന്നെയാണ്,
3. തീർച്ചയായും നാം ഇതിനെ അറബിഭാഷയിലുള്ള ഒരു ക്വുർആൻ ആക്കിയിരിക്കുന്നത് നിങ്ങൾ ചിന്തിച്ചു മനസ്സിലാക്കുവാൻ വേണ്ടിയാകുന്നു.
4. തീർച്ചയായും അത് മൂലഗ്രന്ഥത്തിൽ നമ്മുടെ അടുക്കൽ(സൂക്ഷിക്കപ്പെട്ടതത്രെ). അത് ഉന്നതവും വിജ്ഞാനസമ്പന്നവും തന്നെയാകുന്നു.
5. അപ്പോൾ നിങ്ങൾ അതിക്രമകാരികളായ ജനങ്ങളായതിനാൽ(നിങ്ങളെ) ഒഴിവാക്കി വിട്ടുകൊണ്ട് ഈ ഉൽബോധനം നിങ്ങളിൽനിന്ന് മാറ്റിവെക്കുകയോ?
6. പൂർവസമുദായങ്ങളിൽ എത്രയോ പ്രവാചകൻമാരെ നാം നിയോഗിച്ചിട്ടുണ്ട്.
7. ഏതൊരു പ്രവാചകൻ അവരുടെ അടുത്ത് ചെല്ലുകയാണെങ്കിലും അവർ അദ്ദേഹത്തെ പരിഹസിക്കുന്നവരാകാതിരുന്നിട്ടില്ല.
8. അങ്ങനെ ഇവരെക്കാൾ കനത്ത കൈയൂക്കുണ്ടായിരുന്നവരെ നാം നശിപ്പിച്ചുകളഞ്ഞു. പൂർവികന്മാരുടെ ഉദാഹരണങ്ങൾ മുമ്പ് കഴിഞ്ഞുപോയിട്ടുമുണ്ട്.

وَلَئِن سَأَلْتَهُم مَّنْ خَلَقَ ٱلسَّمَٰوَٰتِ وَٱلْأَرْضَ لَيَقُولُنَّ خَلَقَهُنَّ ٱلْعَزِيزُ ٱلْعَلِيمُ ﴿٩﴾

ٱلَّذِى جَعَلَ لَكُمُ ٱلْأَرْضَ مَهْدًا وَجَعَلَ لَكُمْ فِيهَا سُبُلًا لَّعَلَّكُمْ تَهْتَدُونَ ﴿١٠﴾

وَٱلَّذِى نَزَّلَ مِنَ ٱلسَّمَآءِ مَآءًۢ بِقَدَرٍ فَأَنشَرْنَا بِهِۦ بَلْدَةً مَّيْتًا ۚ كَذَٰلِكَ تُخْرَجُونَ ﴿١١﴾

وَٱلَّذِى خَلَقَ ٱلْأَزْوَٰجَ كُلَّهَا وَجَعَلَ لَكُم مِّنَ ٱلْفُلْكِ وَٱلْأَنْعَٰمِ مَا تَرْكَبُونَ ﴿١٢﴾

لِتَسْتَوُۥا عَلَىٰ ظُهُورِهِۦ ثُمَّ تَذْكُرُوا۟ نِعْمَةَ رَبِّكُمْ إِذَا ٱسْتَوَيْتُمْ عَلَيْهِ وَتَقُولُوا۟ سُبْحَٰنَ ٱلَّذِى سَخَّرَ لَنَا هَٰذَا وَمَا كُنَّا لَهُۥ مُقْرِنِينَ ﴿١٣﴾

9. ആകാശങ്ങളും ഭൂമിയും സൃഷ്ടിച്ചതാരാണെന്ന് നീ അവരോട് ചോദിച്ചാൽ തീർച്ചയായും അവർ പറയും; പ്രതാപിയും സർവജ്ഞനുമായിട്ടുള്ളവനാണ് അവ സൃഷ്ടിച്ചത് എന്ന്.

10. അതെ, നിങ്ങൾക്കുവേണ്ടി ഭൂമിയെ ഒരു തൊട്ടിലാക്കുകയും നിങ്ങൾ നേരായമാർഗം കണ്ടെത്താൻവേണ്ടി നിങ്ങൾക്കവിടെ പാതകളുണ്ടാക്കിത്തരികയും ചെയ് തവൻ.

11. ആകാശത്തുനിന്ന് ഒരു തോത് അനുസരിച്ച് വെള്ളം വർഷിപ്പിച്ചുതരികയും ചെയ്തവൻ. എന്നിട്ട് അതുമൂലം നാം നിർജീവമായ രാജ്യത്തെ പുനരുജ്ജീവിപ്പിച്ചു. അതുപോലെതന്നെ നിങ്ങളും (മരണാനന്തരം) പുറത്തുകൊണ്ടു വരപ്പെടുന്നതാണ്.

12. എല്ലാ ഇണകളെയും സൃഷ്ടിക്കുകയും നിങ്ങൾക്ക് സവാരി ചെയ്യാനുള്ള കപ്പലുകളും കാലികളെയും നിങ്ങൾക്ക് ഏർപ്പെടുത്തിത്തരികയും ചെയ്തവൻ.

13. അവയുടെ പുറത്ത് നിങ്ങൾ ഇരിപ്പുറപ്പിക്കാനും എന്നിട്ട് നിങ്ങൾ അവിടെ ഇരിപ്പുറപ്പിച്ചുകഴിയുമ്പോൾ നിങ്ങളുടെ രക്ഷിതാവിന്റെ അനുഗ്രഹം നിങ്ങൾ ഓർമിക്കുവാനും, നിങ്ങൾ ഇപ്രകാരം പറയുവാനും വേണ്ടി: ഞങ്ങൾക്കുവേണ്ടി ഇതിനെ വിധേയമാക്കിത്തന്നവൻ എത്ര പരിശുദ്ധൻ! ഞങ്ങൾക്കതിനെ ഇണക്കുവാൻ കഴിയുമായിരുന്നില്ല.

2,3). ഖുർആനിനെക്കുറിച്ച് ഖുർആൻ കൊണ്ടു തന്നെ സത്യം ചെയ്യുകയാണിവിടെ. കാര്യങ്ങൾ വിശദമാക്കുന്ന ഗ്രന്ഥംകൊണ്ട് സത്യം ചെയ്യുന്നു. അനുബന്ധങ്ങളൊന്നും ചേർക്കാതെ നിരുപാധികമായിപ്പറഞ്ഞിട്ടാണ് ആ ഗ്രന്ഥം വ്യക്തമായതാണെന്ന് പറഞ്ഞത്. പടപ്പുകൾക്ക് ആവശ്യമായ ഇഹപര വിഷയങ്ങളെല്ലാം അത് വിശദമാക്കുന്നു. അതാവട്ടെ, ഭാഷകളിൽ വ്യക്തവും സ്പഷ്ടവുമാണ്. ശേഷം അതിന് പിന്നിലെ ന്യായത്തെ കുറിച്ച് പറയുന്നു. (അതിലുള്ളവയെക്കുറിച്ചും എടുത്തുപറഞ്ഞു. നിങ്ങൾ ചിന്തിച്ചു മനസ്സിലാക്കുന്നതിനുവേണ്ടിയാവുന്നു). നിങ്ങൾ ചിന്തിച്ചുമനസ്സിലാക്കുന്നതിനുവേണ്ടിയാകുന്നു) അതിൻെറ പദങ്ങളും ആശയങ്ങളും. കാരണം അത് എളുപ്പത്തിൽ ഗ്രഹിക്കുന്നതാണ്.

4). (തീർച്ചയായും അത്) ഈ വേദഗ്രന്ഥം. (മൂല ഗ്രന്ഥത്തിൽ നമ്മുടെ അടുക്കൽ) ഉപരി ലോകത്ത് ഉന്നത സ്ഥാനങ്ങളിൽ ഏറ്റവും ശ്രേഷ്ഠമായതിൽ. (അത് ഉന്നതവും വിജ്ഞാനസമ്പന്നവും തന്നെയാകുന്നു) സ്ഥാനത്തിലും ശ്രേഷ്ഠതയിലും മഹത്ത്വത്തിലും ഉന്നതം. അതിലുള്ള വിവരങ്ങളും കൽപനാവിരോധങ്ങളുമെല്ലാം യുക്തിഭദ്രവുമാണ്. യുക്തിക്കോ നീതിക്കോ  നീതിയുടെ മാനദണ്ഡങ്ങൾക്കോ നിരക്കാത്തതൊന്നും അതിലില്ലതന്നെ.

5). തുടർന്ന് അല്ലാഹു പറയുന്നത്, അവന്റെ കരുണയും യുക്തിയും തന്റെ ദാസന്മാരെ അലക്ഷ്യമായി വിടാൻ താൽപര്യപ്പെടുന്നില്ല എന്നാണ്. അവർക്ക് വേദമിറക്കാതെയും പ്രവാചകന്മാരെ നിയോഗിക്കാതെയും, തുടർന്ന് തൻെറ അടിമകളെ അവരുടെ അടുത്തേക്ക് ഒരു ദൂതനെ അയക്കുകയോ അവർക്ക് ഒരു ഗ്രന്ഥം ഇറക്കുകയോ ചെയ്യാതെ അവരെ അവഗണിക്കരുതെന്ന് അവൻെറ ജ്ഞാനവും കരുണയും അനുശാസിക്കുന്നു എന്ന് അല്ലാഹു നമ്മോട് പറയുന്നു. അവർ അക്രമികളും അതിരുകവിഞ്ഞവരുമായിരുന്നാൽ പോലും. അതാണ് അല്ലാഹു ചോദിക്കുന്നത്: (ഒഴിവാക്കിവിട്ടുകൊണ്ട് ഈ ഉദ്ബോധനം നിങ്ങളിൽ നിന്ന് മാറ്റിവെക്കുകയോ) നിങ്ങൾ കീഴ്പ്പെടാതിരിക്കു

കയും തിരിഞ്ഞുകളയുകയും ചെയ്തു എന്നതിനാൽ ഇത് നിങ്ങളിൽനിന്ന് മാറ്റിവെക്കുകയും നിങ്ങൾക്ക് ഉദ്ബോധനം നൽകാതിരിക്കുകയും നിങ്ങളെ അവഗണിക്കുകയും ചെയ്യുകയോ ഇല്ല, നാം നിങ്ങൾക്ക് വേദഗ്രന്ഥമിറക്കും. എല്ലാം നിങ്ങൾക്ക് വ്യക്തമാക്കിത്തരും. നിങ്ങൾക്ക് വിശ്വസിക്കാനും സന്മാർഗത്തിലാകാനും കഴിയുന്നുവെങ്കിൽ അത് നിങ്ങളുടെ ഭാഗ്യം. അല്ലെങ്കിൽ തെളിവ് നിങ്ങൾക്കെതിരാകും. നിങ്ങളുടെ കാര്യത്തിൽ നിങ്ങൾ വ്യക്തതയിലായിരിക്കുകയും ചെയ്യും.

6,7). അല്ലാഹു പറയുന്നു: വെറുതെ ഉപേക്ഷിക്കാതിരിക്കുക എന്നതാണ് മനുഷ്യരിൽ എന്റെ ചര്യ. (പൂർവ സമുദായങ്ങളിൽ എത്രയോ പ്രവാചകന്മാരെ നാം നിയോഗിച്ചിട്ടുണ്ട്) അല്ലാഹുവിനെ മാത്രം ആരാധിക്കണമെന്നും അവന് പങ്കുകാരില്ലെന്നും അവരോട് കൽപിക്കാൻ. എന്നാൽ നിഷേധം സമുദായങ്ങളിൽ തുടർന്നുകൊണ്ടിരുന്നു. (ഏതൊരു പ്രവാചകൻ അവരുടെ അടുത്ത് ചെല്ലുകയാണെങ്കിലും അവർ അദ്ദേഹത്തെ പരിഹസിക്കുന്നവർ ആകാതിരുന്നിട്ടില്ല) സത്യത്തോട് അഹങ്കാരം കാണിക്കുന്നവരും ആ പ്രവാചകൻ കൊണ്ടുവന്നതിനെ നിഷേധിക്കുന്നവരും. (അങ്ങനെ അവരെക്കാൾ ശക്തി ഉണ്ടായിരുന്നവരെ നാം നശിപ്പിച്ചുകളഞ്ഞു) ഇവരേക്കാൾ (കയ്യൂക്കുള്ള) ശക്തിയും സ്വാധീനവും ഭൂമിയിൽ അടയാളങ്ങളുണ്ടാക്കിയവരുമായവരെ. (പൂർവികന്മാരുടെ ഉദാഹരണങ്ങൾ മുമ്പ് കഴിഞ്ഞുപോയിട്ടുണ്ട്) അവരുടെ ഉദാഹരണങ്ങളും വിവരങ്ങളും കഴിഞ്ഞുപോയി. അത് നാം നിങ്ങൾക്ക് വിശദീകരിച്ചുതരികയും ചെയ്തു; അതിലുള്ള ഗുണപാഠങ്ങളും നിഷേധത്തിൽ നിന്നും അകന്നുനിൽക്കാൻ ഉതകുന്ന പാഠങ്ങളും.

9). മുശ്‌രിക്കുകളെക്കുറിച്ച് അല്ലാഹു പറയുന്നു: (ആകാശങ്ങളും ഭൂമിയും സൃഷ്ടിച്ചതാരാണെന്ന് നീ അവരോട് ചോദിച്ചാൽ തീർച്ചയായും അവർ പറയും; പ്രതാപിയും സർവജ്ഞനുമായിട്ടുള്ളവനാണെന്ന്) ഏകനായ അല്ലാഹു; അവന് പങ്കുകാരില്ല. (പ്രതാപിയും) എല്ലാ സൃഷ്ടികളും അവന്റെ പ്രതാപത്തിന് കീഴൊതുങ്ങുന്നു. (സർവജ്ഞനും) എല്ലാ കാര്യങ്ങളുടെയും അകവും പുറവും ആദ്യവും അവസാനവും അറിയുന്നവൻ. ഇത് അവർ അംഗീകരിക്കുന്നുവെങ്കിൽ എങ്ങനെയാണവർ അവന് പങ്കുകാരനെയും ഇണയെയും മകനെയും നിശ്ചയിക്കുന്നത്? ജീവിപ്പിക്കുകയോ മരിപ്പിക്കുകയോ സൃഷ്ടിക്കുകയോ ഭക്ഷണം നൽകുകയോ ചെയ്യാത്തവരെ അവനിൽ പങ്കുചേർക്കുന്നതും എങ്ങനെയാണ്?

10). പിന്നീട് അല്ലാഹു പറയുന്നത്, അവന്റെ വിശാലമായ അനുഗ്രഹത്തെക്കുറിച്ചാണ്. ഉദ്ദേശിക്കുന്ന ഏതൊരു കാര്യത്തിനും സൗകര്യപ്പെട്ടവിധം ഭൂമിയെ തന്റെ ദാസന്മാർക്കായി സൃഷ്ടിക്കുകയും വിതാനിക്കുകയും ചെയ്തവൻെറ കഴിവിനെക്കുറിച്ച് ചൂണ്ടിക്കാണിച്ചുകൊണ്ട് അവൻെറ അനുഗ്രഹങ്ങളുടേയും ശക്തിയുടേയും തികഞ്ഞ സ്വഭാവത്തെ സൂചിപ്പിക്കുന്ന തെളിവുകൾ അല്ലാഹു പരാമർശിക്കുന്നു. (നിങ്ങൾക്കവിടെ പാതകളുണ്ടാക്കി) ചേർന്നു നിൽക്കുന്ന പർവതശൃംഖലകളെ മുറിച്ചുകടന്ന് അതിന്നപ്പുറത്തുള്ള ഭൂഖണ്ഡങ്ങളിലേക്കെത്താൻ കഴിയുന്ന വഴികൾ. (നിങ്ങൾ നേരായ മാർഗം കണ്ടെത്താൻ വേണ്ടി) വഴികളിലുള്ള സഞ്ചാരത്തിൽ പാഴായിപ്പോകാതിരിക്കാനും അതിൽനിന്ന് ഗുണപാഠമുൾക്കൊണ്ടു ചിന്തിച്ചും നേർവഴി പ്രാപിക്കാനും.

11). (ആകാശത്തുനിന്ന് ഒരു തോതനുസരിച്ച് വെള്ളം വർഷിപ്പിച്ചുതരികയും ചെയ്തവൻ) കൂട്ടുകയോ കുറക്കുകയോ ചെയ്യാതെ. ആവശ്യാനുസരണം ഉപകാരപ്പെടാത്തവിധം കുറയുകയോ നാടിനും മനുഷ്യനും ഉപദ്രവകരമാകുംവിധം കൂടുകയോ ചെയ്യാതെ. അതുമൂലം മനുഷ്യരെ അവൻ സഹായിച്ച് പ്രയാസങ്ങളിൽനിന്ന് നാടുകളെ രക്ഷിച്ചും. അതാണ് പറഞ്ഞത്: (എന്നിട്ട് അതുമൂലം നാം നിർജീവമായ രാജ്യത്തെ പുനരുജ്ജീവിപ്പിച്ചു) നിർജീവതക്കുശേഷം നാം അതിനെ ജീവനുള്ളതാക്കി. (അതുപോലെ തന്നെ നിങ്ങളും പുറത്തുകൊണ്ടുവരപ്പെടുന്നതാണ്) അടങ്ങിക്കിടക്കുന്ന നിർജീവ ഭൂമിയെ ജീവിപ്പിച്ചപോലെ. അപ്രകാരം ഖബ്ർ ജീവിതം പൂർണമായിക്കഴിഞ്ഞാൽ നിങ്ങളുടെ പ്രവർത്തനങ്ങൾക്ക് പ്രതിഫലം നൽകാൻ നിങ്ങളെയും അവൻ ജീവിപ്പിക്കും.

12) എല്ലാ ഇനങ്ങളിലും ഭൂമിയിൽ മുളച്ചുണ്ടാകുന്നവയിലും മനുഷ്യർക്കറിയാത്ത മറ്റു പലതിലും രാത്രി, പകൽ, ചൂട്, തണുപ്പ്, ആൺ, പെൺ... ഇവയല്ലാത്തതിലും. (കപ്പലുകളെ അവൻ നിങ്ങൾക്ക് ഏർപ്പെടുത്തിത്തന്നു) പായക്കപ്പലുകളും യന്ത്രക്കപ്പലുകളും. (നിങ്ങൾക്ക് സവാരി ചെയ്യാനുള്ള നാൽക്കാലികളും).

13). (അവയുടെ പുറത്ത് നിങ്ങൾ ഇരിപ്പുറപ്പിക്കാനും) കപ്പലുകളും നാൽക്കാലികളുടെ പുറങ്ങളും ഇതിൽ ഉൾപ്പെടും. അതായത് അവ യുടെ പുറത്ത് സുസ്ഥിരമാവാൻ. (എന്നിട്ട് നിങ്ങൾ അവിടെ ഇരിപ്പുറപ്പിച്ച് കഴിയുമ്പോൾ നിങ്ങളുടെ രക്ഷിതാവിന്റെ അനുഗ്രഹം നിങ്ങൾ ഓർമിക്കുവാനും) നിങ്ങൾക്കതിനെ കീഴ്പ്പെടുത്തിത്തന്നവന്റെ അനുഗ്രഹങ്ങൾ അംഗീകരിക്കുവാനും അതിന്റെ പേരിൽ അവനെ പുകഴ്ത്തുവാനും. അതാണ് പറഞ്ഞത്: (നിങ്ങൾ പറയുവാനുംവേണ്ടി, ഞങ്ങൾക്കുവേണ്ടി ഇതിനെ വിധേയമാക്കിത്തന്നവൻ എത്ര പരിശുദ്ധൻ, ഞങ്ങൾക്കതിനെ ഇണക്കുവാൻ കഴിയുമായിരുന്നില്ല. തീർച്ചയായും ഞങ്ങൾ ഞങ്ങളുടെ രക്ഷിതാവിങ്കലേക്ക് തിരിച്ചെത്തുന്നവർ തന്നെയാകുന്നു) അവൻ വിധേയമാക്കിത്തന്നില്ലെങ്കിൽ കപ്പലും നാൽക്കാലികളും വിധേയമാകുമായിരുന്നില്ല. ഞങ്ങൾക്കതിന് കഴിയുമായിരുന്നില്ല. എന്നാൽ അവന്റെ ഔദാര്യംകൊണ്ടും സ്നേഹംകൊണ്ടും അതിനെ വിധേയമാക്കുകയും സൗകര്യപ്രദമാക്കുകയും ചെയ്തു. ഈ പറഞ്ഞതിന്റെ ഉദ്ദേശ്യം; ഇവിടെ പരാമർശിച്ച അനുഗ്രഹങ്ങൾ നൽകിയ രക്ഷിതാവാണ് ആരാധനക്ക് അർഹൻ. അവനു വേണ്ടിയാണ് നമസ്കാരവും സുജൂദും അർപ്പിക്കേണ്ടത്.

കാഴ്ച



# ജനസംഖ്യാവര്‍ധനവും അനാവശ്യവിവാദങ്ങളും

ടി.കെ അശ്‌റഫ്
: 81118 07199

രാജ്യത്തെ ജനസംഖ്യയില്‍ മതാടിസ്ഥാനത്തില്‍ അസന്തുലിതാവസ്ഥ നിലനില്‍ക്കുന്നുവെന്നും അത് പരിഹരിക്കാന്‍ ജനസംഖ്യാനിയന്ത്രണം വേണമെന്നും ആര്‍എസ്എസ് തലവന്‍ മോഹന്‍ ഭഗവത് ഈയിടെ ആഹ്വാനം ചെയ്യുകയുണ്ടായി. ഹിന്ദുക്കള്‍ സമീപഭാവിയില്‍ ന്യൂനപക്ഷമായി മാറുമെന്നും മുസ്‌ലിംകളുടെ എണ്ണം ക്രമാതീതമായി വര്‍ധിക്കുകയാണെന്നുമുള്ള അടിസ്ഥാനരഹിതമായ പ്രചാരണം നേരത്തെ നടത്തിവരുന്നതിന്റെ തുടര്‍ച്ചയാണിത്. മതാടിസ്ഥാനത്തില്‍ ജനസംഖ്യാനിയന്ത്രണം നടപ്പിലാക്കാന്‍ നിയമനിര്‍മാണം വേണമെന്നതാണ് പുതിയ ആവശ്യം! ഇത് അങ്ങേയറ്റം വിഷലിപ്തവും ഇരുതല മൂര്‍ച്ചയുള്ളതുമാണ്.

'ആനമുട്ട താഴെ വീണാല്‍ പൊട്ടുമോ' എന്ന് ചോദിച്ചാല്‍ പൊട്ടുമെന്നും ഇല്ലെന്നുമുള്ള ചര്‍ച്ച നടക്കുകയും 'ആന മുട്ടയിടുമോ' എന്ന ചോദ്യം ആരും ചോദിക്കാതിരിക്കുകയും ചെയ്യുന്നത് സത്യത്തെ അവഗണിക്കലാണല്ലോ. ആന മുട്ടയിടുമെന്ന അസത്യത്തിന് ജനമനസ്സില്‍ ഇടം ലഭിച്ചു എന്നതാണ് ഈ ചര്‍ച്ചയുടെ ബാക്കിപത്രം. ഇതുപോലെ മുസ്‌ലിം ജനസംഖ്യ കൂടുന്നു, ഹിന്ദു ജനസംഖ്യ കുറയുന്നു എന്ന് പറയുമ്പോഴേക്കും അതിന്റെ കണക്കുദ്ധരിച്ചുള്ള മറുപടിയിലേക്കാണ് നാം വേഗം ശ്രദ്ധിക്കുന്നത്. ഇന്ത്യാരാജ്യത്ത് പൗരത്വമുള്ള ഏതെങ്കിലുമൊരു ജനവിഭാഗത്തിന്റെ എണ്ണം കൂടിയാല്‍ എന്താണ് പ്രശ്‌നം എന്ന അടിസ്ഥാന ചോദ്യത്തിലേക്ക് പലരും കടന്നുപോകാറില്ല.

എല്ലാ മതവിഭാഗങ്ങളും സ്‌നേഹവും സഹിഷ്ണുതയുമാണ് വിഭാവനം ചെയ്യുന്നത്. ഹിന്ദുക്കളും മുസ്‌ലിംകളും ഈ നാട്ടിലെ പൗരന്മാരാണ്. ആരും ആര്‍ക്കും ശത്രുക്കളല്ല. ഒരാളും മറ്റൊരാളുടെ വര്‍ധനവില്‍ ആശങ്കപ്പെടേണ്ടതുമില്ല. നമ്മുടെ പ്രതിജ്ഞയില്‍ ചൊല്ലുന്നതുപോലെ ഇന്ത്യക്കാരെല്ലാം പരസ്പരം സഹോദരീ സഹോദരങ്ങളാണ്. അതിനിടയില്‍ വിഭാഗീയത കുത്തിവെക്കുന്ന പ്രസ്താവനക്ക് കണക്കുദ്ധരിച്ച് മറുപടി പറയും മുമ്പ്, ഏതൊരു സമുദായവും ഇവിടെ ജീവിച്ചാല്‍ എന്താണ് പ്രശ്‌നം എന്ന മര്‍മപ്രധാനമായ ചോദ്യത്തിലേക്ക് ചര്‍ച്ചയെ തിരിച്ചുവിടണം.

പിന്നെ, പരമത വിദ്വേഷം ഊതിക്കത്തിച്ച് അപരനെ ശത്രുവായി പ്രതിഷ്ഠിച്ചുകൊണ്ട് വേട്ടയാടുന്നത് ഏതു മതത്തിന്റെ പേരിലായാലും അത്തരക്കാരെ മഹാഭൂരിപക്ഷമുള്ള സമാധാനവാദികള്‍ ഒറ്റപ്പെടുത്തുകയാണ് വേണ്ടത്. അതല്ലാതെ ആ സമുദായം തന്നെ നിലനിന്നുകൂടാ എന്ന നിലപാട് മനുഷ്യത്വ വിരുദ്ധമാണ്.

മുസ്‌ലിം ജനസംഖ്യ വര്‍ധിക്കുന്നുവെന്ന പ്രചാരണം അടിസ്ഥാനരഹിതമാണെന്ന് കണക്കുകള്‍ വ്യക്തമാക്കുന്നുണ്ട്. കേന്ദ്ര ആരോഗ്യമന്ത്രാലയം പുറത്തുവിട്ട 2019-21ലെ ദേശീയ കുടുംബാരോഗ്യ സര്‍വേയുടെ കണക്കുകള്‍ പ്രകാരം ഹിന്ദു മുസ്‌ലിം/സമുദായങ്ങളിലെ പ്രത്യുല്‍പാദന നിരക്ക് യഥാക്രമം 1.9ഉം 2.3ഉം ആണ്. വ്യത്യാസം വെറും 0.4 മാത്രമാണ്. മുസ്‌ലിം സമുദായത്തില്‍ 2015-16ല്‍ ഇത് 2.6 ആയിരുന്നു. 1992-93ല്‍ 4.4 ആയിരുന്നു. 20 വര്‍ഷങ്ങള്‍ക്കിടെ 41.2 ശതമാനത്തിന്റെ കുറവാണ് ഹിന്ദു സമുദായത്തില്‍ ഉണ്ടായതെങ്കില്‍ മുസ്‌ലിംകള്‍ക്കിടയില്‍ 46.5 ശതമാനമാണ് കുറവുണ്ടായത്. സെന്‍സസ് കണക്കുപ്രകാരം ഹിന്ദു ജനസംഖ്യാവര്‍ധനയില്‍ 3.1 ശതമാനത്തിന്റെ ഇടിവാണ് സംഭവിച്ചത്. എന്നാല്‍ മുസ്‌ലിം ജനസംഖ്യാവര്‍ധനവില്‍ 4.7 ശതമാനം ഇടിവാണ് ഉണ്ടായത്.

ഇനി ഈ കണക്ക് അടുത്ത സെന്‍സസില്‍ മാറിമറിഞ്ഞാലും (മുസ്‌ലിം ശതമാനം കൂടിയാലും) അതിനെ പ്രശ്‌നവല്‍ക്കരിക്കേണ്ടതില്ലെന്ന നിലപാടായിരിക്കണം മതേതര മുന്നണികള്‍ സ്വീകരിക്കേണ്ടത്. മുസ്‌ലിം ഭരണാധികാരികള്‍ നൂറ്റാണ്ടുകളോളം ഇന്ത്യ ഭരിച്ചിട്ടും അവര്‍ രാജ്യത്തെ മുസ്‌ലിം രാഷ്ട്രമാക്കിയില്ലെന്ന യാഥാര്‍ഥ്യത്തെ കണ്ടില്ലെന്ന് നടിച്ചുകൊണ്ട് ഏതെങ്കിലും മതവിഭാഗത്തിന്റെ എണ്ണം വര്‍ധിക്കുന്നത് അപരാധമാണെന്ന പൊതുബോധനിര്‍മിതിയിലേക്ക് ചര്‍ച്ച പോകരുത്. ജനസംഖ്യാ നിയന്ത്രണം കണിശമായി നടപ്പിലാക്കിയ ചൈനക്ക് അത് ഉപേക്ഷിച്ച് കൂടുതല്‍ കുട്ടികള്‍ ജനിക്കുന്നവര്‍ക്ക് പാരിതോഷികം പ്രഖ്യാപിക്കേണ്ടി വന്ന സാഹചര്യം എന്തായിരുന്നു എന്ന് പഠിക്കാന്‍ നാം തയ്യാറാകണം.




GET IT ON Google Play

Download on the App Store

പീസ് റേഡിയോക്കുള്ള താങ്കളുടെ ഓഹരി അയക്കാൻ

| | |
|---|---|
| A/C No. | **918010068641992** |
| A/C Name | WISDOM ISLAMIC ORGANIZATION COMMUNICATION WING |
| IFSC Code | UTIB0000136 |
| Bank | AXIS BANK LTD CALICUT BRANCH |

FOR RECEIPTS AND MORE DETAILS CONTACT:
+91 9746 95 0006 (WHATSAPP ONLY)

UPI ID fcbiztvnx4y@freecharge

റേഡിയോ ആപ്പിന്റെ ഹോം പേജിലെ **Donate** ബട്ടൺ പ്രസ് ചെയ്താൽ ലഭിക്കുന്ന വിൻഡോയിൽ നിന്നും **DONATE VIA UPI** എന്ന ഓപ്ഷൻ വഴി നേരിട്ട് പണമയക്കാനുള്ള പ്രത്യേക സംവിധാനം

Scan with any UPI App

BHIM UPI

GooglePay Paytm

RNI NO: KERMAL/2015/64152
Registered NO:
KL/CT/225/2022-24

Nerpatham Weekly
Published on
2022 OCTOBER 22

Licensed to post without prepayment:
No. KL/PMG/NR/WPP/67/KKD/2022-24
Price: ₹10/-


# പുറത്തിറങ്ങി...

60 രൂപയുടെ കൃതി ഇപ്പോൾ പകുതി വിലക്ക്

- അടിസ്ഥാനം കാഴ്ച തന്നെ!
- കണക്കിനെ അവലംബിക്കാമോ?
- എല്ലാ മാസവും നോക്കേണ്ടതുണ്ടോ?
- സൗദിയെ അടിസ്ഥാനമാക്കാമോ?

കോപ്പികൾക്ക് ബന്ധപ്പെടുക. : 73567 66478

